546

# രാജമല്ലി

എസ്. കെ.
പൊറ്റെക്കാട്

546

DARAKUZHI
GRANDHASALA

546

# ഗദ്യമേഖല

പ്രസാധകന്മാർ
**സാഹിത്യപ്രവത്തക സഹകരണ**
**സംഘം ലിമിറ്റഡ്**

[Malayalam]

# GADYAMEKHALA

(ESSAYS)

BY

S. K. POTTEKKAT


First Impression July 1949<br>
Second ,, November 1957


RIGHTS RESERVED


PRINTED AT THE INDIA PRESS, KOTTAYAM

Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

KOTTAYAM KERALA STATE

Re. 1·00

546

# ഗദ്യമേഖല

എസ്. കെ. പൊറ്റെക്കാട്ട്

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1.00

## എസ്. കെ. പൊറ്റെക്കാട്ടിന്റെ കൃതികൾ

| | |
|---|---|
| ഇന്നത്തെയൂറോപ്പ് | (യാത്രാവിവരണം) |
| ഇൻഡൊനേഷ്യൻ ഡയറി (2 ഭാഗങ്ങൾ) | ,, |
| മലയാനാട്ടുകളിൽ | ,, |
| സിംഹഭൂമി | ,, |
| നൈൽഡയറി | ,, |
| കാപ്പിരികളുടെ നാട്ടിൽ | ,, |
| സോവ്യറ്റ് ഡയറി (2 ഭാഗങ്ങൾ) | ,, |
| പാതിരാസൂര്യന്റെ നാട്ടിൽ | ,, |
| യാത്രാസ്മരണകൾ | ,, |
| കാഷ്മീർ | ,, |
| വിഷകന്യക | (നോവൽ) |
| മൂടുപടം | ,, |
| നാടൻപ്രേമം | ,, |
| പ്രേമശിക്ഷ | ,, |
| രാജമല്ലി | (കഥകൾ) |
| കള്ളിപ്പൂക്കൾ | ,, |
| വനകൗമുദി | ,, |
| പുള്ളിമാൻ | ,, |
| നിശാഗന്ധി | ,, |
| മേഘമാല | ,, |
| പത്മരാഗം | ,, |
| ജലതരംഗം | ,, |
| പൗർണ്ണമി | ,, |
| വൈജയന്തി | ,, |
| മണിമാളിക | ,, |
| ഇന്ദ്രനീലം | ,, |
| പ്രേതഭൂമി | ,, |
| രംഗമണ്ഡപം | ,, |
| യവനികയ്ക്കു പിന്നിൽ | ,, |
| ഹിമവാഹിനി | ,, |
| ചന്ദ്രകാന്തം | ,, |
| അച്ഛൻ | (നാടകം) |
| ഗദ്യമേഖല | (ലേഖനങ്ങൾ) |
| സഞ്ചാരിയുടെ ഗീതങ്ങൾ | (കവിതകൾ) |

S752 B525 50/57-58

546

## ഉള്ളടക്കം


| | |
|---|---|
| ജഹാംഗീറിൻെറ ശവകുടീരം | 7 |
| കാശ്മീർസ്റ്റേററുപ്രദശ്നം | 12 |
| മൈസൂരിലെ 'ചെഡ്ഢു' | 19 |
| ഓച്ചിറ പരബ്രഹ്മം | 27 |
| പല്ലനത്തോട്ട് | 31 |
| ശ്രീനാരായണഗുരുവിൻെറ പുണ്യസ്ഥലങ്ങൾ | 36 |
| സ്മരണാഞ്ജലി | 47 |
| നല്ലഭൂമി | 52 |

546

# ജഹാംഗീറിൻെറ ശവകുടീരം

അന്ന്—ആയിരത്തിത്തൊള്ളായിരത്തിനാല്പത്തഞ്ച സപ്തേമ്പർമാസത്തിലെ ഒരു മദ്ധ്യാഹ്നത്തിൽ—ഞാൻ 'ഷാദറ'യിൽ, ജഹാംഗീർ ചക്രവത്തിയുടെ ശവകുടീരത്തിൻെറ മുകൾത്തട്ടിലെ ദക്ഷിണഗോപുരത്തിൻെറ നാലാം നിലയിലിരുന്ന് പഴയ ചരിത്രസംഭവങ്ങളെ അയവിറക്കുകയായിരുന്നു. നീർവഞ്ചികളും മണൽത്തിട്ടുകളും നിറഞ്ഞ റാവിനദി കിഴക്കുഭാഗത്തു പ്രശോഭിക്കുന്നു. അപ്പുറം മദ്ധ്യാഹ്നശാന്തിയിൽ മുഴുകിനില്ക്കുന്ന ഗ്രാമങ്ങളും, ഒഴിഞ്ഞ പാടങ്ങളും, അങ്ങകലെ ഒരു മങ്ങലിൽ പൊങ്ങിക്കാണുന്ന ലാഹോർനഗരസൗധങ്ങളും അലസമായി നോക്കിക്കൊണ്ടിരുന്ന എൻെറ ചിന്തകൾ കഴിഞ്ഞ കാലഘട്ടങ്ങളുടെ താഴ്വരകളിൽ ശാന്തമായും സ്വതന്ത്രമായും മേഞ്ഞുകൊണ്ടിരുന്നു. എനിക്ക് ഉച്ചവിശ്രമം നല്കിയ ആ ഉത്തുംഗസൗധത്തിൽ മറ്റൊന്നും ചെയ്യാനില്ലായിരുന്നു

കഷ്ടം! രണ്ടുകൊല്ലത്തിന്നുശേഷം ആ നഗരവും പരിസരവും പടിഞ്ഞാറൻ പഞ്ചാബ്നാടും ഇന്ത്യയിൽനിന്നും ഛേദിക്കപ്പെട്ടുപോകുമെന്നോ, വീണ്ടുമവിടെ ചെല്ലണമെങ്കിൽ എനിക്കൊരു സർക്കാർ സമ്മതപത്രം വേണ്ടിവരുമെന്നോ, ആർക്കെങ്കിലും പ്രവചിക്കാൻ കഴിഞ്ഞിരുന്നുവോ?

പഴയ ലാഹോറിലെ, 'ബാദ്ഷാഹി മസ്ജിദ്ദി'ന്റെ മുകൾത്തട്ടിലെ ഒരറയിൽവച്ചു് ഒരു മൊല്ല എനിക്കു്, മുഹമ്മദ്നബി ധരിച്ചിരുന്ന ഒരു പഴയ തലപ്പാവു് കാണിച്ചുതന്ന രംഗം ഞാൻ മറക്കുകയില്ല. ആ അനർഘസ്മാരകം എന്നെ രോമാഞ്ചംകൊള്ളിച്ചു. അതു കാണുമ്പോൾ ഒരു മുസ്ലീമിന്റെ മതവികാരമെങ്ങനെയിരിക്കുമെന്നു് എനിക്കൂഹിക്കാൻ കഴിയും. പക്ഷേ, എന്നെ വികാരാധീനനാക്കിയതു്, മഹാനായ ഒരു ചരിത്രപുരുഷന്റെ സാന്നിദ്ധ്യപ്രതീതിയാണു്. ആയിരത്തിമുന്നൂറിൽപരം കൊല്ലങ്ങൾക്കുമുമ്പു് അറേബ്യൻമരുഭൂമിയിൽ, സമാധാനത്തിന്നുവേണ്ടി സമരംചെയ്തു്, സാഹോദര്യത്തിന്റെ പേരിൽ—സമാധാനത്തിന്റെ പേരിൽ—നൂതനമായ ഒരു ധർമ്മം സ്ഥാപിച്ച ഒരു മഹാത്മാവിന്റെ അംഗസ്പർശമേല്ക്കാൻ ഭാഗ്യംസിദ്ധിച്ച ആ തലപ്പാവു് ഒന്നു തൊട്ടപ്പോൾ മതത്തിന്നുംമീതെ നില്ക്കുന്ന മനുഷ്യത്വമാണു് എന്നിലുണർന്നതു്. അങ്ങനെ സമാധാനത്തിന്റെ പൊരുളിൽ തളിരിട്ടുനിന്ന ആ പരിശുദ്ധമായ മതത്തിന്റെ പേരിൽ പിൽക്കാലത്തു് നടന്ന കയ്യേററങ്ങളും കൊലപാതകങ്ങളും ആ മഹാത്മാവു് അറിഞ്ഞിരുന്നുവെങ്കിൽ! മതത്തെ മനുഷ്യരക്തംകൊണ്ടു് ഉദ്ധരിക്കാനും ശുദ്ധീകരിക്കാനും

വെമ്പുന്ന കൂട്ടരെ സഹതാപത്തോടെ നോക്കിക്കൊണ്ട്, മുഹമ്മദ്നബിയുടെ ആ പാവപ്പെട്ട തലപ്പാവ് ബാദ്ഷാഹി മസ്ജിദ്ദിൻെറ അറയിൽ ഇന്നും നിലകൊള്ളുന്നുണ്ടായിരിക്കണം...അത്തരം അസുഖകരങ്ങളായ ചിന്തകളെ വിട്ട്, ഞാൻ ജഹാംഗീറിൻെറ ശവകുടീരത്തിലേയ്ക്കു തന്നെ മടങ്ങട്ടെ.

നോക്കൂ, റാവിനദീതീരത്തിലെ അതിമനോഹരമായ ആ അരുണശിലാസൗധം! ജഹാംഗീർ ചക്രവർത്തി തന്റെ പ്രിയപ്പെട്ട നൂർജ്ജഹാന്റെ 'ദിൽക്കുഷോ'ദ്യാനത്തിൽ നിത്യനിദ്രകൊള്ളുന്ന ഉത്തുംഗനിലയം!

ആയിരത്തിഅറുന്നൂററിഇരുപത്തിയേഴിൽ, കാശ്മീരിൽനിന്ന് ലാഹോറിലേയ്ക്കു മടങ്ങുമ്പോൾ 'രാജൗരി'യിൽവച്ചു ജഹാംഗീർ ചക്രവർത്തി ചരമമടഞ്ഞു. മൃതദേഹം ലാഹോറിലേയ്ക്കു കൊണ്ടുവരികയും, നൂർജ്ജഹാന്റെ പ്രിയപ്പെട്ട പൂന്തോപ്പിൽ അതു് അടക്കംചെയ്യപ്പെടുകയുമാണുണ്ടായതു്. ഭാരതചക്രവർത്തിയും, തൻെറ വന്ദ്യപിതാവുമായ ജഹാംഗീറിന്ന് അനുയോജ്യമായ ഒരു ശവകുടീരം നിർമ്മിക്കാൻ ഷാജഹാൻ തീരുമാനിച്ചു. പത്തു വർഷംകൊണ്ട്, പത്തുലക്ഷം ഉറുപ്പിക ചെലവിന്മേലാണ് ഇതിൻെറ പണി പൂർത്തിയായതു്.

സമതലത്തിൽനിന്ന് ഉയർത്തിക്കെട്ടിയ ഒരു വിശാലമണ്ഡപത്തിലാണ് ഈ കെട്ടിടം നിലകൊള്ളുന്നതു്. നാലുവശത്തും കൊത്തുവേലകൾ നിറഞ്ഞ വെണ്ണക്കൽ ഭിത്തികളോടുകൂടിയ ഇടനാഴിയും, കമാനങ്ങളുമുണ്ട്. മുകളിലത്തെ നിലമുഴുവനും മിനുത്ത ശിലകൾ പതിച്ച ഒരു മണിമുററംപോലെ തോന്നും. ഈ നിലയിൽ ഓരോ

മൂലയ്ക്കും, തൊണ്ണൂററഞ്ചടി ഉയരത്തിൽ, നാലുനിലകളുള്ള ഓരോ ഗോപുരം പൊന്തിനില്ക്കുന്നു. ഗോപുരങ്ങളുടെ അററത്ത് ഓരോ വെൺകൽക്കുംഭവും കാണാം.

സൗധത്തിന്റെ ഒത്ത നടുവിൽ ഭീമാകൃതിയിലുള്ള ഒരു മാർബിൾക്കുംഭത്തിന്റെ കീഴിലാണ് ചക്രവത്തിയുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചിരിക്കുന്നത്. അഷ്ടഗോളാകൃതിയിലുള്ള ഈ ആച്ഛാദനത്തിന്റെ ഉള്ളിൽ ഇരുവശത്തും അറബിലിപിയിൽ ദൈവത്തിന്റെ തൊണ്ണൂറ്റിയൊൻപതു നാമങ്ങളും, ഒത്തമുകളിൽ ഒരു ഖുറാൻ വാക്യവും പകത്തിവച്ചിരിക്കുന്നു. താഴെ ശവസ്ഥാനത്തിന്നടുക്കൽ ഒരു വെണ്ണക്കൽപ്പലകയിൽ പേർഷ്യൻ ഭാഷയിൽ ഇങ്ങനെ എഴുതിവച്ചിരിക്കുന്നതും കാണാം.

"പൊന്നുതിരുമേനിയുടെ പ്രഭാപൂരം പരക്കുന്ന വിശ്രമരംഗം—മാപ്പിന്റെ അഭയസ്ഥാനം—നൂർ-ഉദ്ദീൻ മൊഹമ്മദ് ജഹാംഗീർ പാഷാ—ഹിജറ ആയിരത്തിമുപ്പത്തിയേഴ്."

തോട്ടത്തിലിരുന്നുകൊണ്ട് ആ കലാസൗധത്തെ നോക്കുംതോറും അതിന്റെ മാററ് കൂടിക്കൂടി വരുന്നതായിത്തോന്നും. മരണത്തേപ്പോലും മധുരതരമാക്കി മാററുന്ന ഒരത്ഭുതസ്മാരകം! ആ ശിലാഹർമ്മ്യത്തിന്റെ അജ്ഞാതഗംഭീരമായ കലാസ്വപ്നങ്ങളെ സദാ താലോലിക്കുന്ന ശാന്തിയും വിശാലതയുംചേന്ന പുറവുപാടുകൾ. ആ പരിസരം മുഴുവനും മരണത്തിന്റെ പുളകച്ഛാത്തിൽ മുഴുകിനില്ക്കുകയാണോ എന്നു തോന്നിപ്പോകും. ആ രാജകീയദമ്പതികളുടെ പ്രേമസ്വപ്നങ്ങൾപോലെ വെള്ളപ്പറവകൾ റാവീതീരത്തിലേയ്ക്കണയുന്നു. ആ പ്രേമമർമ്മരങ്ങളും,

നെടുവീർപ്പുകളും, നർമ്മസല്ലാപങ്ങളും ദിൽക്കുഷ്തോട്ടത്തിലെ അദൃശ്യസഞ്ചാരിയായ മന്ദമാരുതൻ മറന്നിരിക്കയില്ല. അവിടത്തെ ക്രൂറൻ തണൽമരങ്ങളും, വള്ളിക്കുടിലുകളും എന്തെല്ലാം പ്രേമരംഗങ്ങൾക്കു മറപിടിച്ചിട്ടുണ്ടായിരിക്കണം!

ആ ശിലാകുടീരത്തിന്നുമുകളിലൂടെ മൂന്നു ശതാബ്ദങ്ങൾ നിരങ്ങിപ്പോയിരിക്കുന്നു. ശിഖന്റെയും, വെള്ളക്കാരന്റെയും ആധിപത്യത്തിൻകീഴിലും അതു് അങ്ങനെ നിലനിന്നുപോന്നിരിക്കുന്നു. അതിന്നു് എപ്പോഴെങ്കിലും വല്ല അംഗവൈകല്യങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിൽ—വിധിവൈചിത്ര്യമെന്നുതന്നെ പറയട്ടെ—അതു പിണഞ്ഞതു മുസൽമാന്മാരുടെ കൈകൊണ്ടുതന്നെയാണു്. മഹാരാജാ റഞ്ജിററ്സിംഗ് ലാഹോർ ഭരിച്ചിരുന്നകാലത്തു്, ഈ വിശാലമായകെട്ടിടം റഞ്ജിററ്സിംഗിന്റെ ഒരുസേനാനിയായിരുന്ന ജനറൽ അമീസ് താമസിക്കാൻ ഉപയോഗപ്പെടുത്തി. അമീസിന്റെ മരണശേഷം, റഞ്ജിററ് സിംഗ് ഈ കെട്ടിടം, ദോസ്ത്മുഹമ്മദ്ഖാന്റെ സഹോദരനായ സുൽത്താൻ മുഹമ്മദിന്നു കൊടുത്തു. സുൽത്താൻമുഹമ്മദിന്റെ അഫ്ഘാൻ അനുചരന്മാരാണു് ഈ സൗധത്തിലെ ശില്പഫലകങ്ങൾ കുത്തിപ്പൊളിച്ചു്, നികത്താൻ കഴിയാത്ത നാശങ്ങൾ വരുത്തിയതു്.

സൗന്ദര്യത്തിൽ താജ്മഹളിനോടും, ഗാംഭീര്യത്തിൽ കുത്തബ്മിനാറിനോടും കൂട്ടിച്ചേർത്തു പറയാവുന്ന മറ്റൊരു അത്ഭുതസൗധം, ഷാദറയിലെ ഈ ജഹാംഗീറിന്റെ ശവകുടീരം മാത്രമാണു്—പാക്കിസ്ഥാന്നു കിട്ടിയ ഒരേഒരു മുകിലകലാനിധി.

# കാശ്മീർ സ്റ്റേററ് പ്രദർശനം*

കാശ്മീരിനെപ്പററി കേൾക്കുമ്പോൾ, ഹിമാവൃതങ്ങളായ ശൈലപംക്തികളും, നീലജലാശയങ്ങളും, സങ്കീർണ്ണവർണ്ണോജ്ജ്വലങ്ങളായ പൂങ്കാവനങ്ങളും പൈൻമരങ്ങൾ തിങ്ങിയ മലയോരങ്ങളും മററുമാണല്ലോ സാധാരണയായി നമ്മുടെ മനസ്സിലുദിക്കുന്ന കാഴ്ചകൾ. ഇന്ന് ആ മനോഹരമായ ഹിമാലയതാഴ്വാരം മുഴുവനും അയൽപക്കക്കാരായ കൊള്ളക്കാരുടെ സംഹാരതാണ്ഡവംകൊണ്ടു രക്തപങ്കിലമായിത്തീർന്നിരിക്കയാണ്. സ്വതവേ ചെമ്മരിയാടുകളെപ്പോലെ ശാന്തശീലരായ കാശ്മീരികൾ, ആത്മരക്ഷയ്ക്കുവേണ്ടി അണിനിരന്നു തിരിഞ്ഞു പൊരുതിക്കൊണ്ടിരിക്കയാണ്. അവരുടെ ഉത്സവങ്ങളും പാട്ടുകളും, സമരസന്നാഹത്തിൽ മുടങ്ങിക്കിടക്കുന്നു. അതോടൊപ്പം, ശ്രീനഗറിൽ കൊല്ലംതോറും നടത്തിവരാറുള്ള സ്റ്റേററ് പ്രദർശനവും നിർത്തൽചെയ്യപ്പെട്ടിരിക്കയാണെന്നറിയുന്നു.

സമാധാനകാലത്ത്, ആ സ്റ്റേററ് പ്രദർശനം സന്ദർശിച്ചതിൻെറ സ്മരണകൾ, കാശ്മീരിലെ മഞ്ഞണിഞ്ഞ മലനിരകളോടൊപ്പം ഇപ്പോഴും എൻെറ മനസ്സിൽ തെളിഞ്ഞു വിളയാടിക്കൊണ്ടിരിക്കുന്നു.

ജനങ്ങളുടെ സഹകരണത്തോടുകൂടി, ഗവമ്മേണ്ടിൻെറ നിയന്ത്രണത്തിൽ, കൊല്ലംതോറും ശ്രീനഗരത്തിൽ വെച്ചു നടത്തിവരുന്ന ഒരു മഹോത്സവമാണ് ഈ

---

* 1948-ൽ എഴുതിയതു്.

'സ്റ്റേററ് പ്രദൎശനം.' കാശ്മീരിൽവരുന്ന സന്ദൎശകന്മാരെ മാത്രമല്ല, ഹിന്തുസ്ഥാനത്തിലെ അനേകം വ്യാപാരികളേയും ഈ പ്രദൎശനം ആകൎഷിക്കാറുണ്ട്.

പ്രകൃതിയിലെ സൗന്ദൎയ്യസമ്പത്തുകൊണ്ടുമാത്രം ഒരു ജനതയ്ക്കു ജീവിക്കാവുന്നതല്ലല്ലോ. കാശ്മീർതാഴ്വാരം ഏററവും ഫലഭൂയിഷ്ഠമായ പ്രദേശമാണെങ്കിലും ആണ്ടിൽ ആറുമാസക്കാലവും മഞ്ഞുമൂടിക്കിടക്കുന്നതുകൊണ്ട് കൃഷി ചെയ്യാൻ സാധിക്കാതെ, ജനങ്ങൾ തങ്ങളുടെ മരക്കുടിലുകളിലും തോണിവീടുകളിലും അടച്ചിരിക്കാൻ നിൎബന്ധിതരായിത്തീരുന്നു. ആ കാലമത്രയും അലസരായിരിക്കാതെ, അവർ പലതരം കൈവേലകൾ ചെയ്തുകൊണ്ടിരിക്കും; നല്ല ക്ഷമയും സമയദൈൎഘ്യവും ആവശ്യമായ കൈവേലകൾ. 'നംദാ' (നിലത്തു വിരിക്കാനും ഇരിക്കാനും ഉപയോഗിക്കുന്ന, ചിത്രപ്പണികളോടുകൂടിയ ഒരുതരം രോമപടങ്ങൾ), കമ്പിളി, പരവതാനി, മേജോടി, കൈയുറ മുതലായവ നെയ്തുണ്ടാക്കുക; കടലാസ്സുപൾപ്പുകൊണ്ടു പലതരം ഉപകരണങ്ങളും, കളിക്കോപ്പുകളും നിൎമ്മിക്കുക; മരസ്സാമാനങ്ങളിൽ പലമാതിരി കൊത്തുവേലകൾ ചെയ്യുക; ചൂരൽക്കൊട്ടകൾ മടയുക; ചൂരൽകൊണ്ടുള്ള കാങ്ടി (ഒരുതരം ചെറിയ നെരിപ്പോടു) കൾ ഉണ്ടാക്കുക; വെള്ളിപ്പാത്രങ്ങളിലും പിത്തളപ്പാത്രങ്ങളിലും വിചിത്രമായ കൊത്തുവേലകൾ ചെയ്യുക; പുഴക്കരയിലെ വൎണ്ണശിലകൾ പെറുക്കിക്കൊണ്ടുവന്നു തേച്ചുമിനുക്കി മാലക്കല്ലുകളും മോതിരക്കല്ലുകളും കൎണ്ണാഭരണങ്ങളും മററും പണിയുക; അങ്ങനെ പല തൊഴിലുകളിലും കുടുംബം മുഴുവനും വ്യാപൃതരായിരിക്കും. അങ്ങനെ പ്രകൃതി വിധിച്ച

തടവുശിക്ഷ അവർ മറെറാരു പ്രകാരത്തിൽ അനുഗ്രഹമാക്കിത്തീർക്കുന്നു. അവരുടെ കൈവേലകളുടെ കൗതുകഫലങ്ങൾ സ്റ്റേററ് പ്രദർശന സ്റ്റാളുകളിൽ നിരത്തിവെച്ചിരിക്കുന്നതു കാണാം.

മററു കാലങ്ങളിലും കാശ്മീരിസ്ത്രീകൾ കുടിലുകളിൽ പല കൈത്തൊഴിലുകളും ചെയ്തുകൊണ്ടിരിക്കും. പെണ്ണുങ്ങൾ, മരക്കുടിലുകളുടെ പ്രാന്തയിലിരുന്നു റാട്ട ചുററിക്കൊണ്ടിരിക്കുന്നതു് ഒരു സാധാരണ കാഴ്ചയാണു്. തങ്ങൾക്കാവശ്യമുള്ള കുപ്പായങ്ങളും തട്ടങ്ങളും മററും അവരവർ വീട്ടിൽ വെച്ചുതന്നെ നെയ്തുണ്ടാക്കുന്നു. ഭക്ഷണത്തിന്നും വസ്ത്രത്തിന്നും അവർ മറുനാട്ടുകാരെ തീരെ ആശ്രയിക്കുന്നില്ലെന്നുതന്നെ പറയാം. പക്ഷെ, സ്റ്റേററിൻെറ സാമ്പത്തികനില നന്നാകണമെങ്കിൽ, അവരുടെ ഇത്തരം കൈത്തൊഴിൽവസ്തുക്കൾക്കു പുറംനാട്ടുകളിൽ പ്രചാരം വരുത്തിയേ കഴിയൂ. ഗവമ്മേണ്ടിൻെറ ഖജാന, സന്ദർശകന്മാരുടെ പണസ്സഞ്ചിയെ ആശ്രയിച്ചാണു് നിലകൊള്ളുന്നതു്. മറെറാരു വരവിനം വനവിഭവങ്ങളിൽനിന്നാണു്. കേൾവികേട്ട പലതരം മരത്തടികൾക്കു പുറമെ, മൃഗങ്ങളുടെ തോൽ, വാൽ, കൊമ്പു്, ദന്തം മുതലായവയും, കസ്തൂരിയും, കന്മദവും, കുന്തുരുക്കവും, അരക്കും, തേനും, മെഴുവും, ധാതുക്കളും, പച്ചമരുന്നുകളും ഇവിടത്തെ മഹാവനങ്ങളിൽ മറഞ്ഞുകിടക്കുന്നുണ്ടു്. ചൂരലും മുളയും സമൃദ്ധമായി വളരുന്നു. ലക്ഷക്കണക്കിൽ ഫലവൃക്ഷങ്ങൾ, കുങ്കുമപ്പൂക്കൾ ഇവയും. ഇവയെല്ലാം ശേഖരിച്ചു്, തങ്ങളുടെ കലാപരമായ കഴിവുകളും കൂട്ടിക്കലർത്തി, കൗതുകവസ്തുക്കളാക്കി മാററി, അവർ സന്ദർശകരെ പ്രലോഭിപ്പിക്കുന്നു.

ഇത്തരം വസ്തുക്കളുടെ വലിയൊരു പ്രദർശനശാലയാണ് ഗവമ്മേണ്ട് ഏർപ്പെടുത്തിയിരിക്കുന്നത്. അവയെ പ്രദർശിപ്പിക്കാൻ മാത്രമല്ല, അവയുടെ നിർമ്മാണരീതികൾ നമുക്കു മനസ്സിലാക്കിത്തരാനും അവിടെ ഏപ്പാടുചെയ്തിട്ടുണ്ട്. കാശ്മീരിൻെറ അപ്രതിമമായ പ്രകൃതിസൗന്ദര്യത്തിൻെറ പിറകിൽ മറഞ്ഞുകിടക്കുന്ന വിഭവസമൃദ്ധിയെ ആവിഷ്കരിച്ചും സംസ്കരിച്ചും, ആകർഷകമായ വിധത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നതു കണ്ടാൽ എന്തെങ്കിലും വാങ്ങാതെ കടന്നുപോകുവാൻ മനസ്സുവരികയില്ല. അതുതന്നെയാണല്ലൊ പ്രദർശനത്തിൻെറ ഉദ്ദേശ്യവും.

സാധാരണയായി, ആഗസ്റ്റ്മാസം മുതല്ക്ക് രണ്ടുമാസത്തോളം പ്രദർശനം തുറന്നിരിക്കും. ശ്രീനഗരിന്റെ മദ്ധ്യത്തിൽ, അമീറാകദളിൻേറയും കോതിബാഗിൻേറയും ഇടയിലുള്ള വിശാലമായ മൈതാനത്തിലാണ് പ്രദർശനം വക കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. സ്ഥിരം കെട്ടിടങ്ങളോടനുബന്ധിച്ചു, പുതിയ സ്റ്റാളുകൾ ഉണ്ടാവുകയും ചെയ്യും. പടൻ പന്തലിച്ചുനില്ക്കുന്ന ക്രുററൻ ചേനാർമരങ്ങളെ ചുററിക്കൊണ്ടും പട്ടുകുട നിവർത്തിപ്പിടിപ്പിച്ച പൂമരങ്ങളുടെകീഴിൽ ഒറ്റപ്പെട്ടും, പൂങ്കാവനങ്ങൾക്കിടയിൽ പതുങ്ങിയും, മൈതാനത്തിന്റെ കരയിൽ വരിവരിയായും നിലകൊള്ളുന്ന വിചിത്രാകൃതിയിലുള്ള സ്റ്റാളുകൾതന്നേയും, ഒരുതരം പ്രദർശനവസ്തുക്കളായി നമുക്കു തോന്നിപ്പോകും.

കൃഷി, ഉദ്യാനനിർമ്മാണം (പൂക്കൾ വളർത്തി വില്ക്കുന്നതു് കാശ്മീരിൽ ആദായകരമായ ഒരേപ്പാടാണ്.) കന്നുകാലിവളർത്തൽ, പട്ടുനൂൽപ്പുഴവളർത്തൽ, പട്ടുനെയ്ത്തു്,

മത്സ്യംവളർത്തൽ, ധാതുദ്രവ്യങ്ങൾ അരിച്ചെടുക്കുന്ന വിദ്യ, വനവൃക്ഷങ്ങൾ, വനവിഭവങ്ങൾ, ഭൂഗർഭശാസ്ത്രം, ചരിത്രം, വിദ്യാഭ്യാസം, മരസ്സാമാനങ്ങളിലുള്ള കൊത്തുവേലകൾ, ലോഹഭാജനങ്ങളിലുള്ള കൊത്തുവേലകൾ, വസ്ത്രനിർമ്മാണം, കംബളനിർമ്മാണം, ആഭരണങ്ങൾ, ചായപ്പണികൾ, ഇങ്ങനെ അനേകം വകുപ്പുകളായി പ്രദർശനം വിഭജിക്കപ്പെട്ടിരിക്കുന്നു. കാശ്മീരിലെ കൃഷി-കൈത്തൊഴിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ മാത്രമല്ല, ഇവിടത്തെ അക്ഷരജ്ഞാനമില്ലാത്ത ജനസാമാന്യത്തിന് അത്തരം കാര്യങ്ങളിൽ പുതിയ അറിവുകൾ നല്കാനും കൂടി ഈ സ്ഥാപനം ഉപകരിക്കുന്നുണ്ട്.

ഇവയ്ക്കുപുറമെ, കാശ്മീരിൻെറ പൂർവ്വചരിത്രപരമായ പല രേഖകളും, നൂററാണ്ടുകളുടെ പഴക്കംചെന്ന ഗ്രന്ഥങ്ങളും അവിടെ, ആകർഷകങ്ങളായ സംവിധാനങ്ങളോടുകൂടി കാഴ്ചയ്ക്കുവെച്ചിരിക്കുന്നു. കാശ്മീരിലെ ഒന്നാംകിട ചിത്രകാരൻ വരച്ച ചിത്രങ്ങൾ ഒരു പ്രത്യേകസ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കുന്നു.

വിനോദങ്ങൾക്കും കുറവില്ല. കാശ്മീരിലെ നാടോടിപ്പാട്ടുകളും, നൃത്തവിശേഷങ്ങളും മററും നിത്യേന ഉണ്ടായിക്കൊണ്ടിരിക്കും. കാശ്മീർപ്രാന്തങ്ങളിലെ വിശേഷപ്പെട്ട പർവ്വതക്കാഴ്ചകളും മററും സ്ലൈഡുകളിൽ പകർത്തി തിരശ്ശീലമേൽ പ്രദർശിപ്പിക്കുന്നതു കാണാം. ചുരുക്കിപ്പറഞ്ഞാൽ, കാശ്മീരിൻെറ മണ്ണിൽ പിറന്ന വസ്തുക്കളും, സകല കലാവിഭാഗങ്ങളും, ആ പ്രദർശനാലയത്തിൽ സമ്മേളിക്കുന്നുണ്ട്.

ഒരു ചെറിയ ഓടക്കുഴലിൽ കൊള്ളിക്കാൻ കഴിയുന്ന പതിനെട്ടുമുഴം നീളമുള്ള കച്ചത്തുണിയെപ്പററി നാം കേട്ടിട്ടല്ലേയുള്ളു. എന്നാൽ അത്രതന്നെ നീളംവരുന്ന ഒരു പഴയ പട്ട്, ഒരോടക്കുഴലിൽ ഒതുക്കിവെച്ചിരിക്കുന്നതു്, അവിടെ ഈ ലേഖകൻ കാണുകയുണ്ടായി.

ഹിന്തുസ്ഥാനത്തിൽനിന്ന് ഒട്ടേറെ വ്യാപാരികൾ, ഈ പ്രദർശനത്തിൽനിന്നു ചരക്കുകൾ തിരഞ്ഞെടുത്തു വാങ്ങിക്കൊണ്ടുപോയി വിററു ധാരാളം പണം സമ്പാദിച്ചുവരുന്നുണ്ടു്. യാർഖണ്ഡ്, തിബത്ത്, ചൈനീസ്ടർക്കിസ്ഥാൻ മുതലായ ദൂരസ്ഥലങ്ങളിൽനിന്നു വ്യാപാരികൾ തങ്ങളുടെ ചരക്കുകൾ (പട്ട്, കല്ലുകൾ, ധാതുക്കൾ മുതലായവ) പ്രദർശിപ്പിക്കാനും വില്ക്കാനും ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്തിവരുന്നുണ്ടു്.

കേരളത്തിൽ, പല സ്വദേശിപ്രദർശനങ്ങളും, നടന്നിട്ടുണ്ടല്ലോ. എന്നാൽ അവ മിക്കപ്പോഴും 'സോപ്പ്-ചീപ്പ്-കണ്ണാടി-വള'കളും, കുപ്പിമരുന്നുകളും നിറഞ്ഞ ഒരു ചന്തയായി പരിണമിക്കുകയാണു് പതിവ്. അത്തരം ചന്തകൾ മറുനാട്ടുകാരെ ആകർഷിക്കാൻ പര്യാപ്തമായിത്തീരുന്നില്ലാ. കേരളം സന്ദർശിക്കാൻവേണ്ടി മാത്രം മറുനാട്ടുകളിൽനിന്നു ആളുകൾ വരുന്ന പതിവു ചുരുങ്ങും. കേരളീയർ പ്രചരണകലയിൽ വളരെ പിന്നോക്കമാണെന്നു പറയാതെ നിവൃത്തിയില്ലാ. ഐക്യകേരളം വന്നാൽ, നമ്മുടെ നിലനില്പിനുവേണ്ടി നമുക്കു നമ്മുടെ കൈത്തൊഴിൽ ഫലങ്ങളേയും, വിഭവങ്ങളേയും മറുനാട്ടുകളിൽ പ്രചരിപ്പിച്ചു് പുതിയ ധനാഗമമാർഗ്ഗങ്ങൾ തുറന്നുവിടാതെ നിർവ്വാഹമില്ല. മറുനാട്ടുകാരെ ഇങ്ങോട്ടാകർഷിച്ചും, നമ്മുടെ

കരകൗശലംതെളിഞ്ഞ ഉപകരണങ്ങളും മററും അവക്കു കാട്ടിക്കൊടുത്തും കേരളത്തിന്റെ മുദ്ര പതിഞ്ഞ കലാവസ്തുക്കൾക്കു മറുനാട്ടുകളിൽ മതിപ്പുണ്ടാക്കിത്തീക്കാൻ നമ്മൾ ഇപ്പോൾത്തന്നെ പരിശ്രമം തുടങ്ങേണ്ടിയിരിക്കുന്നു. അത്തരം പ്രദർശനങ്ങൾ ഒരു ദേശീയോത്സവംപോലെ കൊല്ലംതോറും കൊണ്ടാടണം. അതിന്നുവേണ്ടി, ഒരു പ്രത്യേക സ്ഥാപനംതന്നെ ഏപ്പെടുത്തുവാൻ കേരളീയർ തയ്യാറാകണം.

# മൈസൂരിലെ 'ഖെഡ്ഡ'*

'ഖെഡ്ഡാ'പ്രവർത്തനങ്ങൾക്കുള്ള സ്ഥലം, മൈസൂരിൽ, മലബാർ അതിർത്തിയിൽനിന്ന് അഞ്ചാറുനാഴിക അകലെ മാനന്തവാടി–മൈസൂർ റോഡിലുള്ള ഖാരാപ്പൂരിലെ കാക്കൻകോട്ട് കാട്ടുകളാണ്.

തലശ്ശേരിയിൽനിന്നു ഒരു ജീപ്പിൽ, മാനന്തവാടിവഴി ഡിസംബർ 31-ാംനു- പുലർച്ചെ ആറുമണിക്കു ഞങ്ങൾ കാക്കൻകോട്ട് ചെന്നുചേർന്നു. അവിടെ നിരത്തിന്റെ ഇരുവശത്തും, ഖെഡ്ഡാപ്രവർത്തനങ്ങൾക്കുള്ള സാമഗ്രികൾ ശേഖരിച്ചുവെച്ച ഷെഡ്ഡുകളും, പട്ടാളക്യാമ്പുകളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുവക ചില ആപ്പീസുകളും ഉണ്ടായിരുന്നു. പിന്നേയും ഒരു മൈൽ ചെന്നപ്പോൾ ആനവേലികൾ കണ്ടുതുടങ്ങി.

കാട്ടാനകൾക്കു പററിയ വിഹാരരംഗങ്ങളാണ് കാക്കൻകോട്ട് വനങ്ങൾ. റോഡിൽനിന്നു കുറച്ചകലെ തെക്കുഭാഗത്ത് കപിലാനദി വളഞ്ഞൊഴുകുന്നു. നദിക്കപ്പുറം വൻകാട്ടുകളാണ്. നദിയുടേയും നിരത്തിന്റേയും ഇടയിൽ കിടക്കുന്ന സ്ഥലത്താണ് ആനവേലികളും, വളപ്പും (Enclosure) ആനക്കൂട്ടം മററും കെട്ടിയുറപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ രണ്ടുദിവസങ്ങളിലെ ഖെഡ്ഡാപ്രവർത്തനങ്ങൾക്കും, പൊതുജനങ്ങൾക്കു പ്രവേശം നിഷേധിച്ചിരു

*1949-ൽ നടത്തിയ ഖെഡ്ഡ

ന്നതുകൊണ്ടു് ഒടുവിലത്തെ ദിവസത്തെ കാട്ടാനപ്പിടുത്തം കാണ്മാൻ മൈസൂരിൽനിന്നു് സ്പെഷൽ ബസ്സുകളിലും, കാറുകളിലും, ലോറികളിലും ആയിരക്കണക്കിൽ ജനങ്ങൾ ഖാരാപ്പൂരിൽ വന്നു നിറഞ്ഞുകൊണ്ടിരുന്നു. ആനക്കാർ മുസ്സൽമാന്മാരാണു്. വെള്ളിയാഴ്ചയായതുകൊണ്ടു് അവരുടെ ജുമാനിസ്കാരത്തിനുശേഷമേ ആനകളെ തെളിക്കുകയുള്ളു എന്നു് അറിഞ്ഞതുകൊണ്ടു, ഞങ്ങൾ ആ സ്ഥലമെല്ലാം ഒന്നു ചുററിനടന്നു കാണ്മാൻ തീർച്ചപ്പെടുത്തി.

നദിയുടെ ഇങ്ങേക്കരയിൽ, ഏതാണ്ടു് ഒന്നരമൈൽ നീളത്തിൽ, കൂററൻ മരത്തടികൾ ഇണച്ചുചേർത്തു് ആഴത്തിൽ കുഴിച്ചിട്ടു് കമ്പകൊണ്ടു വരിഞ്ഞുകെട്ടിയ വമ്പിച്ച വേലി നെടുനീളെ കിടക്കുന്നു. ഈ വേലിക്കു രണ്ടു പഴുതുകളാണുള്ളതു്. ഒന്നു് വളപ്പിന്നകത്തേയ്ക്കും, മറേറതു് കൂട്ടിലേയ്ക്കും തുറന്നുകിടക്കുന്നു. ആ പ്രവേശനദ്വാരങ്ങളെ താഴ്ത്തി അടച്ചുകളയത്തക്കവണ്ണം അവിടെ കനത്ത മരത്തടികൊണ്ടു കെട്ടിയുറപ്പിച്ച കൂററൻ വാതിലുകളും ഘടിപ്പിച്ചുവെച്ചിരിക്കുന്നു.

ഏതാണ്ടു് വൃത്താകൃതിയിൽ പത്തേക്കർ വിസ്താരത്തിൽ കിടക്കുന്ന ഒരു മുളങ്കാടാണു് വളപ്പു്. വളപ്പിൻെറ ചുററുപാടും മുൻപറഞ്ഞപോലെ ഉറപ്പുള്ള വേലിയും മീതെ പത്തടി വീതിയും അടിയിലേയ്ക്കു വിസ്താരം കുറഞ്ഞു്, ആനക്കുഴിപോലുള്ള എട്ടടി ആഴമുള്ള കിടങ്ങുകളും ഉണ്ടാക്കിവെച്ചിരിക്കുന്നു. ആനകളെ കയർകൊണ്ടു ബന്ധിക്കുന്നതിന്നു കൂട്ടിലേയ്ക്കു (Roping Stockade)കടത്തിവിടുന്നതിന്നു മുമ്പു്, അവയെ തടങ്ങലിൽവെക്കുന്ന ഒരു തടങ്ങൽക്യാമ്പാണു് ഈ വളപ്പു്. ഒന്നുരണ്ടുദിവസം

കാട്ടാനകളെ ഈ ക്യാമ്പിൽ പട്ടിണിയിട്ടു പതംവരുത്തിയതിന്നുശേഷമേ, അവയെ കൂട്ടിന്നകത്തേയ്ക്കു തെളിക്കുകയുള്ളു. ഞങ്ങൾ ആ തടങ്ങൽപ്പുള്ളികളെ കാണാൻ വളപ്പിന്റെ കിടങ്ങിന്നരികെ ചെന്നുനിന്നു. അപ്പോൾ അവിടെ പത്തൊമ്പതു് ആനകൾ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ രണ്ടു ചെറിയ ആനക്കുട്ടികളും. ഒരു കൂററൻകൊമ്പന്റെ നേതൃത്വത്തിൽ ആ കാട്ടാനകൾ ഒന്നിനു പിറകെ മറെറാന്നായി, ചെവിയാട്ടിക്കൊണ്ടു വിഷാദഭാവത്തിൽ നിശ്ശബ്ദം നിരങ്ങിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ അവ, മുമ്പിലെ വേലിക്കും കിടങ്ങിന്നും അപ്പുറത്തു കാണുന്ന നദിയേയും തങ്ങളുടെ സ്വാതന്ത്ര്യസാമ്രാജ്യമായിരുന്ന ആ വൻകാടിനേയും നോക്കി ദയനീയമായി നെടുവീർപ്പിടുകയും ചെയ്യുന്നുമുണ്ടായിരുന്നു. ക്രൂരനും, കൗശലക്കാരനും, തങ്ങളെക്കാൾ ബലവാനുമായ മനുഷ്യന്റെ വലയിൽ കുടുങ്ങിക്കഴിഞ്ഞുവെന്നു് ആ മുതിന്ന ആനകൾക്കു മനസ്സിലായിട്ടുണ്ടെങ്കിലും, ആ കിടാങ്ങൾ ഒന്നും അറിയാതെ പല ബാലചാപല്യങ്ങളുംകാട്ടി ചാടിനടക്കുകയാണു്. പറയത്തക്ക തീററിയോ വെള്ളമോ കിട്ടാതെ, വീര്യം നശിച്ച ആ ഗജവീരന്മാർ അവിടെക്കിടന്നുഴലുകയാണു്. തീരെ വെള്ളംകുടിക്കാൻ കിട്ടാതെ അവ ചത്തു് നഷ്ടംപററാതിരിപ്പാൻ, പുഴയിൽനിന്നു കുറേശ്ശ വെള്ളം വളപ്പിലെ ഒരു കുഴിയിലേക്കു പമ്പുചെയ്തുകൊടുക്കാനുള്ള ഏർപ്പാടും അവിടെ ഉണ്ടായിരുന്നു.

ഖാരാപ്പൂരിലെ മറെറാരു കാട്ടിൽ, ഖെഡ്ഡാ ഉൽഘാടനദിവസം പിടികിട്ടിയ ആനകളിൽ അഞ്ചെണ്ണത്തിനെ മരത്തിൽ തളച്ചിട്ടിരിക്കുന്നതും ഞങ്ങൾ ചെന്നു കണ്ടു.

കഴുത്തിൽ ചളിമ്പുകയർകുടുക്കി, പിൻകാലും ബന്ധിച്ച്, നിരങ്ങാൻപോലും കഴിയാതെയാക്കിവിട്ട ആ മൃഗങ്ങൾ മുമ്പിൽ കൂട്ടിയിട്ട ചുള്ളിക്കമ്പുകൾ ചവച്ചുകൊണ്ടു നില്ക്കുന്ന ദയനീയമായ കാഴ്ച മറക്കാൻ കഴികയില്ല.

നേരം രണ്ടുമണിയായി. ജനങ്ങൾ പുഴക്കരെയിലെ വേലിയുടെ പിറകിൽ തിങ്ങിക്കൂടിത്തുടങ്ങി. നദിയുടെ ഇങ്ങേക്കരയിൽ, മുളങ്കൂട്ടംനിറഞ്ഞ ചെങ്കുത്തായ മതിലിന്റെ പിറകിൽ, മഹാരാജാവിന്ന് ആനപിടുത്തം കാണാൻ ഒരു മണ്ഡപം ഉണ്ടാക്കിവെച്ചിരുന്നു. മഹാരാജാവിന്റെയും പരിവാരങ്ങളുടെയും മാന്യാതിഥികളുടെയും ഉപയോഗം കഴിഞ്ഞിരുന്നതുകൊണ്ട്, പൊതുജനങ്ങൾ ആ സ്ഥലം കരസ്ഥമാക്കി. ഞങ്ങളും അവിടെ പററിക്കൂടി. ആ പ്ലാററുഫാറത്തിൽ നിന്നാൽ ഏററവും നല്ല കാഴ്ചയാണു ലഭിക്കുക. ഒന്നരമൈൽ നീളത്തിൽ വളഞ്ഞൊഴുകുന്ന നദിയും, മറുകരയിലെ മഹാവനവും, ആ വനത്തിൽനിന്ന് നദിയിലേയ്ക്കു പ്രകൃതിതന്നെ നിർമ്മിച്ച അർദ്ധചന്ദ്രാകൃതിയിലുള്ള ഒരു തുരുത്തും പൂർണ്ണമായി കാണാം. ആനക്കൂട്ടം കാട്ടിൽനിന്നിറങ്ങിവരുന്നതു മുതൽ വളപ്പിന്നകത്തേയ്ക്കു പ്രവേശിക്കുന്നതുവരെയുള്ള കാഴ്ച മുഴവനും നിന്നുകാണാവുന്ന ഒരു മർമ്മസ്ഥാനം ഇതുമാത്രമാണ്.

ഖെഡ്ഡാപ്രവർത്തനങ്ങൾ ഫിലിംചെയ്യാൻ വന്ന അമേരിക്കക്കാർ, ക്യാമറയുമായി, നദിയുടെ മറുകരയിൽ തള്ളിനില്ക്കുന്ന തുരുത്തിലെ ഒരു കൂററൻമരത്തിന്റെ മുകളിൽ ഏർപ്പാടുചെയ്ത ഏറുമാടത്തിൽ സ്ഥലംപിടിച്ചു. പുറത്ത് പാപ്പാന്മാരെ കയററിയ മൂന്നു 'കുങ്കി'(പട്ടാന)

കരം നദിയുടെ മുകൾഭാഗത്തു്, വെള്ളത്തിലും കരയിലു മായി കാവൽനിന്നു.

ആ വൻകാട്ടിലേയ്ക്കു ദൃഷ്ടിപതിപ്പിച്ചുകൊണ്ടു് ഞ ങ്ങൾ അക്ഷമരായി കാത്തിരുന്നു. കരിമ്പും ധാന്യങ്ങളും ധാരാളം കൃഷിചെയ്തു് ആ കാട്ടിൽ ആനകളെ ആകർഷി ച്ചു കുടിയിരുത്തിയിരിക്കയാണു്. നാലുമണിയായപ്പോൾ കാട്ടിൽനിന്നു് ഒരു വെടിമുഴങ്ങി. ആനതെളി (Driving) ആരംഭിച്ചുവെന്നു് ഞങ്ങൾക്കു മനസ്സിലായി. കാട്ടാനക്കൂ ട്ടം ഇറങ്ങിവരുന്ന കാഴ്ച പ്രതീക്ഷിച്ചുകൊണ്ടു ഞങ്ങൾ ശ്വാസമടക്കിപ്പിടിച്ചിരിപ്പായി.

അരമണിക്കൂറു കഴിഞ്ഞപ്പോൾ തുരുത്തിൻെറ കി ഴക്കെ അരികിലൂടെ ഒരു ചെറിയ ആനക്കൂട്ടം മെല്ലെ നദി യിലേയ്ക്കിറങ്ങിവരുന്നതു കാണാറായി. രണ്ടു ചെറിയ കു ട്ടികളും, നാലു് വലിയ ആനകളും. ഒരു വലിയ കൊമ്പ ൻെറ പിറകെ ആ ആനകൾ നദിയിലിറങ്ങി; പാംസുസ്നാ നംകൊണ്ടു് ചെമ്പൻനിറം കലന്ന ഗജവീരന്മാർ. പി ന്നിൽ, അകലെ കാട്ടിൽനിന്നു പൊങ്ങുന്ന അജ്ഞാതമാ യ ആരവംകൊണ്ടു് പരിഭ്രാന്തരായി അവ നദിയിലൂടെ പഴയ ആനത്താര നോക്കിക്കൊണ്ടു് ഇക്കരയിലേയ്ക്കു നീന്തിത്തുടങ്ങി. ആ പഴുതു് അടച്ചുകെട്ടിയിരിക്കുന്നതു ക ണ്ടു നിരാശയോടെ, നേതാവു്, കൂട്ടാളികളെ, വെള്ളത്തി ലൂടെ നദിയുടെ മേൽഭാഗത്തേയ്ക്കു്— ഞങ്ങൾക്കെതി രെ—നയിച്ചു. കാണികളുടെ മർമ്മരശബ്ദങ്ങൾകൊണ്ടോ, അസഹ്യമായ മനുഷ്യഗന്ധംകൊണ്ടോ, അസാധാരണമാ യ അന്തരീക്ഷം അനുഭവപ്പെട്ടതുകൊണ്ടോ എന്തോ, അ വ നദിയിലൂടെ ഗതിതുടരാതെ മറുകരയിലെ തുരുത്തി

ലേയ്ക്കു് ഇഴഞ്ഞുചെന്നു. ഫിലിമെടുക്കുന്നവർ പതിയിരിക്കുന്നതിനടുത്തേയ്ക്കാണു് അവ ചെന്നുകയറിയതു്. ആ വെള്ളക്കാരുടെ ഉള്ളിൽ തീ പിടിച്ചിട്ടുണ്ടായിരിക്കണം. പെട്ടെന്നു് നേതാവു് മരത്തിലിരിക്കുന്ന മനുഷ്യരേയും കറുത്ത കൂറ്റൻക്യാമറയുംകണ്ടു്, ആപൽശങ്കയോടെ തുമ്പിക്കൈ പൊക്കി എന്തോ ആംഗ്യം കാട്ടി, കൂട്ടുകാരെ കാട്ടിനുള്ളിലേയ്ക്കുതന്നെ നയിക്കുകയാണുണ്ടായതു്. പക്ഷേ, അപ്പോഴേക്കും കാട്ടിൽ നീങ്ങിക്കൊണ്ടിരുന്ന തെളിക്കാരുടെ ആരവം അടുത്തെത്തിക്കഴിഞ്ഞിരുന്നു. ആനകൾ പരിഭ്രമത്തോടെ വീണ്ടും ആദ്യംവന്ന വഴിക്കുതന്നെ പുഴയിലേയ്ക്കിറങ്ങി, ഇങ്ങേക്കരയിലേയ്ക്കു നീന്തിത്തുടങ്ങി. മറെറാരു സംഘം തെളിക്കാർ അവിടെ ഓടിയെത്തി, ആനക്കൂട്ടത്തെ നദിയുടെ മേൽഭാഗത്തേക്കു് ഓടിച്ചു. ആദ്യം പററിയതുപോലെ ആനകൾ വീണ്ടും തുരുത്തിലേയ്ക്കു നീങ്ങാതിരിപ്പാൻ, തെളിക്കാർ ആ തുരുത്തിലേയ്ക്കു് ഇറങ്ങിവന്നു. മൂന്നുനാലു താപ്പാനകളും അവരുടെ പുറത്തിരുന്നുകൊണ്ടു് കൂടക്കൂടെ ആകാശത്തിലേയ്ക്കു വെടിമുഴക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും, കൊമ്പുവിളിക്കാരും, മുളങ്കുററികൊണ്ടുണ്ടാക്കിയ ഒരുതരം 'തന്നെത്തല്ലി'കൊണ്ടു് 'ഠപ്പ്-ഠപ്പ്-ഠപ്പ്' എന്നു് കൂട്ടത്തോടെ ഒച്ചയിട്ടു കൂക്കിവിളിക്കുന്ന പത്തിരുന്നൂറു കാട്ടുകുറുമ്പരും അടങ്ങിയ ആ വിചിത്രസംഘം നരകം പ്രതിദ്ധ്വനിപ്പിച്ചുകൊണ്ടു് ആ തുരുത്തിൽ അണിനിരന്നു നില്പായി. ആ വമ്പിച്ച തെളിപ്പടയെ എതിരിടാൻ കഴിയാതെ ആനകൾ, തുമ്പിക്കൈയിൽ വെള്ളം നിറച്ചു തുറ്റിക്കൊണ്ടു് നദിയിലൂടെ മേല്പോട്ടു നീങ്ങിത്തുടങ്ങി. അവ ഞങ്ങളുടെ മണ്ഡപത്തിനു് തൊട്ടു

താഴെ വെള്ളത്തിലൂടെ നിരങ്ങി. ആനക്കുട്ടികൾ തള്ളയാനയുടെ വാലിൽ തൂങ്ങിക്കൊണ്ടു് വെള്ളത്തിൽ ഉരുണ്ടു കളിക്കുന്നുണ്ടായിരുന്നു. ഒന്നും അറിഞ്ഞുകൂടാത്ത ആ കൊച്ചുങ്ങൾക്കു് ഇതെല്ലാം എന്തോ പുതിയ തമാശയായി തോന്നിയിട്ടുണ്ടായിരിക്കണം. അങ്ങനെ കുറച്ചുദൂരം ചെന്നപ്പോൾ, എതിരെ മൂന്നു താപ്പാനകളും പാപ്പാന്മാരും നില്ക്കുന്നതുകണ്ടു്, വീണ്ടും പരിഭ്രമിച്ചു് അവ തിരിഞ്ഞു്, പെട്ടെന്നു് കരയിൽ തുറസ്സായ ഒരു സ്ഥലത്തേക്കു് ഒരു പഴുതുകണ്ടു്, അവ നേരെ അങ്ങോട്ടു കടന്നു. കൂട്ടിലേയ്ക്കു നയിക്കുന്ന ഇടനാഴികയിലേയ്ക്കാണു് അവ ചെന്നുകയറിയതു്. ആനകൾ എല്ലാം ഉള്ളിലായപ്പോൾ, ആ കനത്ത വാതിൽ താഴുകയും ചെയ്തു.

ആനതെളി അങ്ങനെ അവസാനിച്ചു. ഇനി അവയെ കൂട്ടിന്നകത്തുകയററി കെട്ടിയിടുകയേ വേണ്ടു.

ഒരു മഹോത്സവംകണ്ടു മടങ്ങുന്ന ആവേശത്തോടും ആരവത്തോടുംകൂടി ജനങ്ങൾ പിരിയുകയായി. ഞങ്ങളും അപ്പോൾത്തന്നെ മൈസൂരിലേയ്ക്കു പുറപ്പെട്ടു...

പണ്ടുകാലത്തു് റോമിലെ ജനങ്ങൾ ഒരു കൂടുപോലുള്ള അരങ്ങത്തു്, കാട്ടുമൃഗങ്ങളേയും അടിമകളേയും തുറന്നുവിട്ടു്, അവർതമ്മിൽ നടക്കുന്ന മരണപ്പോർനോക്കിരസിക്കാറുണ്ടായിരുന്നു. ആ മഹോത്സവങ്ങളെപ്പററി നാം കേട്ടിട്ടുണ്ടല്ലോ. അതിന്റെ ഒരു വകഭേദമാണു് ഈ 'ഖെഡ്ഡ'. മനുഷ്യനിൽ തങ്ങിക്കിടക്കുന്ന 'സാഡിസ'ത്തിൻെറ ഒരു ബഹിഃപ്രകടനം. കാട്ടുസാമ്രാജ്യത്തിൽ തിന്നുപുളച്ചു നടക്കുന്ന സാധുമൃഗങ്ങളെ, പേടിപ്പിച്ചും വഞ്ചിച്ചും, കൂട്ടിലകപ്പെടുത്തി, പട്ടിണിയിട്ടു വശംകെടുത്തി താപ്പാനകളെ

ക്കൊണ്ടു് ഇടിയും കുത്തും ഏല്പിച്ചു് കയർകൊണ്ടു് കഴുത്തിലും കാലിലും ബന്ധിച്ചു്, അവയെ അടിമത്തത്തിലേയ്ക്കു തള്ളിവിടുന്ന കാഴ്ച കണ്ടു, പണ്ഡിററ്ജിമുതൽ പാമരന്മാർവരെ, ആയിരക്കണക്കിൽ ആളുകൾ രസംപിടിച്ചു് ആർത്തുവിളിച്ചു. മൈസൂർഗവമ്മേണ്ടിന് ഈ ഏപ്പ്പാടിന്ന് രണ്ടുലക്ഷം ഉറുപ്പിക ചെലവായി. ആകെ 31 ആനകളേയും കിട്ടി. അതിലൊരെണ്ണം ബന്ധനപരാക്രമത്തിൽ ശ്വാസംമുട്ടി ചത്തുപോവുകയും ചെയ്തു.

ഖെഡ്ഡ രോമാഞ്ചംകൊള്ളിക്കുന്ന ഒരു കാഴ്ചതന്നെയാണു്. പക്ഷേ, കാക്കൻകോട്ടിലെ കാട്ടിൽ കഴുത്തും കാലും ബന്ധിച്ചിട്ട ആ അഞ്ചാനകളുടേയും, വളപ്പിനകത്തു് പട്ടിണിയും നെടുവീർപ്പുമായി നീങ്ങുന്ന ആ പത്തൊമ്പതാനകളുടേയും, തെളിക്കാരുടെ ആരവംകൊണ്ടു് പരിഭ്രാന്തരായി പ്രാണഭയത്തോടെ പഴുതുനോക്കി, കൂട്ടിന്റെ ഇടനാഴികയിലേയ്ക്കു ചൂളിപ്പായുന്ന ആറാനകളുടെ ഇടയിൽ ഉരുണ്ടുരുണ്ടുനീങ്ങുന്ന ആ രണ്ടു് ആനക്കുട്ടികളുടേയും ദയനീയചിത്രങ്ങൾ മനസ്സിൽനിന്നു മായ്ക്കാൻ കഴികയില്ല. സ്വാതന്ത്ര്യവും അഹിംസയുമെല്ലാം മനുഷ്യനെമാത്രം ബാധിക്കുന്ന കാര്യങ്ങളായിരിക്കാം!

# ഓച്ചിറ പരബ്രഹ്മം

## ദരിദ്രന്മാരുടേയും രോഗികളുടേയും ഈശ്വരൻ

പണ്ടകാലത്തെ യുദ്ധാഭ്യാസങ്ങളുടെ ഒരു പ്രദർശനം എന്നനിലയ്ക്കു് ഇന്നും കൊല്ലംതോറും മിഥുനമാസത്തിൽ നടന്നുവരുന്ന 'ഓച്ചിറക്കളി' പ്രസിദ്ധമാണല്ലോ. മലയാളസംഗീതനാടകക്കമ്പനിക്കാരുടെ തറവാടെന്നനിലയ്ക്കും ഓച്ചിറയുടെ പേർ തിരുവിതാംകൂറിന്നു പുറത്തും അറിയപ്പെട്ടുന്നുണ്ടു്. പക്ഷേ, 'ഓച്ചിറഭജന'ത്തെക്കുറിച്ചു് തിരുവിതാംകൂറിന്നു പുറത്തുള്ളവർ അധികം കേട്ടിരിക്കയില്ല.

റോഡുവഴി കായംകുളത്തിന്നും കൊല്ലത്തിന്നും ഇടയിൽ കിടക്കുന്ന ഒരു പ്രദേശമാണു് ഓച്ചിറ. ആയിരംതെങ്ങിൽ ബോട്ടിറങ്ങി, മൂന്നുമൈൽ കിഴക്കോട്ടു നടന്നാലും ഓച്ചിറയെത്തും. ആയിരംതെങ്ങിന്നും ഓച്ചിറയ്ക്കും ഇടയിൽ കിടക്കുന്നതു്, കായൽ കൈനീട്ടിത്തൊടുന്ന പച്ചതഴച്ച നെൽപ്പാടങ്ങളും ഇടതിങ്ങിയ തെങ്ങിൻതോപ്പുകളുമാണു്. പക്ഷേ, ഓച്ചിറ ഒരു പരുത്ത പൂഴിപ്രദേശമാണു്. ഇവിടെ മുപ്പത്തിയാറേക്കറോളം സ്ഥലം അങ്ങനെ ഒഴിഞ്ഞുകിടക്കുന്നു. പുരാതനകാലത്തെ പടനിലം ഇവിടെയായിരുന്നുവത്രെ.

വൃശ്ചികം ഒന്നാംതിയ്യതിമുതല്ക്കു് തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ ആയിരക്കണക്കിൽ ഇവിടെ വന്നുചേരുകയായി. കഴിവുള്ളവർ കുടിലുകൾ

കെട്ടിയുണ്ടാക്കി ഇവിടെ പന്തിരണ്ടുദിവസം കുടുംബസമേതം താമസിക്കുന്നു. അങ്ങനെയുള്ള ആയിരത്തിൽപ്പരം കുടിലുകൾ ഇവിടെക്കാണാം. ഇങ്ങനെ താമസിക്കുന്നതിന്നാണ് 'ഓച്ചിറഭജനം' എന്നു പറഞ്ഞുവരുന്നത്.

ഇങ്ങനെ ഭജനംപാൎക്കുന്നവൎക്കു പുറമെ, ആയിരക്കണക്കിൽ ജനങ്ങൾ രാപ്പകലൊരുപോലെ ദർശനം നടത്തിപ്പോവുകയും ചെയ്യുന്നു. ഹിന്ദുക്കൾ മാത്രമല്ലാ, മുഹമ്മദീയരും, ക്രിസ്ത്യാനികളും ഇവിടെ ദർശനത്തിന്നു വരുന്നുണ്ട്. അവിടെ ജാതിമതഭേദമില്ല; ധനികദരിദ്രവ്യത്യാസമില്ല. തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനവിളംബരത്തിന്നുമുമ്പ്, ശങ്കരാചാൎയ്യരുടെ കാലത്തിന്നുമുമ്പ്, ചരിത്രകാലത്തിന്നുമുമ്പുമുതല്ക്കുതന്നെ തുടൎന്നുവരുന്ന ഒരേൎപ്പാടാണിത്. ഇങ്ങനെ നാനാജാതിമതസ്ഥരും മനുഷ്യരെന്ന സമഭാവനയോടും, ഐക്യത്തോടുംകൂടി ഏകദൈവവിശ്വാസത്തിന്റെ പേരിൽ സമ്മേളിക്കുന്ന ഒരു പുണ്യസ്ഥലം ഭാരതത്തിൽ മറെറാരിടത്തുമില്ലെന്നുതന്നെ പറയാം.

ഇവിടെ പ്രത്യേകമായൊരു പ്രതിഷ്ഠയില്ല; പൊതുവെ 'പരബ്രഹ്മം' എന്നു പറഞ്ഞുവരുന്നു. ക്ഷേത്രമെന്നു പറയാൻ ഇവിടെയൊന്നുമില്ല. രണ്ടാൽത്തറമാത്രം—അവിടെ ഓരോ ചെറിയ ദീപസ്തംഭവും കാണാം. ജനങ്ങൾ വിളക്കിലെ ചേറും കരിയും എടുത്ത് കുറിതൊടുന്നു. ഇവിടത്തെ പൂഴിമണ്ണിൽക്കിടന്നുരുളുന്നു.

കാളകളെ പട്ടുംകെട്ടി വാദ്യഘോഷങ്ങളോടുകൂടി ചുററിയെഴുന്നള്ളിക്കുന്നതാണ് മറെറാരു വിശേഷത.

അങ്ങനെ അണിഞ്ഞൊരുക്കിയ അനേകം വൃഷഭവീരന്മാർ ഇവിടെ അലഞ്ഞുനടക്കുന്നതായിക്കാണാം.

ദരിദ്രരും, പിച്ചക്കാരും, രോഗികളുമാണ് ഇവിടത്തെ അവകാശികൾ. അവരുടെ സ്വാതന്ത്ര്യസാമ്രാജ്യമാണിതു്. അവരെ ഉപദ്രവിക്കാനോ പരിഹസിക്കാനോ പാടില്ല. അവരെ പൂജിക്കുന്നില്ലെന്നുമാത്രം! അവർക്കുള്ള കഞ്ഞിവകർച്ചയാണ് പ്രധാനമായ നേർച്ച. ഇവിടെ പിച്ചക്കാർ വന്നടിയുന്നതു പതിനായിരക്കണക്കിലാണ്. അവരുടെ വയർ നിറഞ്ഞുകാണുന്നതിലാണ് പരബ്രഹ്മത്തിൻെറ പ്രീതി. ആ കഞ്ഞിതന്നേയാണ് ഇവിടത്തെ നിവേദ്യം. ആ മണ്ണുതന്നെ പ്രസാദം.

അവയവങ്ങൾ വികൃതപ്പെട്ട ഭയങ്കരമൃഗങ്ങളേപ്പോലെ തോന്നുന്ന മനുഷ്യജീവികളും, മഹാരോഗികളും, പട്ടിണിപ്പേക്കോലങ്ങളും വാർഷികമഹായോഗം ചേരുന്ന സ്ഥലമാണ് ഓച്ചിറ.

ഓച്ചിറ ദർശനത്തിന്നു വരുന്നവരിൽ ഭൂരിപക്ഷവും പാവങ്ങളായ ഗ്രാമീണരാണ്. അവർ ഐമ്പതും അറുപതും നാഴിക ദൂരെനിന്നു കാൽനടയായി വരുന്നു. ഓച്ചിറ ഭജനംകൊണ്ടു് ഏതുമഹാരോഗവും മാറുമെന്ന് അവർ വിശ്വസിക്കുന്നു.

അങ്ങാടിയും, പീടികയും, ചന്തയുമെല്ലാം ഇവിടെ ഉണ്ടായിത്തീരുന്നു. ഭാഗവതപാരായണം, ഹരികഥ, ഓട്ടൻതുള്ളൽ, കഥകളി, നാടകം, മതപ്രസംഗം മുതലായവയെല്ലാം ഓരോ കോണിൽ നടക്കുന്നു. എല്ലാം സൗജന്യമായ ഏർപ്പാടുകളാണ്. ആ തിരുമുമ്പിൽവച്ചു് എന്തെ

ങ്കിലും കലാപ്രദർശനം സാധിക്കുന്നതുതന്നെ വലിയൊരു പുണ്യകർമ്മമായിട്ടാണു് കരുതപ്പെടുന്നതു്.

പന്തിരണ്ടാംദിവസം രാത്രിയോടുകൂടി എല്ലാം അവസാനിക്കുന്നു. പതിമ്മൂന്നാംദിവസം സന്ധ്യയോടുകൂടി ഓച്ചിറ പണ്ടത്തെ പാഴ്പ്പറമ്പായിത്തന്നെ മാറുന്നു.

ഓച്ചിറയുടെ ചരിത്രം ആർക്കും അറിഞ്ഞുകൂടാ. പക്ഷേ, അജ്ഞാതമായൊരുറച്ച വിശ്വാസത്തോടെ ലക്ഷക്കണക്കിൽ ജനങ്ങൾ അങ്ങോട്ടാകർഷിക്കപ്പെടുന്നു. മതത്തിൻെറ മുൾവേലിയോ, ജാതിയുടെ വിഷജ്വാലയോ കാണാതെ പ്രഭുവും പിച്ചക്കാരനും ഒരേനിലയിൽ സമ്മേളിക്കുന്ന സമത്വക്ഷേത്രമെന്ന നിലയ്ക്കു് ഓച്ചിറയ്ക്കു് അന്യാദൃശമായൊരു മാഹാത്മ്യമുണ്ടു്.

രണ്ടു ബുദ്ധഭിക്ഷുക്കൾ നിർവ്വാണം പ്രാപിച്ച പ്രദേശമാണിതെന്നു ചിലർ വിശ്വസിക്കുന്നു. എങ്ങനെയായാലും ബുദ്ധമതകാലത്തെ അവശിഷ്ടങ്ങളിലൊന്നാണിതെന്നു കരുതുന്നതിൽ തെററില്ലെന്നാണു തോന്നുന്നതു്.

ഓച്ചിറയെപ്പോലുള്ള ഒരു നൂറു മാതൃകാക്ഷേത്രങ്ങൾ ഭാരതംനീളെ ഉണ്ടായിരുന്നുവെങ്കിൽ, മതവും ജാതിയും സൃഷ്ടിച്ച കരടുകൾകൊണ്ടുള്ള കൊഴപ്പുകൂടായ്മ ഇന്ത്യൻജനതയ്ക്കനുഭവിക്കേണ്ടിവരുമായിരുന്നില്ല.

# പല്ലനത്തോട്*

ആലപ്പുഴനിന്ന് കൊല്ലത്തേക്ക് അതിരാവിലെ പുറപ്പെട്ട ഞങ്ങളുടെ ബോട്ട്, തോട്ടപ്പള്ളി ലോക്കും കടന്നു, കുറച്ചുനേരം സഞ്ചരിച്ചതിനുശേഷം പല്ലനത്തോട്ടിലെത്തി.

ആ പ്രദേശത്തു പ്രവേശിച്ചതോടുകൂടി അസാധാരണമായ ഒരു മാററം എങ്ങും അനുഭവപ്പെട്ടു. പറയാൻകഴിയാത്ത ഒരു പ്രത്യേകത ആ പ്രദേശങ്ങൾക്കുണ്ടായിരുന്നു. നിശ്ചലമായ ഉപരിതലവും, അജ്ഞാതവും അവിശ്വസനീയവുമായ അടിയൊഴുക്കോടുകൂടിയ അന്തർഭാഗവും, അപല്ക്കരമായ ഒരു വളവുമുള്ള ആഴമേറിയ ആ തോട്ടിലെത്തിയതോടുകൂടി അകാരണമായ ഒരു ഭയം ഞങ്ങളെ ബാധിച്ചു. ഒരുജാതി നീണ്ട പുല്ലും പട്ടച്ചെടികളും. നിബിഡമായി കെട്ടിപ്പടൎന്നു കിടക്കുന്ന ആ തോട്ടിന്റെ തീരഭാഗം മൃത്യുവിന്റെ മടപോലെ ഞങ്ങൾക്കു തോന്നി. അതിന്നുള്ളിലെങ്ങാനിന്നു മൃത്യുവിന്റെ വഞ്ചനയേറിയ കണ്ണുകൾ ഞങ്ങളെതുറിച്ചുനോക്കുന്നുണ്ടോ എന്നു ഞങ്ങൾ സംശയിച്ചു. അവിടെ പുകപോലെ പടൎന്നുപിടിച്ച ഒരു നേരിയ ഇരുളും, ആ പ്രദേശത്തിന്റെ ആകപ്പാടെയുള്ള വൈരൂപ്യവും ഞങ്ങളുടെ ഭയത്തെയും സംശയത്തെയും വൎദ്ധിപ്പിച്ചു. അവിടെ ഒരു ശാന്തതയുണ്ടായിരുന്നു. പക്ഷേ, അതു ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിന്നുപകരം ഹൃദയത്തെ

---

* 1938-ൽ എഴുതിയതു്.

മരവിപ്പിച്ചതേയുള്ളു. ഇര തിന്നു, കൈനക്കി, മയങ്ങിക്കിടക്കുന്ന ഒരു ക്രൂരസിംഹത്തിന്റെ മുഖത്തെ ശാന്തതയായിരുന്നു അതു്. അതെ, ആ സംഭവം നടന്നിട്ടു് പതിന്നാലു കൊല്ലം കഴിഞ്ഞു. ആ 'റെഡീമർ' ബോട്ടു് അവിടെ യാത്ര അവസാനിപ്പിച്ചു് ഒന്നു മുങ്ങിക്കുളിച്ചിട്ടു് അത്രയും കാലമായി. പക്ഷേ, ഇന്നും മരണത്തിന്റെ മണം അവിടെ നിന്നു മാഞ്ഞുപോയിട്ടില്ല. കരയിലെ തൃണജാലത്തിൽ ചിലതു് അപ്പോഴും ജലത്തിൽ തലയിട്ടടിക്കുന്നുണ്ടായിരുന്നു. ശാഖാഗ്രങ്ങളെക്കൊണ്ടു് ഒരു മുരുക്കു്, ഒരു കഥകളിക്കാരനേപ്പോലെ ആകാശത്തിൽ എന്തോ ചിത്രം വരച്ചുകൊണ്ടിരുന്നു. ദൂരെ എവിടെനിന്നോ, ദരിദ്രയായ ഒരു ഗ്രാമീണസ്ത്രീ തൊണ്ടുതല്ലുന്ന ശബ്ദം ആ കരാളശാന്തിയുടെ നെഞ്ഞിടിപ്പുപോലെ കേട്ടു.

പ്രകൃതിയുടെ ഭാവം ഒന്നു പകന്നു. പരിസരം കുറേക്കൂടി ഇരുണ്ടു.

ചീറിക്കൊണ്ടു് ഒരു കാററു്; ചാറിക്കൊണ്ടു് ഒരു മഴ.

ബോട്ടുകാർ താർപ്പായ താഴ്ത്തിയിട്ടു. ഞങ്ങൾ രണ്ടുപേർ മാത്രം പുറത്തേക്കു തലയിട്ടുകൊണ്ടു നില്പായി......

"അതാ, അവിടെയാണു് ആശാനെ അടക്കം ചെയ്തിരിക്കുന്നതു്."

തോട്ടത്തിന്റെ കരയ്ക്കുള്ള ഒരൊഴിഞ്ഞ പറമ്പിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് എന്റെ സ്നേഹിതൻ പറഞ്ഞു.

"എവിടെ?" ഞാൻ സംശയഭാവത്തിൽ ചോദിച്ചു.

"അതാ, ആ കാണുന്ന ചെറിയ തറതന്നെ."

എൻെറ ഹൃദയത്തിൽ നിരാശതയുടെ ഒരു നീറലു ണ്ടായി. ആദ്യം എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല, ഞാൻ എൻെറ മുമ്പിൽ കാണുന്നതു് ഒരു മഹാകവിയുടെ സ്മാരകമാണെന്നു്.

ഒരു ചെറിയ മാത്തറയുടെ വലിപ്പത്തിൽ, ചെങ്കല്ലു കൊണ്ടു നാലരുകിലും കെട്ടിയുയർത്തിയ ഒരു പഴയ തറ. അതിന്മേൽ കത്തിക്കരിഞ്ഞ കൈത്തിരികളെപ്പോലെ ഉ ണങ്ങിയ അഞ്ചാറു തുളസിച്ചെടികളും—അതാണത്രെ ആ മഹാകവിയുടെ സ്മാരകം! അടക്കുവാൻ വഹിയാത്ത വികാരത്തോടെ ഞാൻ അങ്ങോട്ടുതന്നെ നോക്കിനിന്നു.

മാർബിൾകല്ലുകൊണ്ടു മനോഹരമായ ഒരു സ്മാരകം നിർമ്മിച്ചു പല്ലനയെ കേരളത്തിലെ 'സ്റ്റാഫോർഡ് ഓൺ അവൺ' ആക്കിത്തീർക്കുവാൻ കേരളീയർക്കു കഴി ഞ്ഞില്ലെങ്കിൽ പോകട്ടെ, ആ സ്മാരകം പരിഹാസദ്യോ തകമായ തരത്തിൽ അവിടെ വേണ്ടിയിരുന്നില്ല. കാര ണം, കേരളീയേതരനായ ഒരാളോടു നമുക്കു് അവിടം ചൂ ണ്ടിക്കാട്ടി പറയേണ്ടിവരും, "അതു് ഞങ്ങളുടെ ഒരു മഹാ കവിയുടെ സ്മാരകമാണു്" എന്നു്. ലജ്ജാവഹം!

എൻെറ പ്രിയപ്പെട്ട കേരളീയസഹോദരരെ, അ താ, അങ്ങോട്ടൊന്നു നോക്കൂ! 'കരുണ' എഴുതിയ കരങ്ങ ളാണു് ആ കൊച്ചുകൽത്തറയുടെ അടിയിൽ കിടക്കുന്ന തു്. ഏതൊരു ഹൃദയത്തിൽനിന്നു 'പ്രരോദനം' പൊട്ടി പ്പുറപ്പെട്ടുവോ, ആ കവനദീപ്തമായ ഹൃദയമാണു് അവി ടെ ആറടി മണ്ണിനുള്ളിൽ അടിഞ്ഞുകിടക്കുന്നതു്. വീണ്ടെ ടുക്കുവാൻ കഴിയാത്ത ഒരു പാണ്ഡിത്യഭണ്ഡാരമാണു് അവിടെ മൂടിക്കിടക്കുന്നതു്. പതിരില്ലാത്ത പദപ്രവാ

ഫത്തെ അതാ അന്ധകാരവും ഒരുപിടി മണ്ണും തടഞ്ഞു നിൎത്തുന്നു!

അവിടം ഒരു പുഷ്പവാടിയല്ല. അവിടെ സൗന്ദൎയ്യലഹരിയില്ല പാട്ടുവാൻ ഒരു കുയിലോ, ലീലയാട്ടുവാൻ ഒരു ശലഭമോ അവിടെ കാണപ്പെടുന്നില്ല. അവിടെ നളിനിയില്ല; ഒരൊററ വീണപൂവുപോലുമില്ല. ആ കവനവേദിയിൽ മണിമാലയോ, വനമാലയോ അൎപ്പിക്കുവാൻ ആരും വരുന്നില്ല. അവിടെ വിശ്രമിക്കുവാൻ ഒരു ചണ്ഡാലഭിക്ഷുകിപോലും ഇഷ്ടപ്പെടുകയില്ല. എന്തൊരു ദുരവസ്ഥ! എങ്കിലും കരുണാമയമാണ് ആ പരിസരം. ദീൎഘനേരം അവിടേയ്ക്കു നോക്കിനില്ക്കുവാൻ ഒരു സഹൃദയന്ന് മനശ്ശക്തിയുണ്ടാവുകയില്ല. നമ്മളോ, അവിടേക്കു നോക്കുമ്പോൾ ചിന്താവിഷ്ടയായ സീതയെപ്പോലെ പ്രരോദനം ചെയ്തുപോകുന്നു.

നിത്യേന ആ വഴിക്കു എത്രയോ വള്ളങ്ങളും ബോട്ടുകളും കടന്നുപോകുന്നു. എന്നാൽ അവയിലുള്ളവരാരും, മരണത്തിന്നു ഒററുനിന്നുകൊടുത്ത ആ തോട്ടം, പാപപുണ്യാത്മകമായ ആ പറമ്പും, ആ ശപ്തമായ നിശ്ശബ്ദതയും നിൎമ്മിക്കുന്ന ഭയാനകചിത്രത്തെ ദൎശിക്കുന്നില്ല അധികമാൾക്കും അങ്ങിനെയൊരു സ്ഥലം അവിടെ ഉണ്ടെന്നുതന്നെ അറിഞ്ഞുകൂടാ. ആ പറമ്പിൽ നാളികേരം പറിക്കുവാൻ വരുന്നവർപോലും ആ തറയുടെ മുകളിൽ അറിയാതെ കയറിനിന്നുപോയെന്നു വന്നേക്കാം. അത്രകണ്ടു് അനാസ്ഥയും അശ്രദ്ധയും അവിടെ അടിഞ്ഞുകൂടിയിട്ടുണ്ടു്.

ജിജ്ഞാസുവായ ഒരന്യദേശീയനായ യാത്രക്കാരൻ, ബോട്ടുകാരോടു് ആ സ്ഥലം കാണിച്ചുകൊടുപ്പാൻ അപേ

ക്ഷിച്ചാൽ അവർ ഒരലക്ഷ്യഭാവത്തിൽ ആ തറ ചൂണ്ടിക്കാണിച്ചുപറയും, "അതാ അവിടെയാണ് ആശാനെ അടക്കം ചെയ്തിരിക്കുന്നത്." അത്രമാത്രം.

ആ തിരിവു കഴിയാറായി. ബോട്ടിൻെറ സഹജമായ കിതപ്പ് വദ്ധിച്ചു. ബോട്ടിൽനിന്നു ചീട്ടുകളിച്ചുകൊണ്ടിരുന്ന യാത്രക്കാർ എന്തോ വിജയംകൊണ്ട് ആർത്തുവിളിച്ചു.

ബോട്ടിൻെറ ചലനം നിമ്മിച്ച ഒരു തരംഗം പാഞ്ഞുചെന്ന് ആ പറമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു എ്നിക്കാകട്ടെ വികാരംകൊണ്ടു ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല.

# ശ്രീനാരായണഗുരുവിൻെറ
# പുണ്യസ്ഥലങ്ങൾ

ഈശ്വരനെത്തേടി കാട്ടുകയറി മറയുന്നതിന്നുപകരം മനുഷ്യസഹോദരങ്ങളുടെയിടയിൽ കടന്നുകൂടി അവരുടെ ഉന്നമനത്തിന്നുള്ള മാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ച ഒരു സന്യാസിവര്യൻെറ ജന്മദിനമാണ് ചിങ്ങത്തിലെ ചതയംനക്ഷത്രം. ജാതിത്തിമിരംകൊണ്ടു പരസ്പരം കണ്ടുകൂടാതെ തമ്മിൽത്തല്ലുന്നവരും, മതത്തെ, പട്ടുമുളദൈവതങ്ങളെ കൃഷിചെയ്യാനുള്ള ഒരു പറമ്പാക്കി മാററിയവരുമായ ഒരുകൂട്ടം ജനങ്ങൾക്ക് ഉൾപ്രകാശവും ആവേശവുമരുളിയ ഒരു വിശിഷ്ടാചാര്യൻെറ ജന്മദിനമാണ് അന്ന്. അസൂയയും സ്വാർത്ഥവും മുഴുത്ത യാഥാസ്ഥിതികത്വത്തോടും, ജാതിമേധാവിത്വത്തോടും അവയുടെ തന്നെ പഴയ ആയുധങ്ങൾ കരസ്ഥമാക്കി പോരാടിയ വേദാന്തിയായ ഒരു വിപ്ലവകാരിയുടെ ജന്മദിനമാണ് അന്ന്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്."—ശ്രീനാരായണഗുരുവിന്റെ ആ ആദർശം മനുഷ്യവംശത്തിൻെറ ചിത്തഭ്രമമകറ്റുന്ന ഒരൊറ്റമൂലികാപ്രയോഗമാണ്. ജാതിമതമാത്സര്യങ്ങളുടെ രക്തഗന്ധം കലന്ന ഒരന്തരീക്ഷത്തെ പരിശുദ്ധമാക്കിത്തീക്കുന്ന ഒന്നാണതു്. നരവംശത്തിൻെറ ഐക്യത്തിന്നും ക്ഷേമത്തിന്നുമുള്ള ഒരു മുദ്രാവാക്യമാണതു്. ആ മഹത്തായ തത്വോപദേശം നാട്ടിൻെറ ഓരോ മുക്കിലും മൂലയിലും മുഴങ്ങിക്കേൾ

കണം. അങ്ങനെയാണ് നമ്മൾ ആ ജന്മദിനം ആഘോഷിക്കേണ്ടത്.

ശ്രീശങ്കരാചാര്യരുടെ ഒരു പരിഷ്കരിച്ച പതിപ്പായി ശ്രീനാരായണഗുരുവും തന്റെ അവതാരംകൊണ്ട് കേരളത്തെ അനുഗ്രഹിച്ചു. ശ്രീനാരായണഗുരു പ്രസംഗിച്ചത് ജനകീയവേദാന്തമാണ്. അദ്ദേഹം അനേകം ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചുവെന്നത് വാസ്തവംതന്നെ. പക്ഷേ, ഈശ്വരനെ അവിടെ കുടിയിരുത്തുകയാണെന്ന വിശ്വാസത്തെ മുൻനിർത്തിയ ഒരു കർമ്മമായിരുന്നില്ല അത്. മനുഷ്യസമുദായത്തിന്ന് സംഘടിക്കാനും സമ്മേളിക്കാനുമുള്ള പ്രശാന്തസുന്ദരവും പരിശുദ്ധവുമായ ഒരു സങ്കേതമാണ് ക്ഷേത്രങ്ങളെക്കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. ക്ഷേത്രം നിർമ്മലവും ആകർഷകവുമായിരിക്കണമെന്നും, അതിന്റെ പരിസരങ്ങളിൽ ഭംഗിയുള്ള പൂന്തോട്ടങ്ങൾ വളർത്തണമെന്നും, ക്ഷേത്രത്തോടനുബന്ധിച്ച് വിദ്യാശാലകൾ സ്ഥാപിക്കണമെന്നും അദ്ദേഹത്തിന്നു നിർബന്ധമുണ്ടായിരുന്നു. മനുഷ്യന്റെ ആദ്ധ്യാത്മികവശങ്ങൾക്കു പ്രകാശം നല്കുന്ന പ്രസംഗങ്ങൾ ചെയ്യുന്നതിന്നു പരിസരം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു. ഇനി പ്രതിഷ്ഠകളെപ്പറ്റി പറയുകയാണെങ്കിൽ അരുവിപ്പുറത്തെ ആദ്യത്തെ ശിലാപ്രതിഷ്ഠമുതല്ക്കു്, ആലുവായിലെ അദ്വൈതാശ്രമത്തിലെ 'ശൂന്യപ്രതിഷ്ഠ'വരെ പലവിധത്തിലുള്ള പ്രതിഷ്ഠകൾ നടത്തിയതായിക്കാണാം. ചില ക്ഷേത്രങ്ങളിൽ വെറും കണ്ണാടിയാണ് പ്രതിഷ്ഠിച്ചത്. മനുഷ്യന്റെ ഏറ്റവും അങ്ങേഅറ്റത്തെ ദൈവം മനുഷ്യൻതന്നെയാണെന്ന പരമാർത്ഥത്തിലേയ്ക്കു് പടി

കെട്ടിക്കൊടുക്കുവാൻവേണ്ടിയാണു് അദ്ദേഹം മററു ശിലാപ്രതിഷ്ഠകൾ നടത്തിയതെന്നു നമുക്കൂഹിക്കാം.

എന്തായാലും, ജാതിയും മതവും ദൈവവും തീണ്ടാത്ത ശുദ്ധമായ ഏകീകരണബോധത്തോടുകൂടിയ ഒരു മനുഷ്യസമുദായത്തിൻെറ ഉദയമാണു് അദ്ദേഹം സദാ വിഭാവനം ചെയ്തിരുന്നതു്. അതിൻെറ സാദ്ധ്യതയ്ക്കുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ ഓരോ വാക്കും ഓരോ പ്രവൃത്തിയും. അങ്ങനെ നീണ്ട നാല്പത്തിനാലു കൊല്ലക്കാലത്തോളം മനുഷ്യസേവനം ചെയ്ത ആ മഹാത്മാവിനെ സൃഷ്ടിച്ച പരിസരത്തിലേയ്ക്കും, അദ്ദേഹത്തിൻെറ ജീവിതപരിവത്തനങ്ങൾക്കു മൂകസാക്ഷ്യം വഹിക്കുന്ന പഴയ പ്രകൃതിരംഗങ്ങളിലേയ്ക്കും, പ്രവത്തനകേന്ദ്രങ്ങളിലേയ്ക്കും ഒന്നു പിന്തിരിഞ്ഞുനോക്കുന്നതു് രസാവഹമായിരിക്കും. ഒന്നാമതായി നമുക്കു് അദ്ദേഹത്തിൻെറ ജന്മഗൃഹത്തിലേയ്ക്കു് ഒന്നെത്തിനോക്കാം.

തിരുവനന്തപുരം പട്ടണത്തിൽനിന്നു് ഏഴുനാഴിക വടക്കു്, ചെമ്പഴന്തിഗ്രാമത്തിലെ ഒരു ചെറുപറമ്പു്; 'വയൽവാരം' എന്നാണതിൻെറ പേരു്. ആ പറമ്പിൽ ഒരു കുടിഞ്ഞിൽ—പണ്ടു് അതിന്നത്തേതിനേക്കാൾ മോശമായി കാണപ്പെട്ടിരിക്കണം. ഇരുവശത്തും അഴിക്കൂടുള്ള ഒരു പ്രവേശനദ്വാരമൊഴികെ, ജാലകങ്ങളോ കാറ്റും വെളിച്ചവും കടക്കാൻ പഴുതുകളോ ഇല്ലാത്ത ഒരു മൺകുടിലും മൂന്നുമുറികളും—തെക്കേഅറ്റത്തെ മുറിയിൽ ഒരു ചെറിയ ഓട്ടുവിളക്കു് സദാ കത്തിച്ചുവെച്ചിട്ടുണ്ടു്. ശ്രീനാരായണഗുരു ഭൂലോകത്തെ ആദ്യമായി സ്പശിച്ചതും, കണ്ണു

തുറന്നതും ഈ മുറിയിലാണ്; ആയിരത്തിമുപ്പത്തിരണ്ടു ചിങ്ങത്തിലെ ചതയംനാളിൽ.

ആദ്ധ്യാത്മികവിഹായസ്സിൽ ബഹുദൂരം ഉയൎന്നു ഗാനംചെയ്ത ഒരു വാനമ്പാടിയുടെ കൂടാണ് ആ കൂര.

അദ്ദേഹത്തിൻെറ ശൈശവവും കൗമാരവും ആ കുഗ്രാമപരിസരങ്ങളിൽ ഒട്ടിച്ചേൎന്നു കിടക്കുന്നു. സമീപപ്രദേശങ്ങളിലെ കുന്നിൻപുറങ്ങളിലും, കുററിക്കാടുകളിലും പശുക്കളെ മേച്ചു നടന്നും, പറങ്കിമാവിൻകൊമ്പുകളിൽ കയറിയിരുന്നു സംസ്കൃതശ്ലോകങ്ങൾ ഉരുവിട്ടുപഠിച്ചും, ആ കൊച്ചുവേദാന്തി ഏകാന്തചിന്തയിൽ മുഴുകി ചെറുപ്രായം തരണംചെയ്തു.

* * *

അതാ മരുത്വാമല! ശ്രീനാരായണഗുരു തപസ്സുചെയ്ത മലയാണത്.

നാഗർകോവിലിൽനിന്ന്, കന്യാകുമാരിയിലേയ്ക്കു പോകുന്ന രാജപാതയിൽനിന്നു നോക്കിയാൽ കരിമ്പാറക്കെട്ടുകൾ നിറഞ്ഞ ആ കൂററൻമല കാണാം. അതിന്റെ ചില ഭാഗങ്ങൾ ഇന്നും ദുൎഗ്ഗമങ്ങളത്രെ. മലയുടെ ഒത്ത മുകളിലുള്ള പിള്ളത്തടം എന്നു പറയുന്ന ഒരു ഗുഹയിലാണ് നാരായണഗുരു തപംചെയ്തിരുന്നതു്. അടമ്പ്, അടപതിയൻകിഴങ്ങ് മുതലായ കാട്ടുകിഴങ്ങുകൾ ഭക്ഷിച്ചും, ഉറവുവെള്ളം കുടിച്ചും, വന്യമൃഗങ്ങളുടെകൂടെ പ്രകൃതിയെമാത്രം ആശ്രയിച്ചുകൊണ്ട് അദ്ദേഹം കുറേക്കാലം കഴിച്ചുകൂട്ടി. ഈ ഉഗ്രമായ തപോനിഷ്ഠകൊണ്ട് അദ്ദേഹത്തിന്നു പല വിശിഷ്ടസിദ്ധികളും ഉണ്ടായിക്കാണാം.

പക്ഷേ, ഗൗതമബുദ്ധനെപ്പോലെ അദ്ദേഹവും നിരാശനായിത്തീൎന്നിരിക്കണം.

"തന്നാൽക്കരേറേറണ്ടവരെത്രപേരോ
താഴത്തു പാഴ്ചേററിലമൎന്നിരിക്കേ
താനൊററയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാൎത്ഥ്യം?"

എന്നദ്ദേഹം സ്വയം ചോദിച്ചുപോയിട്ടുണ്ടാകും. അങ്ങനെ തപസ്സ്, സംസ്കാരംപ്രാപിച്ച സ്വാൎത്ഥമാണെന്ന് അദ്ദേഹത്തിന്നു മനസ്സിലായി. അദ്ദേഹം വൻകാടു വിട്ടു കുറേക്കൂടി ഗ്രാമസീമയിലേയ്ക്കിറങ്ങി.

* * *

അരുവിപ്പുറം!

നെയ്യാററിൻകര പട്ടണത്തിൽനിന്നു തെററിവരുന്ന പാതയിലൂടെ മൂന്നുനാഴികവരെ വാഹനങ്ങൾ പോകും. വാഹനത്തെ അവിടെ വിട്ട്, ആ കുഗ്രാമത്തിലെ ഇടവഴികളിലൂടെ നടന്നുപോകുമ്പോൾ, കുശവസങ്കേതങ്ങളും, കൃഷകഗൃഹങ്ങളും, കൂലിപ്പണിക്കാരുടെ കൂരപ്പുരകളും ചിന്നിച്ചിതറിക്കിടക്കുന്ന പറമ്പുകൾ കാണാം. തോട്ടം വയൽവരമ്പുകളും, മണൽപ്പുറമ്പുകളും, കടന്ന് ആ പഞ്ഞം പിടിച്ച ഒതുങ്ങിയ കുഗ്രാമത്തിലൂടെ പോകുന്ന ഊടുപാത ഒരരുവിക്കരയിൽ അവസാനിക്കുന്നു.

അഗസ്ത്യകൂടത്തിൽനിന്നുത്ഭവിച്ചൊഴുകുന്ന നെയ്യാറാണത്. അപ്പുറം ഉയൎന്ന കുന്നുകൾ കിടക്കുന്നു. ആ കുന്നിൻെറ മുകൾഭാഗം മുഴുവനും കാടുകളും പാറക്കൂട്ടങ്ങളും കൊണ്ടു് പൊതിഞ്ഞിരിക്കയാണ്.

മരുത്വാമലയിലെ തപസ്വി വീണ്ടും മനുഷ്യത്വത്തിന്റെ പരിശീലനത്തിന്നായി, ആ കുന്നിൽ വന്നുകൂടിയിരിക്കയാണു്.

ആ കുന്നിൻെറ കടയ്ക്കൽ ഒരു സ്ഥലത്തു് കുറേ പാറക്കൂട്ടങ്ങളും, അവിടെ ഒരു ചെറിയ വെള്ളച്ചാട്ടവുമുണ്ടു്. പുഴക്കരയെ ഉരുമ്മിക്കൊണ്ടു് പൊന്തക്കാടുകളും, പടൎന്നു പന്തലിച്ചുനില്ക്കുന്ന പടുമരങ്ങളും വളൎന്നുകിടക്കുന്നു. ആ നിരന്തരമായ നദീമൎമ്മരംപോലും അവിടത്തെ പ്രശാന്തതയുടെ ഒരംശമായിത്തീൎന്നിരിക്കുന്നു. പ്രകൃതികൗതുഹലം തുളുമ്പുന്ന ആ നദീതീരത്തിൽ, പാറക്കെട്ടുകൾക്കുള്ളിൽ ഒരു ഗുഹ മറഞ്ഞുകിടക്കുന്നു. ആ ഗുഹയിലാണു് ശ്രീനാരായണഗുരു ഗ്രാമപ്രവേശത്തിനു സമയം പാൎത്തുകൊണ്ടു് കഴിച്ചുകൂട്ടിയതു്. 'ശങ്കരൻകുഴി'യെന്നാണു് ആ സ്ഥലത്തിൻെറ പേരു്.

ശ്രീനാരായണഗുരു സാമുദായിക പ്രവൎത്തനങ്ങൾക്കു് ആദ്യമായി വിത്തിറക്കിയതു് അരുവിപ്പുറത്തെ മണ്ണിലാണു്. അദ്ദേഹം ആദ്യത്തെ ക്ഷേത്രപ്രതിഷ്ഠ നടത്തിയതും അവിടെയാണു്.

ആ രമ്യഭൂഭാഗഭംഗികൾ ആരേയും ഹരിക്കും. ആ പരിസരം മുഴുവനും പ്രകൃതിയുടെ പൂങ്കാവനമാണു്. സാമുദായികപ്രവൎത്തനങ്ങളിൽ വ്യാപൃതനായി മഹാകവി കുമാരനാശാനും ആ മനോഹരപ്രദേശത്തു് കുറെക്കാലം പാൎത്തിട്ടുണ്ടു്.

ആററിൻകരയ്ക്കടുത്തു് ഒരു മേടയിൽ അരുവിപ്പുറം ക്ഷേത്രം കാണാം.

പല പ്രകാരത്തിലും പ്രസിദ്ധിപെററ ഒരു സ്ഥല

മാണല്ലൊ വക്കല. ഭാരതഭൂമിയിലെ പുരാതന പുണ്യക്ഷേത്രങ്ങളിലൊന്നായ ജനാർദ്ദനം വക്കല സമുദ്രതീരത്തിൽ സ്ഥിതിചെയ്യുന്നു. ദക്ഷിണേന്ത്യയിലെ സുഖവാസസ്ഥലങ്ങളിലൊന്നാണ് വക്കല. കടൽക്കാററു പുൽകുന്ന കുന്നിൻപുറങ്ങളും ഉറവുവെള്ളവുംകൊണ്ടനുഗൃഹീതമായ ഒരു ഗ്രാമമാണ് വക്കല. ആ സ്ഥലത്തെയാണ് ശ്രീനാരായണഗുരു തൻെറ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായി തിരഞ്ഞെടുത്തതു്.

ശ്രീനാരായണഗുരുവിൻെറ ജീവിതസായാഹ്നം അവിടത്തെ 'ശിവഗിരി'ക്കുന്നിന്മുകളിലാണ് ഒളിച്ചിരുന്നതു്. ആ മഹാത്മാവു് അന്ത്യവിശ്രമം കൊള്ളുന്നതും അവിടെത്തന്നെയാണു്.

നമുക്കു ശിവഗിരിയിലേയ്ക്കൊന്നു കയറിനോക്കാം.

കടലിനേയും കായലിനേയും അടിയിലൂടെ യോജിപ്പിക്കുന്ന സുപ്രസിദ്ധമായ വക്കലത്തുരങ്കവും തോടും ആ കുന്നിൻകടയ്ക്കലാണു്. ഇരുപാടും പന്നച്ചെടികൾ വളർന്നു നില്ക്കുന്ന തോട്ടിൻകരയിലൂടെ, വിശാലമായ പറങ്കിമാവിൻ തോപ്പുകളിലൂടെ നടക്കുക. അവിടവിടെ ചില ധർമ്മശാലകളും അതിഥിമന്ദിരങ്ങളും ആരോഗ്യവസതികളും മരങ്ങളുടെ മറവിൽ ഉയർന്നുനില്ക്കുന്നു. കാററാടിമരങ്ങൾ സദാ ചിലച്ചുകൊണ്ടിരിക്കുന്നു. ധാതുരസമുൾക്കൊള്ളുന്ന ഉറവവെള്ളം പൊട്ടിത്തുളുമ്പുന്ന തോട്ടിൻകരയിൽ തീർത്ഥയാത്രക്കാർ കുളിക്കുന്നു. പലതരം ഫലവൃക്ഷങ്ങൾ ഉച്ചത്തണൽ വിരിക്കുന്ന ഊടുപാതകൾ അങ്ങുമിങ്ങും ചുററിവളഞ്ഞു പാഞ്ഞുപോകുന്നു. അവയെ മുറിച്ചുകൊണ്ടു പോകുന്ന സാമാന്യം വീതിയുള്ള പാതയിലൂടെ ഒന്നൊ

ന്നര നാഴിക നടന്നാൽ ശാരദാമഠത്തിൻെറ മുമ്പിലെത്തിച്ചേരും.

അശോകവും, ഒട്ടുമാവും, പൂവള്ളികളും കെട്ടിപ്പടന്ന് ഒരു പൂങ്കാവനത്തിൻെറ പിറകിൽ വെള്ളമണൽവിരിപ്പിൽ നിലകൊള്ളുന്ന നിമ്മലമായൊരു മന്ദിരം. മിനുത്ത ഇഷ്ടികകൊണ്ടും വണ്ണക്കണ്ണാടികൾകൊണ്ടും നിമ്മിച്ച ഒരെൺകോൺമന്ദിരമാണതു്. അതിനെ ചുററിക്കൊണ്ടു് ചെറിയൊരു കന്മതിലും.

താമരയിൽ കുടികൊള്ളുന്ന ശാരദാദേവിയെയാണ് അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്.

അവിടെ മണിനാദമില്ല. നിവേദ്യമില്ല. തീത്ഥയാത്രക്കാർ കിഴക്കോട്ടഭിമുഖമായിനിന്നു കീത്തനങ്ങൾ പാടുന്നു.

ആ മന്ദിരാങ്കണത്തിലെ മാത്തറയിലിരുന്നുകൊണ്ടാണ് നാരായണഗുരു ആഗതക്കു തത്വോപദേശങ്ങൾ നല്കിയിരുന്നതു്.

അടുത്തുതന്നെയാണ് ഭോജനശാലയും, അഗ്രഹാരവും വൈദികമഠവും.

ആ കുന്നിന്മേൽ കയറുക. കുന്നിൻചെരിവിൽ കുറെ ഉയരത്തിലായി ശ്രീനാരായണഗുരുവിന്റെ വിശ്രമഗൃഹം കാണാം. അദ്ദേഹത്തിൻെറ കട്ടിലും, കിടക്കയും, ഉപധാനവും, ചാരുകസേരയും, കാഷായവസ്ത്രവും മററും ഒരു മുറിയിൽ ഭദ്രമായി വെച്ചിരിക്കുന്നു.

അവിടെനിന്നു നോക്കിയാൽ താഴത്തെ നെൽക്കൃഷിപ്പാടവും ഗ്രാമീണഗൃഹങ്ങളും നിരന്നുകാണാം.

പിന്നേയും, വെട്ടിയിറക്കിയ കൽപ്പടവുകളിലൂടെ

മേല്പോട്ടു കയറി കുറച്ചുദൂരം ചെന്നാൽ കുന്നിൻെറ ഒത്ത മുകളിൽ ഒരു നിരപ്പിൽ ലൗകികമാർഗ്ഗം അവസാനിക്കുന്നു. മുമ്പിൽ, സമാധിമണ്ഡപം; ജീവിതത്തിൻെറ വിരാമചിഹ്നം.

ഓലകൊണ്ടു മേഞ്ഞ ഒരു മേൽപ്പുര മഴയും വെയിലും തട്ടിക്കാതെ ആ മണ്ഡപത്തെ സംരക്ഷിക്കുന്നു.

അവിടെ നിന്നുകൊണ്ടു് ചുററുപാടും ഒന്നു കണ്ണോടിക്കുക. അകലെ അലകടലും, കായലും, വയലും, തെങ്ങിൻതോപ്പുകളും ഇടകലന്നു വിശാലരംഗം പ്രകൃതിയുടെ കളിപ്പൊയ്കപോലെ പരിലസിക്കുന്നു. പരിശുദ്ധമായൊരു പ്രശാന്തതയിൽ ചിന്തകൾ മയങ്ങുന്നു.

ശുദ്ധിയും, ശാന്തിയും, സൗന്ദയ്യവും സാക്ഷാൽക്കരിച്ചതാണു് ശിവഗിരി.

ആ സമാധാനസ്ഥാനത്തിന്റെ മുറ്റത്തു് ഒരു പിലാവു തഴച്ചുനില്ക്കുന്നു. മഹാകവി ടാഗോറും, ശ്രീനാരായണഗുരുവും തമ്മിൽ വേദാന്തവാദങ്ങൾ നടത്തിയതിന്നു സാക്ഷ്യംവഹിച്ചു നില്ക്കുന്ന പിലാവാണതു്.

അടുത്ത കുന്നിൻചെരിവിലും മററുമായി ആതുരശാല, സംസ്കൃതവിദ്യാലയം മുതലായ സ്ഥാപനങ്ങൾ കാണാം. എല്ലാം മറംവകയാണു്. അധഃകൃതരെയും അജ്ഞരെയും ആതുരന്മാരെയും നന്നാക്കിത്തീക്കാനുള്ള മനുഷ്യതാപരമായ പരിശ്രമങ്ങളാണു് ഈശ്വരപൂജയേക്കാൾ മഹത്തായതു് എന്ന തത്വമാണു് വക്കല ശിവഗിരിയിലെ വിവിധസ്ഥാപനങ്ങൾ വിളംബരംചെയ്യുന്നതു്.

ശ്രീനാരായണഗുരു നിത്യശാന്തിയരുളുന്ന ആ കുടീരത്തിലേക്കു നോക്കുമ്പോൾ നാം ഖേദത്തോടെ ചോദിച്ചു

പോകുന്നു: ആ മഹാത്മാവു് ലോകത്തിന്നു പൊതുവെയും, കേരളത്തിന്നു പ്രത്യേകമായും നല്കിയ സന്ദേശത്തേയും, നരവംശത്തിൻെറ ഉൽഗതിക്കുവേണ്ടി ഒരുക്കൂട്ടിവെച്ച ആദർശങ്ങളേയും ഏകീകരണാത്മകമായ മതസിദ്ധാന്തത്തെയും പഠിക്കാനും പ്രവർത്തിക്കാനും പ്രചരിപ്പിക്കാനും കേരളീയജനത വേണ്ടത്ര മുമ്പോട്ടു വന്നില്ലല്ലോ എന്നു്. അദ്ദേഹത്തിൻെറ അടുത്ത അനുയായികൾ ആ ആചാര്യൻെറ ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിലേറെ ശ്രദ്ധ, വസ്തുസംബന്ധമായ അവകാശത്തർക്കങ്ങളിലാണു് പ്രദർശിപ്പിച്ചിരുന്നതു് എന്ന വാസ്തവം പരിതാപകരമാണു്. മനുഷ്യത്വത്തിൻെറ ചക്രവാളത്തിലെ തേജഃപുഞ്ജമായ ആ മഹാത്മാവിനെ, സങ്കുചിതമായ സമുദായത്തിൻെറ നാലുകെട്ടിൽമാത്രം കുടിയിരുത്താൻ ശ്രമിക്കുന്നതും ദയനീയമാണു്.

സാധാരണക്കാർക്കു സുഗ്രഹമായ തത്വോപദേശങ്ങൾവഴി വലിയൊരു ജനവിഭാഗത്തെ വശീകരിച്ചു സംഘടിപ്പിച്ച തന്ത്രജ്ഞനായ ഒരാചാര്യനാണു് ശ്രീനാരായണഗുരു.

"അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ്‌വരേണം."

എന്ന ഗുരൂപദേശം ജനതയുടെ ഭഗവൽഗീതയാണു്. അങ്ങനെയുള്ള ലളിതോപദേശങ്ങൾക്കു ബഹുദൂരം ചെന്നെത്താൻ കഴിയും. ശ്രീനാരായണഗുരുവിൻെറ അത്തരം ഉപദേശഗീതങ്ങൾ ഏററുപാടുന്ന ഒരു ജനതയെ സൃഷ്ടിക്കാനാണു് നാം പരിശ്രമിക്കേണ്ടതു്. ശ്രീനാരായണഗുരു ഒരു പ്രത്യേകസമുദായത്തിൻെറയോ, ജനതയു

ടെയോ, മതത്തിൻെറയോ, നാട്ടിൻെറയോ മാത്രം ഗുരുവാ യിരുന്നില്ലെന്നു നാം മനസ്സിലാക്കണം. അദ്ദേഹം മനുഷ്യ വംശത്തിൻെറ ഒരു മാതൃകാപുരുഷനാണു്. ഈശ്വരനെ പ്പററിയുള്ളതിലധികം മനുഷ്യനെപ്പററി പഠിക്കുകയും പറയുകയും ചെയ്ത മഹാനായ ഒരു മനുഷ്യകഥാനുഗായി യാണു്. അദ്ദേഹത്തിൻെറ ആദർശങ്ങളനുസരിച്ചു നാം എത്രകണ്ടും പുരോഗമിച്ചിട്ടുണ്ടെന്ന പരിശോധനയാ ണു്, ഓരോ ശ്രീനാരായണജയന്തിയുടെയും പരമോദ്ദേ ശ്യം. മതപരമായ അനാചാരങ്ങളും അയിത്തവും നാട്ടിൽ അവശേഷിക്കുന്നകാലത്തോളം, ശ്രീനാരായണജയന്തി അപൂർണ്ണമായൊരാഘോഷമായിരിക്കും. സാഹോദര്യസ്സി ദ്ധമായൊരു ജനസമുദായത്തിൽ, ഐക്യകേരളത്തിൽ ആ മഹാത്മാവിൻെറ ആദർശവൈജയന്തി സ്വച്ഛന്ദം പാറിക്കളിക്കുന്നതു കാണാൻ നമുക്കു സാധിക്കുമാറാകട്ടെ.

# സ്മരണാഞ്ജലി*

കേവലം അജ്ഞതയുടേതായ ഒരു വെടിയുടെ പുക, ആ പുണ്യതേജസ്സിനെ നമുക്കു കാണാൻ കഴിയാതാക്കിത്തീർത്തിട്ട് ഒരുവർഷം തികയാൻ പോകുന്നു. ആ വെടിയുടെ പുകപോലെതന്നെ ഇന്നു ജീവിച്ചിരിക്കുന്ന നമ്മളും ഭൂമുഖത്തുനിന്നു മാഞ്ഞുപോകും. എന്നാൽ ആ അത്ഭുതജ്യോതിസ്സ്—നവഭാരതത്തിൻെറ ആ ധ്രുവതാരം—സഹസ്രാബ്ദങ്ങളെ അതിവർത്തിക്കാനിരിക്കുന്നു. ജനകോടികളുടെ കണ്ണുനീരിൽ കുതിർത്ത സ്മരണകളിലൊന്നു് ഞാനും കുറിക്കട്ടെ.........

1941 ജൂൺമാസം 12-ാംനു-ത്തെ സായാഹ്നം. മഹാത്മജി, ജയിൽവിമുക്തനായി, പൂനയിൽനിന്നു, ബോംബെനഗരത്തിനടുത്ത ജൂഹുവിൽ താമസിച്ചുവരികയായിരുന്നു.

പതിവുപോലെ അന്നും കടപ്പുറത്തുവെച്ചു് ഗാന്ധിജിയുടെ സായന്തനപ്രാർത്ഥനകൾ നടന്നു. ആളുകൾ ആയിരക്കണക്കിൽ ആ സങ്കീർത്തനങ്ങൾ കേട്ടു കണ്ണും കുളുർപ്പിച്ചു; ധ്യാനനിരതനായ ആ യതിവര്യനെക്കണ്ടു പുണ്യം നേടി.

മഹാത്മജി കൂട്ടുകാരികളുടെ ചുമലിൽ കൈയർപ്പിച്ചുകൊണ്ടു് തൻെറ കുടിലിലേയ്ക്കു തിരിച്ചു. ആവേശഭരിതരായി ജയാരവം മുഴക്കിക്കൊണ്ടു് ജനക്കൂട്ടം പിരിഞ്ഞു

---

* 1948-ൽ എഴുതിയതു്.

പോയി. സൂര്യാസ്തമയത്തിൻെറ സുവർണ്ണസ്വപ്നങ്ങൾ മാത്രം ആ സമുദ്രതീരത്ത് സഞ്ചരിച്ചു—കൂടെക്കൂടെ നെടുവീർപ്പിടുന്ന കടൽക്കാററും.

ഞങ്ങൾ—ബോംബെ കേരളീയസമാജത്തിന്റെ ആഭിമുഖ്യത്തിൽ അവിടെ സന്നിഹിതരായ ഒരുസംഘം കേരളീയർ—ഗാന്ധിജിയെ പിന്തുടന്നു. 'ഗാന്ധിഗ്രാമ'ത്തിലേയ്ക്കു—അതൊരു ഗ്രാമമല്ല, കടപ്പുറത്തിന്നടുത്തുള്ള വിശാലമായൊരു തോപ്പാണ്—നടന്നു.

തെങ്ങുകൾ നിറഞ്ഞ, കേരളക്കരയെ അനുസ്മരിപ്പിക്കുന്ന ജൂഹുവിലെ ഗാന്ധിഗ്രാമത്തിലെ പൂഴിമണ്ണിൽ ഞങ്ങൾ ആ മുഹൂർത്തവും പ്രതീക്ഷിച്ചു നിശ്ശബ്ദരായിരുന്നു. ബോംബെ കേരളീയരായ ഞങ്ങൾക്ക് അന്നത്തെ പ്രാത്ഥനായോഗത്തിന്നുശേഷം മഹാത്മജി ഒരു പ്രത്യേക ദശ്നം അനുവദിച്ചിട്ടുണ്ടായിരുന്നു. അഭിമാനംനിറഞ്ഞ ആശകളോടുകൂടി ആ അസുലഭസന്ദർഭത്തെ ഉററുനോക്കിക്കൊണ്ടു കുടിലിൻെറ മുററത്ത് ചുററിപ്പററിനില്ക്കുന്ന ഞങ്ങളോടൊപ്പം ചില പത്രപ്രതിനിധികളും ഉണ്ടായിരുന്നു.

ഞാൻ മെല്ലെ കുടിലിന്നകത്തേയ്ക്ക് ഒന്നെത്തിനോക്കി. മഹാത്മജി, നിലത്തു വിരിച്ച ഒരു ചെറുമെത്തയിൽ ചമ്രംപടിഞ്ഞിരുന്നു, ഗ്ലാസ്സിൽ നിറച്ചുവെച്ച മധുരനാരങ്ങസ്സത്ത് ഒരു പുൽക്കുഴൽകൊണ്ടു മൊത്തിക്കുടിക്കുകയാണ്. സിക്രട്ടറി ഏതോ അടിയന്തരക്കത്തുകൾ നിവത്തിക്കാണിച്ചുകൊണ്ടു സമീപത്തിരിക്കുന്നു. നാരങ്ങനീർ കുടിച്ചു പാത്രം നീക്കിവെച്ചു് ഗാന്ധിജി സിക്രട്ടറിയുടെ കൈയിലെ കത്തുകളിൽ എന്തോ കുത്തിക്കുറിച്ചുകൊടുത്തു.

അന്നൊരു തിങ്കളാഴ്ചയായിരുന്നു. മഹാത്മജിയുടെ മൗനവ്രതദിനം.

എട്ടുമണിയോടടുത്തപ്പോൾ ഒരു വാളൻറിയർ പുറത്തേയ്ക്കുവന്നു ഞങ്ങളെ അറിയിച്ചു: "ബാപ്പുജി വരുന്നുണ്ടു്, തയ്യാറായി നിന്നോളു."

ആ രൂപം പ്രത്യക്ഷപ്പെടുന്നതും നോക്കിക്കൊണ്ടു ഞങ്ങൾ ആവേശത്തോടെ ഒതുങ്ങിനിന്നു.

സുശീലാനയ്യരടക്കം ചില സ്ത്രീകളോടുകൂടി ഗാന്ധിജി മുററത്തേയ്ക്കുവന്നു. കൂടെ സരോജിനിനായഡുവും ഉണ്ടായിരുന്നു.

അർദ്ധനഗ്നനായ ആ സ്വാതന്ത്ര്യതപസ്വി മുറ്റത്തെ ചെറുമണ്ഡപത്തിൽ ഉപവിഷ്ടനായി. ഞങ്ങൾ അടുത്തുകൂടി.

ബോംബെ കേരളീയരെ പ്രതിനിധീകരിച്ചുകൊണ്ടു്, ഞാൻ, മഹാത്മജിയുടെ ആയുരാരോഗ്യത്തിന്നു പ്രാർത്ഥിച്ചുകൊണ്ടുള്ള ഒരു മലയാളകവിത ആദ്യമായി അദ്ദേഹത്തെ ചൊല്ലിക്കേൾപ്പിച്ചു. കവിതാപാരായണം നടത്തുന്ന എന്റെ മുഖത്തേയ്ക്കുതന്നെ ഗാന്ധിജി ശ്രദ്ധയോടും തെല്ലൊരു രസത്തോടുംകൂടി നോക്കിക്കൊണ്ടിരുന്നു.

ഞാൻ അന്നു് ആ മഹാത്മാവിനെ ചൊല്ലിക്കേൾപ്പിച്ച ആ കവിതയിലെ ചില വരികൾ—അഭിമാനത്തോടുകൂടിത്തന്നെ—ഇവിടെ പകർത്തട്ടെ.

ആർഷസംസ്കാരത്തിൻ സത്താമഹിംസയെ-
യാവിഷ്കരിച്ചു സ്വജീവിതത്താൽ
ആവില ലോകത്തിന്നൗഷധം നല്കുന്ന
പാവനമൂർത്തേ ജയിക്ക നീണാൾ!

GRANDHASALA

ന്നൂറാണ്ടുകൾകൊണ്ടു ഭാരതമാർജ്ജിച്ച
നേട്ടമാണിയദ്ധ്നഗ്നരൂപം.
സത്യത്തിൻ കൂടെപ്പിറപ്പു വിജയിക്ക
മർത്ത്യകോടിതൻ ഏത്തുടിപ്പേ!
അങ്ങെക്കെന്നൊഡി മിടിപ്പിലടിമത്ത-
ച്ചങ്ങല പൊട്ടുന്ന നാദം കേൾപ്പൂ.
പാരിന്നു ശാന്തി പകരുവാൻ ഭാരതം
പാരതന്ത്ര്യത്തിങ്കൽനിന്നുയരാൻ
നാല്പതുകോടിത്തടവുകാരങ്ങതൻ
കല്പന കേൾക്കുവാൻ കാത്തിരിപ്പൂ.
അങ്ങെത്തളർച്ച,യുലകിൻെറ നന്മതൻ-
മങ്ങൽ—ഈ ഞങ്ങൾക്കൊരന്ധകാരം.

.......................................

മഹാത്മജിക്കു് ആയുരാരോഗ്യവും മനശ്ശാന്തിയും പ്രാർത്ഥിച്ചുകൊണ്ടു്, ആ മഹാത്മാവിനെ കുനിഞ്ഞു തൊഴുതു് ഞാൻ പിൻവാങ്ങി. അതിന്നുശേഷം, ഞങ്ങളുടെ കൂടെ വന്ന ഒരു മാന്യമലയാളിമഹിള, ഞങ്ങളുടെവക, ഹരിജൻഫണ്ടിലേയ്ക്കു് അഞ്ഞൂറെറാന്നുറുപ്പികയുടെ ഒരു കിഴി ഗാന്ധിജിയുടെ കൈയിൽ സമർപ്പിച്ചു.

ആ കൂടിക്കാഴ്ചയ്ക്കും, സംഭാവനയ്ക്കും മറുപടിയായി, മഹാത്മജിയുടെ മുഖത്തുനിന്നു രണ്ടുവാക്കു് കേൾക്കുവാൻ അന്നത്തെ മൗനവ്രതം ഞങ്ങളെ അനുവദിച്ചില്ല. അദ്ദേഹം ഒരുകഷ്ണം കടലാസ്സിൽ ശ്രദ്ധാപൂർവ്വം എന്തോ കുത്തിക്കുറിച്ചു സരോജിനിനായഡുവിൻെറ കൈയിൽ കൊടുത്തു.

ഞങ്ങളെ വായിച്ചുകേൾപ്പിക്കാനുള്ള ആ സന്ദേശം കൈയിൽ വാങ്ങി, സരോജിനീദേവി കുറേനേരം അതി

ലേയ്ക്കു മിഴിച്ചുനോക്കി. പിന്നെ ഒരു കൊച്ചുവിദ്യാർത്ഥിയുടെ വൃത്തികെട്ട കോമ്പസിഷൻ പരിശോധിക്കുന്ന ശുണ്ഠിക്കാരിയായ ഒരു ഹെഡ്മിസ്ട്രസ്സിന്റെ മുഖഭാവത്തോടെ അവർ ഉറക്കെപ്പറഞ്ഞു: "ആക്കും മനസ്സിലാവാത്ത ഈ തലയിലെഴുത്ത് ഒന്നു പഠിക്കാൻ കുറച്ചുസമയം അനുവദിക്കുക"

ആ റിമാർക്കുകേട്ട് മഹാത്മജി ഒന്നു മന്ദഹസിച്ചു. ഗാന്ധിജിയെ മുമ്പിലിരുത്തി സ്നേഹപൂർവ്വം പരിചരിക്കാനും, അതുപോലെത്തന്നെ പരിഹസിക്കാനും സരോജിനീദേവിക്കുള്ള സാമർത്ഥ്യവും, അതിന്നു ഗാന്ധിജി അവക്കനുവദിച്ചുകൊടുത്ത സ്വാതന്ത്ര്യവും സുപ്രസിദ്ധമാണല്ലോ. ഒടുവിൽ ഇന്നത്തെ ആ വനിതാഗവർണ്ണർ ആ 'തലയിലെഴുത്ത്' ഒരുവിധം വ്യാഖ്യാനിച്ചെടുത്ത് ഞങ്ങളെ വായിച്ചുകേൾപ്പിച്ചു.

"നിങ്ങൾ ബുദ്ധിമുട്ടി എന്നെ സന്ദർശിക്കാൻ വന്നു, ഹരിജനങ്ങൾക്കുവേണ്ടി ഒരു ധനശേഖരം നല്കിയതിൽ ഞാൻ സന്തോഷിക്കുന്നു. അഗതികളുടെ പേരിൽ നിങ്ങൾ കാണിച്ച ഔദാര്യവും ശ്രദ്ധയും അഭിനന്ദനീയമായിരിക്കുന്നു. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കും."

ആ കുറിപ്പ് സരോജിനീദേവിയുടെ കൈയിൽനിന്നും ഒടുവിൽ ഞാൻ കൈവശപ്പെടുത്തി. ഏതോ പത്രവാർത്താകമ്പിസന്ദേശക്കടലാസ്സിന്റെ പുറത്ത് മഹാത്മജി സ്വന്തംകൈകൊണ്ടു കുറിച്ചുതന്ന ആ സന്ദേശം, എന്റെ ജീവിതത്തിലെ ഒരു നിധിപോലെ ഇന്നും ഞാൻ സൂക്ഷിച്ചുവരുന്നുണ്ട്.

# 'നല്ല ഭൂമി'

## ചൈനയിലെ കർഷകജീവിതത്തെ അധികരിച്ച് ഒരമേരിക്കൻ ഗ്രന്ഥകർത്രി എഴുതിയ ലോകപ്രസിദ്ധമായ ഒരു ഗ്രന്ഥം

ഒരു വിദേശത്തെ ജനങ്ങളേയും ജീവിതസമ്പ്രദായങ്ങളേയും ആചാരങ്ങളേയുംപററി എളുപ്പം ഗ്രഹിക്കാൻ സാധിക്കുന്നതു് അവയെ അടിസ്ഥാനമാക്കി രചിക്കപ്പെടുന്ന കഥകളിൽനിന്നും നോവലുകളിൽനിന്നുമാണു്. ഇന്ത്യയുമായി പൗരാണികമായൊരു സാംസ്കാരികബന്ധം പുലർത്തി, അതിപ്രാചീനമായൊരു ചരിത്രത്തോടുകൂടി പല പരിവർത്തനഘട്ടങ്ങളേയും തരണംചെയ്തു നിലനിന്നുവന്ന വിപുലമായ ചൈനയിലെ ജീവിതരീതിയേയും, അവിടത്തെ സാധുകൃഷീവലന്മാരുടെ സരളമനോഭാവങ്ങളേയും, അവരുടെ അദ്ധ്വാനശീലത്തേയും സഹിഷ്ണുതയേയും, ദാരിദ്ര്യത്തേയും, പട്ടിണിയേയും, പ്രകൃതികോപങ്ങളുടെനേക്കു് അവക്കുള്ള മാനസികമായ പ്രത്യാഘാതങ്ങളേയും മററും കോർത്തിണക്കി ഹൃദയാവർജ്ജകങ്ങളായ വിവരണങ്ങളോടുകൂടി വിരചിക്കപ്പെട്ട വിശേഷാത്തരമായ ഒരു ഗ്രന്ഥമാണു് മിസ്സിസ് പേൾബക്കിൻെറ 'നല്ല ഭൂമി' (The Good Earth) എന്ന നോവൽ. നോബൽ സമ്മാനംനേടിയ ഈ അമേരിക്കൻവനിത വളരെക്കാലം ചൈനയിൽ താമസിച്ചു് അവിടത്തെ ജനങ്ങളെ നല്ലവണ്ണം പഠിച്ചു് അവരുടെ ജീവിതങ്ങളുമായി താദാത്മ്യം

പ്രാപിച്ചതുകൊണ്ടാണ് അവർക്ക് വിശ്വാവശ്യമായ ഈ ഗ്രന്ഥം എഴുതി വിജയംപ്രാപിക്കാൻ സാധിച്ചതു്.

ലോകത്തിൻെറ ഏതുകോണിലായാലും, പരിഷ്കാരവും കൃത്രിമത്വവും പടൎന്നുപിടിക്കാത്ത നാട്ടിൻപുറങ്ങളിലെ കൃഷീവലന്മാരുടെ ചിന്താഗതി ഏതാണ്ട് ഒരുപോലെയാണ്. തങ്ങളുടെ നിലം—അതിനെപ്പററിയുള്ള ചിന്തയേ അവൎക്കുള്ളു. തങ്ങൾക്ക് ആഹാരംനല്കുന്ന ഭൂമിയെ അവർ ആദരിക്കുന്നു; ആരാധിക്കുന്നു. ചിലപ്പോൾ വരൾച്ചകൊണ്ടും വെള്ളപ്പൊക്കംകൊണ്ടും അവരുടെ വിളയും ആളുകളും നശിക്കുന്നു. ക്ഷാമംകൊണ്ട് ജനങ്ങൾ പാററകളെപ്പോലെ ചത്തൊടുങ്ങുന്നു. എന്നാലും, അവരുടെ മനസ്സിടിയുന്നില്ല. അതെല്ലാം ശമിച്ചാൽ അവർ വീണ്ടും ആ നല്ലഭൂമിയിലേയ്ക്കുതന്നെ മടങ്ങിച്ചെന്ന് ജീവിതം തുടൎന്നുപോകുന്നു.

ഈ നോവലിൽ പ്രതിപാദിച്ച സംഭവങ്ങൾ ചൈനയിൽ കേവലം സാധാരണങ്ങളാണ്. എന്നാലും അവയ്ക്കു് ആകപ്പാടെ ഒരു പുതുമയുണ്ട്. ആ ചൈനക്കാരന്റെ കുടുംബജീവിതത്തെപ്പററി തുടൎന്നുകേൾക്കുവാൻ നമുക്ക് ഉല്ക്കണ്ഠയുണ്ട്. അവൻെറ ശുദ്ധമനസ്കതയും, അകാരണമായ ക്ഷോഭങ്ങളും, ആസ്തികതയും, മരവിച്ച സംതൃപ്തിയും നമ്മെ ആകൎഷിക്കുന്നു. പഞ്ഞവും പട്ടിണിയും ഒട്ടിപ്പിടിച്ച അവൻെറ ജീവിതത്തിൽ വല്ലപ്പോഴും വിരുന്നു വരുന്ന ഭാഗ്യത്തെ, നമ്മുടെ ഭാഗ്യത്തെ എന്നപോലെ നാം കൊണ്ടാടിപ്പോകുന്നു.

വാങ്ങ്ലങ്ങ് എന്നു പേരായ ഒരു ചീനകൃഷീവലന്റെ കുടുംബചരിത്രമാണ് നോവലിലെ കഥാവസ്തു. ദരിദ്ര

നായ വാങ്ങ്ലങ്ങ് ഒരു ധനികകുടുംബത്തിലെ അടിമപ്പെണ്ണിനെ വിവാഹംചെയ്യുന്ന ദിവസമാണ് കഥ തുടങ്ങുന്നത്. അവൻ പടുവൃദ്ധനായി, അഞ്ചു മക്കളോടും പത്തൊമ്പതു പേരമക്കളോടുംകൂടി, നിലവും കൃഷിയും വർദ്ധിപ്പിച്ച്, സംതൃപ്തിയോടെ ജീവിതമവസാനിപ്പിക്കാൻ പോകുന്ന ഘട്ടത്തിൽ കഥ നില്ക്കുകയും ചെയ്യുന്നു. ഏതാണ്ട് അരശ്ശതാബ്ദത്തോളം വരുന്ന ഈ കാലത്തിന്നിടയിൽ ജീവിതത്തിൻെറ ദയനീയവും ഭയങ്കരവും ജുഗുപ്സാവഹവും നിരാശതാപൂരിതവുമായ പല വശങ്ങളേയും അവർ കടന്നുപോകേണ്ടിവന്നു. ഒടുവിൽ ഭാഗ്യം അവരെ അനുഗ്രഹിച്ചു. അതിൻെറ അനന്തരഫലമായി ഒരു വലിയ കുടുംബം സ്ഥാപിതമായി.

*　　　　*　　　　*

കഥയാരംഭിക്കുന്നു:—

വാങ്ങ്ലങ്ങിൻെറ വിവാഹസുദിനം പുലൎന്നു.

കിടക്കയുടെ കറുത്ത മറശ്ശീല നീക്കി പുറത്തേയ്ക്കു നോക്കിയപ്പോൾ ആ ഉഷസ്സുഷമയുടെ പ്രത്യേകതയ്ക്കു കാരണമെന്താണെന്ന് അവന്നു മനസ്സിലായില്ല. അടുത്ത മുറിയിൽ കിടക്കുന്ന വൃദ്ധനായ പിതാവിൻെറ വാൎദ്ധക്യച്ചുമയൊഴിച്ചാൽ, നിശ്ശബ്ദം. അവൻ കാലത്തുണൎന്നാൽ ആദ്യമായി കേൾക്കുന്നതു് ആ ശ്വാസംമുട്ടിയ ചുമയാണ്. അവൻ അതും കേട്ടുകൊണ്ടു കിടക്കയിൽത്തന്നെ കുറച്ചുനേരംകൂടി മയങ്ങിക്കിടക്കും പിന്നെ കിഴവൻെറ കാലൊച്ച കേൾക്കാം. അപ്പോൾ അവൻ എഴുന്നേററുപോയി കിഴവന്നു കുടിക്കാൻ വെള്ളം കാച്ചും...പക്ഷേ,

ഇന്നു് അവൻ അതിനൊന്നും കാത്തുനിന്നില്ല. അവൻ ഒരു ഉശിരോടെ ചാടിയെഴുന്നേററു കിടക്കയുടെ മറ വലിച്ചുനീക്കി. ചുമരിൽ കിളിവാതിലിന്നു പകരം ചതുരശ്രാകൃതിയിലുള്ള പഴുതിനെ മറച്ചുവെച്ചിരുന്ന കടലാസ്സ് കാററു തട്ടി 'പരപരാ' എന്നു ശബ്ദിച്ചിരുന്നു. അതിന്നുള്ളിലൂടെ പിച്ചളനിറത്തിലുള്ള ആകാശം ദൃശ്യമായി. അവൻ ആ കടലാസ്സു വലിച്ചുചീന്തി ദൂരെയെറിഞ്ഞു. "വസന്തം തുടങ്ങി; ഇനി ഈ കീറക്കടലാസ്സ് വേണ്ടാ." അവൻ തന്നിയേ പറഞ്ഞു. ഇന്നു വീടു വൃത്തിയാക്കിവെക്കണമെന്നു് ഊന്നി വിചാരിക്കാൻതന്നെ അവന്നു ലജ്ജതോന്നി. തൻെറ കൈ കഷ്ടിച്ചു കൊള്ളുന്ന ആ ദ്വാരത്തിലൂടെ അവൻ കൈ തിരുകി പുറമേ വീശുന്ന കാററു് സ്പർശിച്ചുനോക്കി. ഒരു പുതിയ നനുത്തകാററു പതുക്കെ കിഴക്കുനിന്നു വീശിക്കൊണ്ടിരുന്നു. മഴയുംകൊണ്ടുവരുന്ന മർമ്മരത്തോടുകൂടിയ ഒരു മന്ദവായു. ആ ഇളങ്കാററു് ഒരു ശുഭലക്ഷണമാണു്. വയലുകളിൽ വിളയുണ്ടാകാൻ മഴവെള്ളം കിട്ടാൻ വൈകിയിരിക്കയാണു്. ഈ കാററു് ഇങ്ങനെ കുറെദിവസം തുടർന്നുവീശിയാൽ മഴ തീർച്ച.

വാങ്ങ്‌ലങ്ങ് ശരീരം കഴുകാനൊരുങ്ങി. ഇന്നു ശരീരം പതിവുപോലെ പകുതി കഴുകിയാൽ പോരാ; പരിപൂർണ്ണമായൊരു സ്നാനംതന്നെ വേണം. കാരണം, താൻ തൻെറ പെററമ്മയുടെ മടിയിൽ കിടന്ന കാലത്തിന്നുശേഷം ഒരു സ്ത്രീ, തൻെറ നഗ്നമായ ദേഹം ആദ്യമായിക്കാണുന്ന ദിവസം ഇന്നത്രേ. അതാലോചിച്ചുനോക്കിയപ്പോൾ അവനല്പം ലജ്ജിച്ചുപോയി. അവൻ ഒരു ചുരങ്ങാക്കുഞ്ഞി കൊണ്ടു മൺകുടത്തിൽനിന്നു വെള്ളം മുക്കി,

അടുപ്പത്തു കയററിവെച്ച ചെമ്പുകിടാരത്തിലേയ്ക്ക ഒഴിച്ചുതുടങ്ങി. പിന്നെ എന്തോ തീരുമാനത്തോടുകൂടി മൺകുടം പൊക്കിയെടുത്തു വെള്ളം മുഴുവനും ചെമ്പിലൊഴിച്ചു.

വെള്ളം മുഴുവനും ഉപയോഗിച്ചതുകണ്ടു വൃദ്ധൻ ശുണ്ഠിയെടുത്തു.

അവൻ അടുപ്പിൽ വൈക്കോൽത്തുരുമ്പും ചുള്ളിക്കൊമ്പും തിരുകിവെച്ചു, ഒരു ചക്കിമുക്കിക്കല്ലിൽനിന്നു തീ ഉരച്ചുണ്ടാക്കി, അടുപ്പിൽ തീ പിടിപ്പിച്ച് അടുപ്പിന്നരികെ ചിന്താമഗ്നനായിരുന്നു. അവന്നു വെള്ളം ചൂടാക്കേണ്ടിവന്ന ഒടുവിലത്തെ ദിവസമാണിന്ന്. ആറു വൎഷം മുമ്പെ അവൻെറ അമ്മ മരിച്ചതു മുതല്ക്ക് അവൻ വെള്ളം ചൂടാക്കുക, ചായ തിളപ്പിക്കുക, അരി വെയ്ക്കുക, അടിച്ചുവാരുക മുതലായ വീട്ടുജോലികൾ നിത്യവും ചെയ്തുപോന്നു. ഇനി ഇന്നുമുതൽ അതൊക്കെ ചെയ്തുതീക്കാൻ ഒരു പുതിയ പെണ്ണ് അവിടെ പ്രവേശിക്കും.

തൻെറ ഭാവിഭാൎയ്യയെപ്പററി അവന്ന് അധികം അറിവില്ല. 'വളരെ ചെറുപ്പക്കാരിയും സുന്ദരിയുമല്ലാത്ത ഒരടിമപ്പെണ്ണിനെ വേണ'മെന്നാണ് അവൻെറ അച്ഛൻ ഹവാങ്ങ് കുടുംബത്തോട് ആവശ്യപ്പെട്ടത്. വാങ്ങ്ലങ്ങിന്ന് ആ അഭിപ്രായം പിടിച്ചില്ല. എല്ലാവരും അസൂയപ്പെടുന്ന ഒരു സുന്ദരിപ്പെണ്ണിനെ കിട്ടണമെന്നായിരുന്നു അവൻെറ മോഹം. അതു കേട്ടപ്പോൾ കിഴവൻ കയൎത്തു. "ഒരു പച്ചസ്സുന്ദരിയെക്കൊണ്ട് എന്താണെടാ കാൎയ്യം? വീടും കുടിയും നോക്കി, ഗർഭംധരിച്ചാലും വയലിൽ പണിയെടുക്കാൻ മുടക്കം വരുത്താത്ത ഒരു പെണ്ണിനെയാണ്

നമുക്കു വേണ്ടതു്. അവൾ സുന്ദരിയായതുകൊണ്ടുമാത്രം പോരാ. സുന്ദരിപ്പെണ്ണിന്നു തന്റെ വസ്ത്രത്തിൽ ചേരുവപ്പുരളാതെ നോക്കിനടക്കാനും, മുഖം മിനുക്കാനും മാത്രമേ നേരമുണ്ടാകൂ—അതൊന്നും ഇവിടെപ്പററില്ല. നമ്മൾ കൃഷിക്കാരാണു്; പോരെങ്കിൽ ഒരു ധനികകുടുംബത്തിൽ കന്യകാത്വത്തിന്നു ഭംഗം വരാതെ കാലംകഴിച്ചു ഒരു സുന്ദരിയായ അടിമപ്പെണ്ണു ജീവിച്ചതായി ആരെങ്കിലും കേട്ടിട്ടുണ്ടോ? അവിടത്തെ കൊച്ചെജമാനന്മാരെല്ലാം അവളെ വേണ്ടുവോളം അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടാകും. ഒരു സുന്ദരിയായ പെണ്ണിനെ പ്രാപിക്കുന്ന നൂറാമത്തെ ആളെക്കാൾ യോഗ്യൻ, വിരൂപയായ കന്യകയെ ഒന്നാമതായി അനുഭവിക്കുന്നവനാണു്. എടാ, നീ വിചാരിക്കുന്നുണ്ടോ, നിന്റെ വേലചെയ്തു പരുത്ത കൈത്തലം, ഒരു ധനികന്റെ പൂപ്പോലത്തെ കൈത്തലത്തെക്കാൾ ഒരു സുന്ദരി ഇഷ്ടപ്പെടുമെന്നു്, മറയാ!"

തന്റെ കിഴവൻതന്ത പറഞ്ഞതു കാര്യമാണെന്നു വാങ്ങ്ലങ്ങിന്നു മനസ്സിലായി. എന്നാലും തന്റെ ലൈംഗികാഭിലാഷത്തിന്റെ മധുരവശത്തെക്കുറിച്ചു് അവന്നു് അന്തരാ സമരം നടത്തേണ്ടിവന്നു. അവൻ കിഴവനോടു വിഷാദത്തോടെ പറഞ്ഞു:

"എന്നാലും, വസൂരിക്കലകൊണ്ടു കരിഞ്ഞ മുഖമുള്ള പെണ്ണിനേയോ, മുയൽച്ചിറിയുള്ളവളെയോ എനിക്കു വേണ്ടാ."

കിഴവൻ ജല്പിച്ചു: "വരട്ടെ. ചരക്കു് എങ്ങനെയിരിക്കുമെന്നു നമുക്കു കാണാം."

കിഴവൻ, സ്വർണ്ണംപൂശിയ രണ്ടു വെള്ളിമോതി

രവും, വെള്ളികൊണ്ടുള്ള ഒരു കണ്ണാഭരണവും വാങ്ങി, ആ അടിമപ്പെണ്ണിന്നു കൊടുക്കുവാൻ മുമ്പേതന്നെ ഹപാങ്ങ് കുടുംബത്തിലെ ഗൃഹനായികയെ ഏല്പിച്ചിരുന്നു.

വാങ്ങ്ലങ്ങ് കുറച്ചു പണവുമായി തെരുവിലിറങ്ങി. അമ്പട്ടത്തെരുവിൽച്ചെന്ന് അവസ്ഥയിൽ ഒന്നു ക്ഷൗരം ചെയ്യിച്ചു. ചന്തയിൽച്ചെന്നു രണ്ടുറാത്തൽ പന്നിയിറച്ചി വാങ്ങി. കസായി ഒരുണങ്ങിയ താമരയിലയിൽ ഇറച്ചി പൊതിഞ്ഞു കെട്ടുന്ന സമയംകൊണ്ട് അവൻ ആറൗൺസ് മാട്ടുമാംസം വാങ്ങി; അതിൽ ചേർക്കാൻ മസാലയും. അന്നു രാത്രിയിലെ വിവാഹസ്സദ്യയ്ക്കുള്ള സാമാനങ്ങൾ. അവയും പേറികൊണ്ട് അവൻ ഹപാങ്ങ് കുടുംബത്തിൻെറ ഗൃഹത്തിലേയ്ക്കു നടന്നു.

അകത്തു കടക്കാൻ കാവൽക്കാരന്ന് ഒരു വെള്ളിനാണ്യം കൈമടക്കേണ്ടിവന്നു. അങ്ങനെ പല പ്രതിബന്ധങ്ങളും തരണംചെയ്ത് അവൻ ആ ധനികകുടുംബത്തിലെ വൃദ്ധയായ ഗൃഹനായികയുടെ മുമ്പിൽച്ചെന്നു കാര്യം ഉണർത്തിച്ചു.

"ആരവിടെ? ഓലാനെ ഇവിടെ കൂട്ടിക്കൊണ്ടുവരട്ടെ." വൃദ്ധ അലറി.

നീലനിറത്തിലുള്ള മേല്ക്കുപ്പായവും വൃത്തിയുള്ള നീലക്കാലുറയും ധരിച്ചു, പരന്നു കിളരംകൂടിയ ദേഹമുള്ള ഒരു ചെറുപ്പക്കാരി ആനീതയായി.

വാങ്ങ്ലങ്ങ് അവളെ നല്ലവണ്ണം ഒന്നുനോക്കി—അതാണവൻെറ വധു!

അവൾ വൃദ്ധയുടെ മുമ്പിൽ ഭക്തിപൂർവ്വം കൈകോർത്തുകെട്ടി ശിരസ്സു കുനിച്ചു നിലകൊണ്ടു.

"നീ ഒരുങ്ങിയോ?" വൃദ്ധ ചോദിച്ചു.

"ഒരുങ്ങി," ഒരു പ്രതിധ്വനിപോലെ അവൾ പ്രതിവചിച്ചു.

ആ ശബ്ദം വാങ്ങ്ലങ്ങിനെ ആകർഷിച്ചു. നല്ല ശബ്ദം. വളരെ ഉച്ചത്തിലുള്ളതല്ല; വളരെ പതിഞ്ഞതുമല്ല. അവളുടെ തലമുടിക്കു നല്ല വെടിപ്പും മിനുക്കവുമുണ്ട്. പക്ഷേ, അവനൊരു നിരാശതയുണ്ടായി. അവളുടെ കാലടികൾ കെട്ടി ക്രമപ്പെടുത്തിയതല്ല.

വൃദ്ധ, അവളുടെ പെട്ടിയും സാമാനങ്ങളും പുറത്ത് കൊണ്ടുപോയി വെക്കാൻ വേലക്കാരോടു കല്പിച്ചു. വാങ്ങ്ലങ്ങിനെ സമീപം വിളിച്ച് ഇങ്ങനെ പറഞ്ഞു:

"ഈ പെണ്ണ് പത്തു വയസ്സുള്ള ഒരു കുട്ടിയായിരുന്ന കാലത്താണ് ഞങ്ങളുടെ കുടുംബത്തിൽ വന്നത്. ഇന്നിവൾക്കു പ്രായം ഇരുപതായി. ഞാൻ ഇവളെ ഭയങ്കരമായ ക്ഷാമംബാധിച്ച ഒരു കൊല്ലം, തിന്നാനൊന്നും കിട്ടാതെ വടക്കൻദിക്കിൽനിന്നു തെണ്ടിവന്ന ഒരു മാതാപിതാക്കന്മാരോടു വിലകൊടുത്തു വാങ്ങിയതാണ്. അവർ ഷാൻടുങ്ങ് നാട്ടുകാരായിരുന്നു. അവർ മടങ്ങിപ്പോയതിൽ പിന്നെ അവരെപ്പറ്റി ഒന്നും കേട്ടിട്ടില്ല. നോക്കൂ, അവൾക്കു പരന്നുബലമുള്ള ദേഹവും, ചതുരത്തിലുള്ള താടിയെല്ലുമാണുള്ളത്. അവൾ നിനക്കു വയൽപ്പണിക്കും, വെള്ളം വലിക്കുവാനും മററും വളരെ ഉപകരിക്കും. അവൾക്ക് അഴകില്ല. അഴകുള്ള പെണ്ണിനെക്കൊണ്ടു നിനക്ക് ഉപകാരപ്പെടുകയുമില്ല. വിശ്രമിക്കാനും വിനോദിക്കാനും സമയം കിട്ടുന്നവക്കാണ് സുന്ദരികളെക്കൊണ്ടു കാര്യം. അവൾക്കു ബുദ്ധിസാമർത്ഥ്യമില്ലെങ്കിലും, പറഞ്ഞുകൊടു

ത്താൽ എന്തും ചെയ്യിക്കാം. നല്ല ഒതുക്കമുള്ള സ്വഭാവമാണ്. ഞാൻ അറിഞ്ഞേടത്തോളം അവളൊരു കന്യകയാണ്. അവഠം അടുക്കളയിൽ കഴിഞ്ഞുകൂടുന്നവളാണെങ്കിലും എന്റെ മക്കളേയോ, പേരമക്കളേയോ കൊതിപ്പിക്കത്തക്ക സൗന്ദര്യം അവഠംക്കില്ല. വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അതു വാല്യക്കാരാരെങ്കിലുമായിരിക്കും. വേറേ, അഴകുള്ള അടിമപ്പെൺകൊടികഠം അടുക്കളയിൽ അങ്ങുമിങ്ങും ഓടിനടക്കാനുള്ളപ്പോഠം അതും സംഭവിക്കാനിടയില്ല. അവളെ കൊണ്ടുപോയി വേണ്ടപോലെ ഉപയോഗപ്പെടുത്തിക്കൊള്ളൂ. ഒരു ചുറുചുറുക്കില്ലാത്ത മന്തിയാണെങ്കിലും അവഠം നല്ലൊരടിമപ്പെണ്ണാണ്...."

വൃദ്ധ പിന്നെ ഓലാന്റെ നേരെ തിരിഞ്ഞിരുന്നുപദേശിച്ചു: "അവനെ അനുസരിയ്ക്കൂ. അവന്നു പിന്നെയും പിന്നേയും മക്കളെ പെററു പെരുക്കിക്കൊടുക്കൂ.....ഒന്നാമതായി ജനിച്ച കുഞ്ഞിനെ എന്റെ അടുക്കൽ കൊണ്ടുവരണം."

ആ പുതിയ ദമ്പതികഠം പുറത്തുകടന്നു. വലിയ പെട്ടി വാങ്ങ്ലങ്ങ് ചുമലിലേററി. ഇറച്ചിസ്സാമാനങ്ങഠം നിറച്ച കൊട്ട ഓലാൻ കൈയിൽ തൂക്കിയെടുത്തു.

അന്നുരാത്രി വിവാഹസദ്യ നടന്നു. വാങ്ങ്ലങ്ങിന്റെ അമ്മാമനടക്കം ഏഴുപേർ ഉണ്ടായിരുന്നു. വിഭവങ്ങഠം ഒരുക്കിയതു് ഓലാൻതന്നെയാണ്.

വിരുന്നുണ്ണുമ്പോഠം ഫലിതക്കാരനായ അമ്മാമൻ പറഞ്ഞു: "ആ ചിത്രശലഭംപോലത്തെ പുരികക്കൊടിയുള്ള മണവാട്ടിയെ ഞങ്ങഠംക്കൊന്നു കാണണ്ടേ?"

വാങ്ങ്ലങ്ങ് ഗൗരവത്തോടെ മറുപടി പറഞ്ഞു:

"ഞങ്ങൾ രണ്ടുപേരും ഒന്നുചേൎന്നിട്ടില്ല. ഞാൻ എൻെറ ഭൎത്തൃധൎമ്മം നിറവേററുന്നതിന്നുമുമ്പ് അവളെ അന്യരുടെ മുമ്പിൽ കൊണ്ടുവരുന്നതു് ഉചിതമല്ല."

അൎദ്ധരാത്രി കഴിഞ്ഞു. അതിഥികളെല്ലാം പോയ്ക്കഴിഞ്ഞു.

വാങ്ങ്ലങ്ങ് വധുവെ ചെന്നുനോക്കിയപ്പോൾ അവൾ കാളക്കുട്ടിയുടെ അടുക്കെ ഒരു വൈക്കോൽക്കെട്ടിന്മേൽ ഉറങ്ങിക്കിടക്കുന്നതാണു കണ്ടതു്.

അവൻ അവളെ വിളിച്ചുണൎത്തിയപ്പോൾ അവൾ ഭയപ്പെട്ടു് അടിയേല്ക്കാതിരിക്കാൻ ചെയ്യുന്നതുപോലെ കൈ നീട്ടിത്തടുത്തു. അവന്നു സഹതാപം തോന്നി. മയക്കംതീൎന്നു ശരിക്കു് കണ്ണുതുറന്നപ്പോൾ അവൾ അവനെ മുമ്പിൽക്കണ്ടു പരിഭ്രമിച്ചു. അവൻ അവളെ, താൻ രാവിലെ സ്നാനംചെയ്ത മുറിയിലേയ്ക്കു കൈപിടിച്ചു് കൂട്ടിക്കൊണ്ടുപോയി. പിന്നെ മേശപ്പുറത്തു് ഒരു ചുകന്ന മെഴുകുതിരി കത്തിച്ചുവെച്ചു. മുറിയിൽ രണ്ടുപേരും മാത്രമേ ഉള്ളു എന്നോൎത്തപ്പോൾ അവന്നു വല്ലാതെ ലജ്ജതോന്നി. അവൻ വിചാരിച്ചു:"അതാ നില്ക്കുന്നു എൻെറ പെണ്ണു്—ഇനി അതു നിറവേററിയേ കഴിയൂ."

അവൻ തൻെറ കുപ്പായം ഊരി. അവൾ മൂലയിലേയ്ക്കു് ഇഴഞ്ഞുചെന്നു കിടയ്ക്ക വിരിച്ചു. അവൻ അവളെനോക്കി ഉറക്കെപ്പറഞ്ഞു: "നീ ഉറങ്ങാൻ കിടക്കുമ്പോൾ വെളിച്ചം കെടുത്തിയേക്കണം."

പിന്നെ അവൻ കിടന്നു—തടിച്ച വിരിപ്പു് ചുമലിൽ വലിച്ചിട്ടു മൂടി, മുറുകിയ ഉറക്കംനടിച്ചു കിടന്നു. അവൻ വിറയ്ക്കുന്നുണ്ടായിരുന്നു. അവൻെറ ശരീരത്തിലെ

മാംസത്തോടു ബന്ധപ്പെട്ട ഓരോ ഞരമ്പും ചലിച്ചു തുടങ്ങി. കുറച്ചുസമയം കഴിഞ്ഞു: മുറിയിൽ മുഴുത്ത ഇരുട്ട്. ആ സ്ത്രീ വിരിപ്പിലേയ്ക്കു സാവധാനം ഇഴഞ്ഞുവരുന്ന ചലനം അവന്നനുഭവപ്പെട്ടു. അവന്നു ദേഹമാകെ വിങ്ങി പ്പൊട്ടിപ്പിളരാറായപോലെ തോന്നി. ഒരു പരുത്ത ചിരി ചിരിച്ചുകൊണ്ടു് അവൻ അവളെ കെട്ടിപ്പിടിച്ചു.

* * *

അങ്ങനെ ദിവസങ്ങൾ കുറേ കഴിഞ്ഞു.

"ഇരുവരും വയലിൽ വേലചെയ്യുകയാണു്. വേനലിന്റെ പ്രാരംഭമായതുകൊണ്ടു്, വെയിൽ അവൎക്കെതിരെ കുത്തനെ വന്നു തറയ്ക്കുന്നുണ്ടു്. അവളുടെ മുഖത്തു വിയൎപ്പു പൊടിഞ്ഞുതുടങ്ങി. വാങ്ങ്ലങ്ങ് കോട്ടഴിച്ചു പുറം തുറന്നിട്ടു വേലതുടൎന്നു. എന്നാൽ അവൾ തന്റെ ചുമൽ മറച്ചിരുന്ന വസ്ത്രം നീക്കിയില്ല അതു് വിയൎപ്പുനനഞ്ഞു് തോലുപോലെ അവളുടെ ദേഹത്തോടൊട്ടിപ്പിടിച്ചു. അവർ അന്യോന്യം ഒന്നും ഉരിയാടുന്നില്ല. അവൾ കിളയ്ക്കുന്ന താളത്തിനൊപ്പം താനും കിളയ്ക്കുന്നതുകൊണ്ടു് അവൻ പ്രവൃത്തിയുടെ ക്ലേശമറിയുന്നില്ല. അവന്നു ഗാഢമായ ചിന്തയൊന്നുമില്ല. വേലയുടെ താളമൊത്ത അനുസ്യൂതചലനംമാത്രം. സൂൎയ്യപ്രകാശത്തിന്നെതിരെ സ്വന്തം മണ്ണു കിളച്ചുമറിക്കുക. തങ്ങളുടെ ദേഹത്തെ നിലനിൎത്തുന്നതും, വീടുതീൎത്തതും, ഈശ്വരവിഗ്രഹങ്ങളെ നിൎമ്മിച്ചതും ആ മണ്ണാണു്. ആ മണ്ണു് മുന്നിൽ കറുത്തു ഫലവത്തായിക്കിടക്കുന്നു! കിളയ്ക്കുന്ന കൈക്കോട്ടിന്റെ തലയ്ക്കൽ അതു മെല്ലെ ചിതറിവീഴുന്നു. ചിലപ്പോൾ അതി

ന്നിടയിൽ ഒരിഷ്ടികക്കഷണമോ, മരക്കഷണമോ കണ്ടേ ക്കാം. സാരമില്ല. ഒരുകാലത്ത്—എത്രയോകൊല്ലം മുമ്പ്—മനുഷ്യശരീരങ്ങളെ അവിടെ മറവുചെയ്തിട്ടുണ്ടാ കാം—അവിടെ വീടും കുടികളും നിന്നിരിക്കണം. അവ യെല്ലാം ഇടിഞ്ഞുതകൎന്നു മണ്ണടിഞ്ഞുപോയി. അങ്ങനെ തന്നെ തങ്ങളുടേയും വീടും കുടികളും ദേഹവും അവിടെ ത്തന്നെ മണ്ണടിഞ്ഞു കലാശിക്കണം!..."

അങ്ങനെ പോകുന്നു ആ ചീനകൃഷികന്റെ സരള മായ തത്വചിന്തകൾ.

സൂര്യാസ്തമയംവരെ അവർ വേലചെയ്തു. അവൻ നി വൎന്നുനിന്ന് അവളെ ഒന്നു നോക്കി. മണ്ണും പൊടിയും വി യൎപ്പിൽ ഒട്ടിപ്പിടിച്ച്, അവൾ ഏതാണ്ട് ഒരു മൺകട്ട പോലെയായിട്ടുണ്ട്.

ഒരു കരിച്ചാൽ പതുക്കെ മാടിക്കൊണ്ട്, തന്റെ പ തിവുപോലുള്ള സ്വരത്തിൽ അവൾ പറഞ്ഞു: "എനിക്കു വയററിലുണ്ട്."

ആ വാക്കുകൾ അവൾ പറഞ്ഞമാതിരി കേട്ടാൽ, 'ഞാൻ ചായ കൊണ്ടുവന്നിട്ടുണ്ടെ'ന്നോ, 'നമുക്കിനി ഉ ണ്ണാം' എന്നോ മറേറാ പറയുന്നത്ര പ്രാധാന്യമേ അവൾ കല്പിച്ചുള്ളു എന്നുതോന്നും.

വാങ്ങ്ലങ്ങ് അമ്പരന്നുപോയി. ആ ജീവിയോട് എന്തുപറയാനാണ്? അവൻ അവളുടെ കൈയ്യൊട്ടു പി ടിച്ചു: "മതി ഇന്നു പണിയെടുത്തതു്, നമുക്ക് തന്തയോടു ചെന്നു പറയാം."

കിഴവൻ സായാഹ്നഭക്ഷണത്തിന്നു നേരംവൈകി വെറിപിടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു.

അവരെക്കണ്ടപ്പോൾ വൃദ്ധൻ അലറി, "വയസ്സുകാലത്ത് എനിക്കിങ്ങനെ കാത്തിരിക്കാൻ കഴിയില്ല."

വാങ്ങ്ലങ്ങ് മുറിയിലേയ്ക്കു കടന്നു മെല്ലെ പറഞ്ഞു: "പെണ്ണിന്നു വയററിലുണ്ടു്."

കിഴവൻെറ ഭാവം പകൎന്നു. തെല്ലുനേരം മിഴിച്ചിരുന്നതില്പിന്നെ ആ വയസ്സൻ 'കി-ക്കി-ക്കി' എന്നു ചിരിച്ചു, അകത്തേയ്ക്കു വരുന്ന സ്നുഷയെ നോക്കിക്കൊണ്ടു ചോദിച്ചു: "ആങ്ഹാ—കൊയ്ത്തുകാലം കണ്ടുതുടങ്ങി, ഇല്ലേ?"

* * *

ഒരുനാൾ സന്ധ്യ മയങ്ങുന്നതിന്നുമുമ്പാണു് അവൾക്കു് ഈററുനോവു പുറപ്പെട്ടതു്. തനിക്കു സഹായത്തിന്നു് ആരും വേണ്ടെന്നു് അവൾ ശഠിച്ചു. ഇരുവരും വയലിൽ പണിയെടുക്കുകയായിരുന്നു. പെട്ടെന്നു് അവൾ നിവൎന്നുനിന്നു. അവളുടെ കൈയിൽനിന്നു് അരിവാൾ താഴെവീണു. അവളുടെ നെററിമേൽ ഒരു വലിയ സ്വേദകണം മിന്നി—ഒരു പുതിയ നൊമ്പരത്തിൻെറ വിയൎപ്പുതുള്ളി.

"അതു് അടുത്തിരിക്കുന്നു." അവൾ പതുക്കെ പറഞ്ഞു: "ഞാൻ വീട്ടിലേയ്ക്കു പോകട്ടെ. ഞാൻ വിളിക്കുന്നതുവരെ എൻെറ മുറിക്കകത്തു വരണ്ട—വരുമ്പോൾ ചീന്തി മൂൎച്ചവരുത്തിയ ഒരോടക്കഷണം കൊണ്ടുവരണം—മറു അറുക്കാൻ."

അവൾ ഗൃഹത്തിലേയ്ക്കു നടന്നു. വാങ്ങ്ലങ്ങ് ഓടപ്പുല്ലം തിരഞ്ഞു് അടുത്ത വയലിലേക്കും പോയി. മടങ്ങി

വന്നപ്പോൾ, ഭക്ഷണം ചൂടോടെ മേശപ്പുറത്തു തയ്യാറാക്കി വെച്ചിട്ടുണ്ട്. "പ്രസവവേദനയ്ക്കിടയിലും അവൾ എന്റെ ഭക്ഷണം മറന്നിട്ടില്ല—വല്ലാത്തൊരുത്തി!" അവൻ തനിയേ പറഞ്ഞു. പിന്നെ അവളുടെ മുറിക്കുനേരെ ചെന്നനിന്ന് അവൻ വിളിച്ചുപറഞ്ഞു: "പുല്ലൊടി ഇതാ, എടുത്തോളൂ."

അവൾ വാതിലിന്റെ വിള്ളലിലൂടെ കൈ പുറത്തേക്കു നീട്ടി ഓടപ്പുല്ലുവാങ്ങി. വളരെദൂരം ഓടിയ ഒരു മൃഗത്തേപ്പോലെ അവൾ കിതയ്ക്കുന്നതുമാത്രം അവൻ കേട്ടു.

ആ മൃഗീയമായ കിതപ്പും ശ്രദ്ധിച്ചുകൊണ്ട് വാങ്ങ് ലങ്ങ് പുറത്തു കാത്തുനിന്നു. പിന്നെ പുതിയ ചുടുരക്തത്തിന്റെ ഒരു നാററം, ആ വാതിൽപ്പഴുതിലൂടെ പുറത്തുവന്നു. ആ അറയ്ക്കുന്ന മണം അവനെ ഭയവിഹ്വലനാക്കി. അവളുടെ കിതപ്പിന്റെ ശക്തിയും വേഗവും വർദ്ധിച്ചു. അടക്കിപ്പിടിച്ച ചില ഞരക്കങ്ങൾ—അല്ലാതെ അവൾ ഉറക്കെ ഒരു ശബ്ദവും പുറപ്പെടുവിച്ചില്ല. അവന്ന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല പെട്ടെന്ന് ഒരു നേർത്ത പുതിയ കരച്ചിൽ അവനെ എല്ലാം വിസ്മരിപ്പിച്ചു.

"ആണാണോ?" ആ സ്ത്രീയെ അവഗണിച്ചുകൊണ്ട് അവൻ വിളിച്ചുചോദിച്ചു.

ആ നേർത്ത കരച്ചിൽ ഒന്നുകൂടി കേൾക്കായി.

അക്ഷമനായി അവൻ വീണ്ടും കൂകി: "ഇതുമാത്രം പറഞ്ഞാൽ മതി, ആണാണോ?"

ഒരു പതിഞ്ഞ പ്രതിദ്ധ്വനിപോലെ അകത്തുനിന്നു സ്ത്രീ പ്രതിവചിച്ചു:

"ആണ്."

അവൻ തിരികെ പോയി ഒരു ബഞ്ചിൽ ഇരുന്നു. "എത്ര വേഗത്തിലാണ് അതെല്ലാം നടന്നതു്!" അവൻ തനിയെ ഇരുന്നാലോചിക്കയാണ്. കിഴവൻ ഭക്ഷണം കഴിഞ്ഞു് ഉറങ്ങുകയായിരുന്നു. അവൻ കിഴവൻെറ ചുമലിൽ പിടിച്ചുകുലുക്കിക്കൊണ്ടു പറഞ്ഞു: "ആൺപിള്ളയാണ്. അപ്പൻ ഒരു മുത്തച്ഛനായി, ഞാൻ ഒരച്ഛനും."

തന്ത ഉറക്കെ ചിരിച്ചുകൊണ്ടു് എഴുനേററിരുന്നു് ഒരു ഭ്രാന്തനെപ്പോലെ പറഞ്ഞു: "മുത്തശ്ശൻ, മുത്തശ്ശൻ, മുത്തശ്ശൻ."

ഭക്ഷണം കഴിഞ്ഞതിൽപ്പിന്നെ അവൻ വീണ്ടും അവളുടെ മുറിക്കടുത്തു ചെന്നുനിന്നു. അവൾ അവനെ അകത്തേയ്ക്കു വിളിച്ചു.

ചിന്തിയ ചോരയുടെ നാററം മുറിയിൽ പാറിക്കിടന്നിരുന്നു. പക്ഷെ, അതിൻെറ ലക്ഷണം, ഒരു വലിയ മരികയിലല്ലാതെ മറെറങ്ങും കണ്ടില്ല. അവൾ മരികയിൽ വെള്ളമൊഴിച്ചു് അതു് കട്ടിലിന്നടിയിലേയ്ക്കു നീക്കിവെച്ചിരുന്നു. മുറിയിൽ ഒരു ചുകന്ന മെഴുത്തിരി നിന്നു കത്തുന്നുണ്ടു്. അവൾ ഒരു വൃത്തിയുള്ള തുണികൊണ്ടു ദേഹം മുഴുവനും മൂടിക്കിടക്കുകയാണ്. അരികെ, അവൻെറ ഒരു പഴയ കാലുറയിൽ പൊതിഞ്ഞു കുഞ്ഞിനെ പോററിക്കിടത്തിയിട്ടുണ്ടു്. അവൻ കുനിഞ്ഞുനിന്നു കൗതുകത്തോടെ കുഞ്ഞിനെ സൂക്ഷിച്ചുനോക്കി. കരുവാളിച്ച ഒരു ചെറിയ വട്ടത്തിലുള്ള ചുളിഞ്ഞ മുഖം. ശിരസ്സിൽ നനുത്തു കറുത്ത നീണ്ട മുടിയുണ്ടു്. അതു കരച്ചിൽ നിറുത്തി, മിഴി മുറുകെയടച്ചു് അനങ്ങാതെ കിടക്കുകയാണ്.

പിന്നീട് അവൻ അവളെ സഹതാപത്തോടെ ഒന്നു നോക്കി. നൊമ്പരത്തിൻെറ വിയപ്പുകൊണ്ടു് മുടിയുടെ നനവു തോന്നിട്ടില്ല. അവളുടെ ഇടുങ്ങിയ മിഴികൾ ചാമ്പി മയങ്ങിക്കിടക്കുന്നു. വേറെ ഒരു മാററവും പുറമെ കാണുന്നില്ല.

"നാളെ ഞാൻ പട്ടണത്തിൽപ്പോയി ഒരുറാത്തൽ ചുകന്ന പഞ്ചസാര വാങ്ങിക്കൊണ്ടുവന്നു, ചുടുവെള്ളത്തിൽ കലക്കിക്കുടിക്കുവാൻ നിനക്കു തരുന്നുണ്ടു്." അവൻ അവളെ സമാധാനിപ്പിച്ചു. പിന്നെ വീണ്ടും കുഞ്ഞിൻെറനേക്കു കണ്ണയച്ചുകൊണ്ടു് അവൻ തുടന്നു: "നമുക്കു് ഒരു കൊട്ടനിറയെ കോഴിമുട്ട വാങ്ങി, ചുകപ്പിച്ചു്, ഗ്രാമക്കാക്കു കൊടുക്കണം. എനിക്കു് ഒരാൺകുട്ടി പിറന്ന വത്തമാനം അവരോരോരുത്തരും അറിയട്ടെ."

* * *

അങ്ങനെ ഇരുവരും 'ഭൂമിദേയ ശരണം' എന്നു കരുതി അനസ്യൂതമായി അദ്ധ്വാനിച്ചതിന്റെ ഫലമായി വിളവദ്ധിച്ചു. ധാന്യങ്ങൾ വലിയ ചൂരൽക്കൊട്ടകളിൽ സംഭരിച്ചുവെക്കാനും കൂടെക്കൂടെ വില്ക്കാനും സാധിച്ചു. സമ്പാദിച്ച വെള്ളിനാണ്യങ്ങൾ മൺചുമരിനുള്ളിൽ ഭദ്രമായി നിക്ഷേപിക്കപ്പെട്ടു. അങ്ങനെ ധനം വദ്ധിച്ചപ്പോൾ, വാങ്ലങ്, ഓലാൻ പണ്ടു് അടിമയായിപ്പാത്തിരുന്ന ഹ്വാങ്കുടുംബത്തിൻെറ ചില ജന്മസ്ഥലങ്ങൾ വിലയ്ക്കുവാങ്ങി വലിയതോതിൽ കൃഷി നടത്തിത്തുടങ്ങി.

ഓലാൻ വീണ്ടും ഒരാൺകുട്ടിയെ പ്രസവിച്ചു. വീണ്ടും

ഒരു പ്രസവം; പക്ഷേ, അതൊരു പെൺകുട്ടിയായിരുന്നു. വാങ്ങ്ലങ്ങിന്റെ മുഖം മങ്ങി.

“ഒരു പെൺകുട്ടി കുടുംബത്തിന്നു ശുഭസൂചകമായ ഒന്നല്ല.”

മഴയുടെ കാലംതെററി; പക്ഷേ, ഒരുതുള്ളി പെയ്തില്ല! വരംച്ചകൊണ്ടു് വിള നശിച്ചുതുടങ്ങി ക്ഷാമത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. പകൽ മാരിക്കാർകൊണ്ടു് മങ്ങിക്കാണേണ്ടുന്ന ആകാശം ഉജ്ജ്വലമായി വെട്ടിത്തിളങ്ങി. രാത്രിയിൽ നക്ഷത്രങ്ങൾ ക്രൂരമായി പ്രകാശിച്ചു.

നനവുകിട്ടാതെ ധാന്യങ്ങളുടെ മുളകൾ കരുവാളിച്ചു തലകുനിച്ചു നശിച്ചു. വാങ്ങ്ലങ്ങ് കോതമ്പക്കൃഷി തീരെ ഉപേക്ഷിച്ചു, നെൽക്കൃഷിയിൽമാത്രം ശ്രദ്ധപതിപ്പിച്ചു. അവൻ ഒരു മുളക്കാവണ്ടത്തിൽ തൊട്ടികൾ തൂക്കിയിട്ടു് ദൂരെപ്പോയി വെള്ളംനിറച്ചു് നെല്ക്കണ്ടങ്ങളിൽ നീർതളിച്ചു. അവന്റെ ചുമൽ തഴമ്പിച്ചു വ്രണപ്പെട്ടിട്ടും മഴയ്ക്കു കനിവുണ്ടായില്ല.

ക്രമേണ കുളത്തിലെ വെള്ളവും വററി. കുളത്തിന്റെ അടിഭാഗം ഒരു കളിമൺകട്ടയായിത്തീൻ. കിണററിലെ വെള്ളത്തിന്റെ അവസാനവും കണ്ടുതുടങ്ങി.

മാസങ്ങൾ പിന്നേയും കഴിഞ്ഞു; മഴയില്ല. വീട്ടിലെ ധാന്യം മുഴുവനും തീൻ. ഒടുവിൽ അവർ, അവരുടെ വയലിൽ അദ്ധ്വാനിച്ചു് അവരെ സഹായിച്ചിരുന്ന കിഴവൻ കാളയെ കൊന്നുതിന്നു.

പട്ടിണി ഗ്രാമക്കാരെ ഭ്രാന്തന്മാരാക്കി. അവർ വാങ്ങ്ലങ്ങിന്റെ വീട്ടിൽ ഒരു പകൽക്കൊള്ള നടത്തി. അവസാനത്തെ ധാന്യമണികൂടി അവർ പെറുക്കിക്കൊണ്ടുപോയി.

ക്ഷാമം! അതിഭയങ്കരമായ ക്ഷാമം! ജനങ്ങരം മരത്തൊലികളും പുല്ലും വേവിച്ചുതിന്നു. പട്ടിണികൊണ്ടു ചത്ത മൃഗങ്ങളേയും ശേഷിച്ചവയേയും ജനങ്ങരം തിന്നൊടുക്കി.

വാങ്ങ്ലങ്ങിൻെറ അച്ഛൻ പറഞ്ഞു: "ഇതൊന്നും സാരമില്ല. ഇതിനെക്കാരം ഭയങ്കരമായ ക്ഷാമം ഉണ്ടായിട്ടുണ്ട്. ആളുകരം സ്വന്തം പൈതങ്ങളെ കൊന്നുതിന്നുന്നതു് ഞാനെൻെറ സ്വന്തം കണ്ണുകൊണ്ടു് കണ്ടിട്ടുണ്ട്."

ഒരുദിവസം അയൽപക്കക്കാരനായ ചിങ്ങ് ഒരു ഭയങ്കരവത്തമാനവുംകൊണ്ടുവന്നു. "പട്ടണത്തിലെ നായ്ക്കളേയും കുതിരകളേയുമെല്ലാം തിന്നുതീൎത്തുകഴിഞ്ഞു. ഇനി അവർ മനുഷ്യമാംസം തിന്നാൻ തുടങ്ങിയിരിക്കുന്നു. നിൻെറ അമ്മാമനും അമ്മായിയും അതാണ് തിന്നുന്നതു്."

വാങ്ങ്ലങ്ങ് തരിച്ചുനിന്നുപോയി. അപ്രദേശത്തു് ഒരു മിനുട്ടുകൂടി താമസിക്കരുതെന്ന് അവന്നു തോന്നി. അവൻ ഓലാനെ വിളിച്ചു പറഞ്ഞു: "പെണ്ണേ, ഒരുങ്ങിക്കോളു. നമുക്കു തെക്കോട്ടു യാത്രചെയ്യാം."

ഗർഭിണിയായ ഓലാന്നു പ്രസവസമയം സമീപിച്ചതായി അറിവായി. അതുകൊണ്ടു് അവരം പറഞ്ഞു: "നാളെപ്പോകാം. ഇന്നു ഞാൻ പ്രസവിക്കുമെന്നാണ് തോന്നുന്നതു്."

വീട്ടിൽ ഒരൊററമണി അരിപോലുമില്ല. വാങ്ങ്ലങ്ങ് സ്നേഹിതനായ ചിങ്ങിൻെറ അരികെ ചെന്നു കെഞ്ചി: "എൻെറ ഭാൎയ്യ പട്ടിണികിടന്നു പെററു ചാകാനിടവരും. ഒരു പോങ്ങ ധാന്യംതന്ന് അവളെ രക്ഷിക്കണം."

ദയാലുവായ ചിങ്ങ് ഒരു കുടന്ന ചുകന്ന അവരവിത്തു

കൊടുത്തു. കിഴവനും പിള്ളരും അതു പിടിച്ചുപറിക്കാൻ നോക്കി. പക്ഷേ, വാങ്ങ്ലങ്ങ് അതു ഭദ്രമായി ഭാൎയ്യയുടെ കൈയിലെത്തിച്ചു. അതിൽനിന്നു കുറച്ചു മണിമാത്രം വാങ്ങ്ലങ്ങ് എടുത്തു വായിലിട്ടു ചവച്ചരച്ചു പശപോലെയാക്കി ഏററവും ചെറിയ കുഞ്ഞിന്റെ വായിലേയ്ക്കു പതുക്കെ പകൎന്നുകൊടുത്തു.

ഓലാൻ ആ അവരമണി ഓരോന്നായി കൊറിച്ചുകൊണ്ടു് ക്ഷമയോടെ പ്രസവസമയവും കാത്തുകിടന്നു.

പതിവുപോലെ അവൾ ആ വലിയ മരികയിൽ കവച്ചിരുന്നു പ്രസവിച്ചു. പിള്ളയുടെ കരച്ചിൽ—ദുർബ്ബലമായ നേൎത്ത ഒരു ക്രുകൽമാത്രം—വാങ്ങ്ലങ്ങ് പുറമേ കേട്ടു. കുട്ടി ആണോ പെണ്ണോ എന്നറിവാൻ ഇപ്പോഴവനു ഉൽക്കണ്ഠയില്ല. "ആണായാലെന്തു്, പെണ്ണായാലെന്തു്, നിറയ്ക്കാൻ ഒരു വായകൂടി."

"അകത്തു വരൂ," അവൾ അവനെ വിളിച്ചു. അവൻ അകത്തുകടന്നു.

കുഞ്ഞിൻെറ മൃതശരീരമാണു് അവൻ കണ്ടതു്. അതിൻെറ കഴുത്തിൽ രണ്ടു വിരല്പാടുകൾ കറുത്തു കിടന്നിരുന്നു. അവന്നു കാൎയ്യം മനസ്സിലായി: അവൻ ഒന്നും പറഞ്ഞില്ല.

വിശപ്പു സഹിക്കാതെ കുട്ടികൾ അവരുടെ വയലിൽനിന്നു മാന്തിയെടുത്ത കളിമണ്ണു് തിന്നാൻ തുടങ്ങി.

പിറേറന്നു് അവർ തെക്കോട്ടുള്ള ആ ദീർഘയാത്രയ്ക്കൊരുങ്ങി. തന്തയും കുട്ടികളും എല്ലാം പട്ടിണികൊണ്ടു പിടച്ചു മരിച്ചാലും തങ്ങളുടെ നല്ല ഭൂമി വില്ക്കുകയില്ലെന്നു് അവർ തീർച്ചപ്പെടുത്തി. വീട്ടുസാമാനങ്ങൾ വിററു

കിട്ടിയ ഒന്നുരണ്ടു വെള്ളിനാണ്യങ്ങളുമായി അവർ ആ മഹാപ്രസ്ഥാനമാരംഭിച്ചു.

അവർ തീവണ്ടിയിൽ കയറി ക്യാങ്ങ്സുനഗരത്തിലെത്തി. കുറച്ചു ചെമ്പുനാണ്യം കൊടുത്തു കുറേ പായ വാങ്ങി തെരുവിൽ ഒരു മറവുണ്ടാക്കി അവിടെ പാർത്തു. അടുത്തൊരു സ്ഥലത്ത് കഞ്ഞിപ്പകച്ച്യയുണ്ടായിരുന്നു. ഒരു ചെമ്പുനാണ്യം കൊടുത്താൽ അവിടെവെച്ചു വയറു നിറയെ കഞ്ഞികുടിക്കാം. ഒടുവിലത്തെ കാലണ തീരുന്നതുവരെ അങ്ങനെ കഴിഞ്ഞു. പിന്നെ അവർക്കു ഭിക്ഷ യാചിക്കയല്ലാതെ നിർവ്വാഹമില്ലെന്നായി. ഓലാനും കിഴവനും കുട്ടികളും തെരുവീഥിയിൽ ചെന്നിരുന്നു, "പിച്ചതരണേ!" എന്നു നിലവിളിച്ച് ആഹാരത്തിന്നുള്ള വക സമ്പാദിച്ചു. വാങ്ങ്ലങ്ങ് ഭിക്ഷ യാചിക്കാൻ പോയില്ല. അവൻ റിക്ഷാവണ്ടി വലിക്കാൻ പരിശീലിച്ചു. അങ്ങനെ അവർ വയറു പുലർത്തി. കുട്ടികൾ ഇരക്കുന്നതിലെക്കാൾ സാമർത്ഥ്യം കക്കുന്നതിലാണു കാണിച്ചത്. തള്ള കണ്ണു ചിമ്മി. വാങ്ങ്ലങ്ങിനുമാത്രം അതു രസിച്ചില്ല. ഒരുനാൾ ഭക്ഷണത്തിന്നിരിക്കുമ്പോൾ കാബേജ്കൂട്ടാനിൽ ഒരു വലിയ പന്നിയിറച്ചിക്കഷണം കിടക്കുന്നതു കണ്ടു് വാങ്ങ്ലങ്ങ്, "ഇന്നു നിനക്കു് ഏതെങ്കിലും ഒരു വെള്ളക്കാരൻ ഭിക്ഷ തന്നിട്ടുണ്ടാകണം," എന്നു് അത്ഭുതത്തോടെ പറഞ്ഞു. പണ്ടു തങ്ങളുടെ കിഴവൻകാളയെ അറുത്തു തിന്നതിൽപ്പിന്നെ അവർ ഇറച്ചിയുടെ രുചി അറിഞ്ഞിട്ടില്ല.

അപ്പോൾ ഏററവും ഇളയ ചെക്കൻ അഭിമാനവും ഉശിരും കലന്ന സ്വരത്തിൽ പറഞ്ഞു: "അല്ലല്ലാ, ആ

ഇറച്ചി എൻേറതാണ്. കസായിയുടെ അടുക്കൽനിന്നു ഞാൻ കട്ടതാണ്."

വാങ്ങ്ലങ്ങിന്നു് അരിശംവന്നു. "ഇതു ഞാൻ തിന്നില്ല." അവൻ അലറി. "ഞാൻ ഇരന്നു കിട്ടിയതു തിന്നും; കട്ടതു തൊടുകയില്ല. നമ്മൾ പിച്ചക്കാരായാലും കള്ളന്മാരാകരുതു്." അത്രയും പറഞ്ഞു് അവൻ ആ മാംസക്കഷണം രണ്ടു വിരലുകൊണ്ടെടുത്തു നിലത്തേയ്ക്കെറിഞ്ഞു.

ഓലാൻ, അതു കണ്ടു് ഓടിവന്നു് ഇറച്ചിക്കഷണം എടുത്തു കഴുകി വീണ്ടും പാത്രത്തിലേക്കുതന്നെ ഇട്ടു പറഞ്ഞു: "കൊണ്ടാലും, കട്ടാലും ഇറച്ചി ഇറച്ചിതന്നെയാണ്."

* * *

വാങ്ങ്ലങ്ങിൻെറ ഭാര്യയും മക്കളും അങ്ങനെ ഭിക്ഷയാചിച്ചുകൊണ്ടു നാൾ കഴിച്ചു. റിക്ഷാവണ്ടി വലിച്ച് അവനും കുറച്ചു കാശുണ്ടാക്കും. വസന്തം വന്നപ്പോൾ വിദൂരസ്ഥമായ തൻെറ നിലങ്ങളെക്കുറിച്ച് അവൻ വിഷാദത്തോടെ സ്മരിച്ചു. ഏതൊരു കാലത്താണാവോ താനിനി ആ നല്ല ഭൂമിയെ വീണ്ടും സന്ദർശിക്കുക!

അവർ പാർത്തിരുന്ന ചെററക്കുടിലിനോടു തൊട്ടുള്ള വലിയ കന്മതിലിനപ്പുറത്തായി ഒരു കോടീശ്വരൻെറ കുടുംബം പാർത്തിരുന്നു. കൊട്ടാരതുല്യമായ ആ വിശാലസൗധത്തിലുള്ള അളവററ ദ്രവ്യത്തെക്കുറിച്ച് ജനങ്ങൾ പല ഐതിഹ്യങ്ങളും പറഞ്ഞുപരത്തിയിരുന്നു.

ഒരുദിവസം പെട്ടെന്നു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ദരിദ്രരും പട്ടിണിക്കാരുമായ ജനങ്ങൾ ഒത്തൊരുമിച്ച്

ആ കെട്ടിടത്തെ ആക്രമിച്ചു. ലഹളയും കൊള്ളയും അവിടത്തെ പടിവാതിൽ പൊളിച്ചു. ജനങ്ങൾ ആർത്തുവിളിച്ച് ആർത്തിയോടെ അതിനകത്തേയ്ക്കു തുരുതുരെ പാഞ്ഞുകയറി. വാങ്ങ്ലങ്ങും ഭാര്യയും ആ ഒഴുക്കിൽപ്പെട്ട് അകത്തേക്കു തള്ളപ്പെട്ടു.

ഭാഗ്യം അവരെ കടാക്ഷിച്ചു എന്നേ പറയേണ്ടൂ. ഓലാന്ന് കുറേ രത്നങ്ങളും, വാങ്ങ്ലങ്ങിന്ന് കുറേ സ്വർണ്ണവും കൈക്കലാക്കാൻ സാധിച്ചു.

പിറേറന്നുതന്നെ അവർ സ്വദേശത്തേയ്ക്കു തിരിച്ചു. ഇനി അവർക്ക് ഇരന്നും പട്ടിണികിടന്നും കാലംകഴിക്കണ്ട. അവർ രാജാക്കന്മാരെപ്പോലെ ധനികരാണ്. പക്ഷേ, ആ പൊന്നും രത്നങ്ങളും അങ്ങനെ വെച്ചുകൊണ്ടിരിക്കാൻ വാങ്ങ്ലങ്ങ് ഇഷ്ടപ്പെട്ടില്ല. അവൻ അവയെല്ലാം വിററു മാറി നിലംവാങ്ങി. ഹ്വാങ്ങ് കുടുംബത്തിൻെറ ജന്മസ്ഥലങ്ങൾ മുഴുവനും അവൻെറ സ്വന്തമായിത്തീർന്നു. അവൻ വലിയൊരു ഗൃഹം പണിയിച്ചു. 'കൃഷിക്കാരൻ വാങ്ങ്ലങ്ങ്' ഇപ്പോൾ മാന്യനായ ഒരു ധനികനാണ്. അവൻ തൻെറ മൂത്ത രണ്ടുകുട്ടികളെ സ്കൂളിലേയ്ക്കയച്ചു.

ധനം വർദ്ധിച്ചപ്പോൾ വാങ്ങ്ലങ്ങിന്ന് അഹംഭാവവും ആഡംബരഭ്രമവും സുഖലാലസയും വർദ്ധിച്ചു. അവൻ ചായക്കടയിൽനിന്നു മദ്യശാലയിലേയ്ക്കു മാറിക്കയറി. വൈകുന്നേരം വേശ്യാലയങ്ങളെ അന്വേഷിച്ചു നടന്നു തുടങ്ങി.

ഓലാൻ ഇരട്ട പ്രസവിച്ചു.

വാങ്ങ്ലങ്ങിൻെറ ജീവിതത്തിൽവന്ന പുതിയ പരിവർത്തനങ്ങളുടെ രസകരമായ പ്രതിപാദനമാണ്

പിന്നത്തെ കുറെ അദ്ധ്യായങ്ങൾ—വിത്തപ്രൗഢിയുടെ വിവിധങ്ങളായ വിക്രിയകളുടെ വിവരണങ്ങൾ.

അംബുജം എന്ന പേരായ ഒരു വേശ്യയിൽ വാങ്ങ് ലങ്ങ് മുച്ചൂടും ഭ്രമിച്ചുവശായി. അവൾക്കുവേണ്ടി അവൻ ധനം കോരിച്ചൊരിഞ്ഞു. അവളെ പ്രീതിപ്പെടുത്താൻവേണ്ടി അവൻ തന്റെ പിൻകുടുമ മുറിച്ചു. പട്ടുടുപ്പുകളണിഞ്ഞു്, സുഗന്ധദ്രവ്യങ്ങൾ പൂശി, ആ സാധുകൃഷിക്കാരൻ ഒരു പച്ചക്കാമദേവനായി പുറപ്പെട്ടുപോകും.

അവൻ സമ്പാദിച്ചുവെച്ച വെള്ളിനാണ്യങ്ങളെല്ലാം അങ്ങനെ ആ വേശ്യാഗൃഹത്തിലേയ്ക്കു് ഒഴുകിത്തുടങ്ങി. അംബുജം നിത്യമെന്നപോലെ ഓരോ പുതിയ ആഭരണം ആവശ്യപ്പെടും. വാങ്ങ്ലങ്ങിന്നു നിഷേധിക്കാൻ മനഃക്കരുത്തില്ല. അവൻ അവൾക്കു് എല്ലാം കൊടുത്തു. തന്റെ ഭർത്താവിന്റെ പുറംപോക്കുകളെക്കുറിച്ചു് ഓലാനും അറിവുകിട്ടി. പക്ഷേ, അവളൊന്നും പറയാൻ ധൈര്യപ്പെട്ടില്ല. താൻ അഞ്ചെട്ടു പെറവുമാറു് പതിഞ്ഞ ഒരു വിരൂപയായിത്തീർന്നിട്ടുണ്ടെന്ന ഭയങ്കരമായ പരമാർത്ഥം അവളെ മൂകയാക്കി.

ഒരുനാൾ ഓലാൻ കുളക്കരയിൽവെച്ചു വസ്ത്രങ്ങൾ അലക്കിക്കൊണ്ടിരിക്കെ വാങ്ങ്ലങ്ങ് അവളെ സമീപിച്ചു്, ഒരു മുഷിഞ്ഞ പരുത്ത സ്വരത്തിൽ ചോദിച്ചു:

"നിന്റെ കൈയിലുള്ള ആ ജോടി മുത്തെവിടെ?"

(ആ കൊള്ളയിൽ തനിക്കു കിട്ടിയ രത്നങ്ങളിൽനിന്നു് ഒരുജോടി മുത്തുമാത്രമേ ഓലാൻ സ്വന്താവശ്യത്തിന്നു് എടുത്തിരുന്നുള്ളു. സ്ത്രീസഹജമായ ആഭരണക്കൊതി

കൊണ്ടു് അവളതു പൊതിഞ്ഞു് എപ്പോഴും മാറിൽ ഭദ്രമായി സൂക്ഷിച്ചുകൊണ്ടു് നടന്നിരുന്നു.)

തിരുമ്മിക്കൊണ്ടിരുന്ന വസ്ത്രത്തിൽനിന്നു മിഴിയുയർത്തി ഒരു പതിഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു: "മുത്തോ? എന്റെ കൈയിലുണ്ടു്."

അവളുടെ നനഞ്ഞു ചുളിഞ്ഞ കൈകളിലേയ്ക്കു നോക്കിക്കൊണ്ടു് വാങ്ങ്ലങ്ങ് നൊടിഞ്ഞു: "വെറുതെ സൂക്ഷിച്ചിട്ടെന്താണൊരു ഫലം?"

അവൾ മൃദുസ്വരത്തിൽ ഉരിയാടി: "എന്റെ കാതിലേയ്ക്കു് ഒരാഭരണം തീർക്കാൻവേണ്ടി വെച്ചുകൊണ്ടിരിക്കയാണു്..."

പിന്നെ അതുകേട്ടു് അവൻ പരിഹസിച്ചു ചിരിക്കുമോ എന്നു ഭയന്നു് അവൾ കൂട്ടിപ്പറഞ്ഞു: "ചെറിയപെണ്ണിന്റെ കല്യാണദിവസത്തേയ്ക്കു് വച്ചുകൊണ്ടിരിക്കയാണു്."

അവൻ ക്രൂരതയോടെ ഉറക്കെപ്പറഞ്ഞു: "ആ മണ്ണുപോലെ കറുത്ത പെണ്ണിന്നെന്തിനാണു മുത്തു്? മുത്തു് സുന്ദരികൾക്കേ ചേരൂ! ഇങ്ങോട്ടെടുക്കൂ, എനിക്കതാവശ്യമുണ്ടു്."

അവൾ മറുത്തൊന്നും പറയാതെ പതുക്കെ തന്റെ നനഞ്ഞു ചുളിഞ്ഞ കൈകൾ മാറിലേയ്ക്കുയർത്തി കഞ്ചുകത്തിന്നടിയിൽനിന്നു് ആ ചെറിയ പൊതിയെടുത്തു് അവന്നു കൊടുത്തു്, അവൻ ആ പൊതിയഴിക്കുന്നതും മിഴിച്ചുനോക്കി നിന്നു. മുത്തുകൾ അവന്റെ കൈത്തലത്തിൽ കിടന്നു വെയിൽതട്ടി മിന്നി. അവൻ ഒന്നു ചിരിച്ചു.

ഓലാൻ വീണ്ടും വസ്ത്രമലക്കുവാൻതുടങ്ങി. അവളുടെ

മിഴികളിൽനിന്നു കനത്ത കണ്ണീർക്കണങ്ങൾ പതുക്കെ വഴുതിത്തുടങ്ങി. അവ മാച്ചുവാൻ അവൾ കൈയുയ ർത്തിയില്ല. അവൾ, കല്ലിന്മേൽ വിരിച്ച തുണി ഒരു വ ടികൊണ്ടു താളത്തിൽ തല്ലിക്കൊണ്ടുതന്നെയിരുന്നു.

വാങ്ങ്ലങ്ങിന്നു് അംബുജത്തെ തീരെവിട്ടുപിരിഞ്ഞു കൂടെന്നായി. ഒടുവിൽ അവൻ വലിയ ധനികന്മാർ ചെ യ്യാറുള്ളതുപോലെ അവളെ സ്വഗൃഹത്തിൽ കൊണ്ടുവ ന്നു് ഒരു പ്രത്യേകസ്ഥലത്തു് അത്യാഡംബരപൂർവ്വം താമ സിപ്പിച്ചു.

സാധ്വിയായ ഓലാന്നു് തടുക്കാൻ കഴിഞ്ഞില്ല. ഒരു മൂകമൃഗത്തെപ്പോലെ അവൾ എല്ലാം സഹിച്ചു. കിഴവൻ മാത്രം അംബുജത്തിന്നു ബാലിശമായ ഉപദ്രവങ്ങൾ ഉ ണ്ടാക്കിക്കൊണ്ടിരുന്നു. അവളുടെ മുറിയുടെ സമീപം ചെ ന്നുനിന്നു് 'തേവിടിശ്ശി!' എന്നു് ഉറക്കെ വിളിക്കുക, അ വൾക്കുവേണ്ടി നിർമ്മിച്ച കുളത്തിൽ കല്ലെറിഞ്ഞു സ്വർണ്ണ മത്സ്യങ്ങളെ പേടിപ്പെടുത്തുക, അവളുടെ മണിയറയിൽ തുപ്പിനാററിക്കുക—ഇവയെല്ലാമായിരുന്നു ആ വെറിയൻ കിഴവൻെറ വികൃതികൾ.

വാങ്ങ്ലങ്ങ് രാപ്പകൽ ഒരുപോലെ ആ കൊച്ചു തേവിടിശ്ശിയുടെ അടിമയായിക്കഴിഞ്ഞുവെങ്കിലും, വെള്ള പ്പൊക്കംകഴിഞ്ഞു് വയലുകളിലും കരകളിലും വിത്തിറ ക്കാൻ കാലമായപ്പോൾ അവൻ ആ പഴയ ആഹ്വാനം കേട്ടു. അവന്നു് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അവൻ പട്ടുകുപ്പായവും സൂര്യകാന്തിപ്പട്ടുചെരിപ്പും ദൂരെവലിച്ചെറി ഞ്ഞു, "കന്നെവിടെ, കരിയെവിടെ, വിത്തെവിടെ, കൈ യ്ക്കോട്ടെവിടെ, കൃഷിക്കാരെ—ക്രൂയ്" എന്നാട്ടഹസിച്ചു

കൊണ്ടു് ഗ്രാമീണരെ വിളിച്ചുകൂട്ടി അവരോടൊപ്പം വയലിലെ ചളിയിലേയ്ക്കു കാലുറയും വലിച്ചുകയററി വേലയ്ക്കിറങ്ങി.

അക്കൊല്ലം വിള വളരെ നന്നായിവന്നു. അവർ ആഹ്ലാദത്തോടെ കൊയ്ത്തുകാലം കാത്തുകൊണ്ടിരിക്കെ അതാ ഒരത്യാഹിതം—വെട്ടുകിളികൾ! അതിവിസ്തൃതമായ ഒരു കറുത്ത മേഘപടലംപോലെ, ആ കോടാനുകോടി ജീവികളുടെ കൂട്ടം ആകാശം മൂടിക്കളഞ്ഞു. കൃഷിക്കാർ ഭയപ്പെട്ടു് അങ്ങുമിങ്ങും പാഞ്ഞുനടന്നു. അവയെ നശിപ്പിക്കാൻവേണ്ടി അവർ വിളഞ്ഞുകിടന്നിരുന്ന ധാന്യവയലുകൾ കുറെ തീവെച്ചു. ആയിരക്കണക്കിൽ വെട്ടുകിളികൾ അങ്ങനെ നശിച്ചുവെങ്കിലും, സംഘത്തിലെ ഭൂരിഭാഗവും വിധ്വംസനജോലിയിലേർപ്പെട്ടു. അവ പോയ്ക്കഴിഞ്ഞപ്പോൾ വാങ്ങ്ലങ്ങ് തൻെറ കൃഷിസ്ഥലങ്ങളെ പരിശോധിച്ചു. വിചാരിച്ചത്ര നാശമൊന്നും വാങ്ങ്ലങ്ങിന്നു പററിയിരുന്നില്ല.

ജനങ്ങൾ ചത്ത വെട്ടുകിളികളെ പെറുക്കിക്കൊണ്ടുപോയി വറുത്തുതിന്നു.

തൻെറ മൂത്തമകൻ അംബുജത്തിൻെറനേക്കു് കണ്ണുവെച്ചുതുടങ്ങുന്നുണ്ടെന്നു കണ്ടു് ക്രുദ്ധനായിത്തീർന്ന വാങ്ങ്ലങ്ങ് അവനെ ഉപരിവിദ്യാഭ്യാസത്തിന്നായി തെക്കൻദിക്കിലേയ്ക്കയച്ചു. രണ്ടാമത്തെ മകനെ കച്ചവടപരിശീലനത്തിന്നായി ഒരു ധനികനായ ധാന്യക്കച്ചവടക്കാരൻെറ കീഴിൽ നിർത്തി. ആ കച്ചവടക്കാരൻെറ മകളെത്തന്നെ മൂത്തമകന്നു വിവാഹംചെയ്തുകൊടുക്കാൻ നിശ്ചയിക്കയും ചെയ്തു.

വാങ്ങ്ലങ്ങിന്റെ ഇളയപെൺകുട്ടി ഒരു പൊട്ടത്തിയായിരുന്നു; ഒന്നും മിണ്ടാതെ എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു മന്തി. മുണ്ടിന്റെ തലയ്ക്കൽ കെട്ടിടുക, അഴിക്കുക; അതാണ് അവളുടെ വിനോദം.

വാങ്ങ്ലങ്ങിന്റെ മൂത്തമകൻ പരിഷ്കാരപ്രിയനായ ഒരു ധാരാളിയായിരുന്നു. രണ്ടാമത്തെ മകൻ നേരെ വിപരീതവും; അവൻ കച്ചവടത്തിൽ കണ്ണുകണ്ട ഒരു പിശുക്കനാണ്. അനാവശ്യമായി ഒരുകാശു ചെലവാക്കില്ല. അക്കാരണത്താൽ ആ ജ്യേഷ്ഠാനുജന്മാർ തമ്മിൽ എപ്പോഴും വഴക്കായിരുന്നു.

തനിക്കുവേണ്ടി തിരഞ്ഞെടുക്കേണ്ടുന്ന ഭാര്യ എങ്ങനെയുള്ളവളായിരിക്കണമെന്നു ഇളയവൻ അച്ഛനോടു പറയുന്നു: "വളരെ ഭൂസ്വത്തുക്കളുള്ള ഒരു ഗ്രാമീണകുടുംബത്തിലെ കന്യകയെയാണ് എനിക്കു വേണ്ടതു്. നല്ലൊരു തുക സ്ത്രീധനമായി കിട്ടണം. അവൾ വളരെ സൗന്ദര്യവതിയായിരിക്കരുതു്. വിരൂപയാവാനും പാടില്ല. അവൾക്കു നന്നായി ഭക്ഷണം പാകംചെയ്യാൻ വശമുണ്ടായിരിക്കണം. വീട്ടിൽ പാചകന്മാരുണ്ടായാലും അവരുടെ മേൽനോട്ടം വഹിക്കാനുള്ള കെല്പ് വേണം. അവൾ വെയ്ക്കാൻ അരിവാങ്ങിയാൽ ആവശ്യത്തിലധികം ഒരു പോങ്ങപോലും ബാക്കികാണരുതു്. അവൾ വസ്ത്രങ്ങൾ വാങ്ങി തുന്നിയാൽ ഉള്ളുകയ്യിൽ കൊള്ളുന്നതിലധികം ഒരു ചെറിയ തുണ്ടംപോലും ബാക്കിയുണ്ടാകാൻ പാടില്ല......അങ്ങനെയുള്ള ഒരു പെണ്ണിനെയാണ് എനിക്കു ഭാര്യയായി തിരഞ്ഞെടുക്കേണ്ടതു്."

വാങ്ങ്ലങ്ങ് മകനു് അങ്ങനെയുള്ള ഒരു ഭാര്യയെ

കണ്ടുപിടിക്കുവാൻ സ്നേഹിതനായ ചിങ്ങിനെ ചുമതലപ്പെടുത്തി.

ആ അവസരത്തിലാണ് ഓലാൻ ദീനംപിടിച്ചു കിടപ്പിലായതു്. താൻ മരിക്കുന്ന കാര്യം തീർച്ചയാണെന്നും അതുകൊണ്ടു വൈദ്യന്മാർക്ക് പണം കൊടുക്കരുതെന്നും, ആ പണംകൊണ്ട് പുതിയ നിലങ്ങൾ വാങ്ങാമെന്നും ആ ശുദ്ധഹൃദയയായ ഗ്രാമീണസ്ത്രീ, മരണശയ്യയിൽവെച്ച് ഭർത്താവിനെ ഉപദേശിച്ചു. വാങ്ങ്ലങ്ങ് സമ്മതിച്ചില്ല. അവന്ന് അംബുജത്തോടുള്ളതുപോലെ തീക്ഷ്ണമായ പ്രേമം ഓലാൻെറ നേരെ കാണിക്കാൻ കഴിഞ്ഞിരുന്നില്ലെന്നതു വാസ്തവംതന്നെ; പക്ഷെ, ആ അദ്ധ്വാനശീലയായ ഗൃഹിണിയോട്ട് അവന്ന അഗാധമായ അനുകമ്പയും ആദരവുമുണ്ടായിരുന്നു.

മൂത്തമകൻെറ വിവാഹം ആഘോഷത്തോടെ നടന്നു. ഓലാൻ ആനന്ദത്തോടെ അതെല്ലാം കണ്ടുകിടന്നു. അവളുടെ ജീവിതം തൃപ്തിയടഞ്ഞു. പുത്രനും പുത്രവധുവിന്നും അനുഗ്രഹങ്ങളും ഉപദേശങ്ങളും നല്കി അവൾ ക്ഷീണിച്ചു മയങ്ങിക്കിടന്നു.

"ഞാൻ വിരൂപയാണെങ്കിലും ഞാൻ പുത്രന്മാരെ പെററുവളർത്തിട്ടുണ്ട്." എന്ന അവസാനജല്പനത്തോടെ അവൾ ദീർഘനിദ്ര പ്രാപിച്ചു.

വാങ്ങ്ലങ്ങ് മുൻകൂട്ടിത്തന്നെ ഒരു കറുത്ത ശവപ്പെട്ടി വാങ്ങിവെച്ചിരുന്നു. ഓലാനെ കുളിപ്പിച്ചു ശവപ്പെട്ടിയിൽകിടത്തി. ശവസംസ്കാരത്തിന്നു മൂന്നുമാസത്തിന്നുശേഷമേ മുഹൂർത്തമുണ്ടായിരുന്നുള്ളു. അവൻ ശവപ്പെട്ടി അടുത്തൊരു ക്ഷേത്രത്തിൽ സൂക്ഷിച്ചുവെച്ചു. ആ കുടുംബത്തെ

മരണം വീണ്ടും സന്ദർശിച്ചു. അർദ്ധപ്രാണനായി കിടന്നിരുന്ന കിഴവനും മരിച്ചു.

രണ്ടുപേരേയും സംസ്കരിച്ചതു് ഒരേ ദിവസമാണു്. തൻെറ കുടുംബത്തിൻെറ സ്വന്തം ശ്മശാനമായി, അവൻ ഒരു കുന്നിൻചെരിവിൽ ഒരു സ്ഥലം നീക്കിവെച്ചു. തന്റെ വൃദ്ധനായ പിതാവിനേയും ഭാര്യയേയും അവിടെ അടുത്തടുത്തു സംസ്കരിച്ചു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഭയങ്കരമായ വെള്ളപ്പൊക്കംകൊണ്ടു വയലുകളിലെ വിളയെല്ലാം ചീഞ്ഞൊഴുകിപ്പോയി. നദി കരകവിഞ്ഞൊഴുകി വീടുകളെല്ലാം നശിച്ചു: ജനങ്ങൾ തെക്കോട്ടോടി രക്ഷപ്രാപിച്ചു. അതിനെത്തുടൎന്നു വീണ്ടും ക്ഷാമബാധയുണ്ടായി.

വാങ്ങ്ലങ്ങും കുടുംബവും ഒരിടത്തും പോയില്ല. ജനങ്ങൾ മടങ്ങിവന്നപ്പോൾ അവരുടെ സ്വത്തുക്കളെല്ലാം നശിച്ചുകഴിഞ്ഞിരുന്നു. കൃഷി തുടരാൻ പണമില്ല. വലിയ പലിശയ്ക്കു, വാങ്ങ്ലങ്ങ് പണം കടംകൊടുത്തു. അനേകമാളുകൾ തങ്ങളുടെ ഭൂസ്വത്തുക്കളുടെ ഓരോ ഭാഗം വിററു. വാങ്ങ്ലങ്ങ് അവയെല്ലാം വിലകൊടുത്തു വാങ്ങി. ഭൂമി വില്ക്കാനില്ലാത്തവർ സ്വന്തം പെൺമക്കളെ വിററു. വാങ്ങ്ലങ്ങ് അഞ്ചു് അടിമപ്പെൺകുട്ടികളെ വാങ്ങി.

അവൻെറ മൂത്തമകന്നു് ഒരു കുട്ടിജനിച്ചു—ഒരാൺകുട്ടി. രണ്ടാമത്തെ മകളുടെ വിവാഹനിശ്ചയം കഴിഞ്ഞു, മൂത്തമകൻെറ ശ്വശുരനായ ധാന്യക്കച്ചവടക്കാരൻെറ മകനുതന്നെ. രണ്ടാമത്തെ മകന്റെ വിവാഹവും കഴിഞ്ഞു. അങ്ങനെ അഞ്ചുവൎഷത്തിന്നുള്ളിൽ വാങ്ങ്ലങ്ങിന്നു നാലു പൗത്രന്മാരും മൂന്നു പൗത്രികളും ഉണ്ടായി. അവരുടെ

കളിയും ചിരിയും കൊണ്ടു് വീടു് ആഹ്ലാദഭരിതമായി. ഇപ്പോറം ഒരു കിഴവനായിത്തീന്ന വാങ്ങ്ലങ്ങ് ശരിയായ ശാന്തിയും സംതൃപ്തിയും കുടുംബസുഖവും അനുഭവിച്ചുകൊണ്ടു് സമാധാനത്തോടെ ദിവസങ്ങറം കഴിക്കാമെന്നു വിചാരിച്ചു.

എന്നാൽ ഗൃഹത്തിൽ ശരിയായ സമാധാനം ഉണ്ടായിക്കണ്ടില്ല. മൂത്തമകൻെറ നാഗരികഭാൎയ്യയും രണ്ടാമത്തവൻെറ ഗ്രാമീണഭാൎയ്യയും തമ്മിൽ എപ്പോഴും വഴക്കുകൂടിക്കൊണ്ടിരുന്നു. കൂടാതെ മററൊരു സംഭവംകൂടി ഉണ്ടായി. വാൎദ്ധക്യത്തിൽ എങ്ങനെയാണു തനിക്കു് അങ്ങനെയൊരാശ ഉണ്ടായതെന്നു് വാങ്ങ്ലങ്ങ്തന്നെ അത്ഭുതപ്പെട്ടു. ക്ഷാമകാലത്തു് അവൻ വിലയ്ക്കുവാങ്ങിയ ഒരടിമപ്പെണ്ണു് ആ വീട്ടിൽ അംബുജത്തിൻെറ ദാസിയായിപ്പാൎത്തിരുന്നു. കേവലം പതിനാലുവയസ്സായ ആ കൊച്ചുബാലികയെ സ്വന്തം വെപ്പാട്ടിയാക്കിവെയ്ക്കാൻ വാങ്ങ്ലങ്ങ് ആഗ്രഹിച്ചു. അംബുജത്തിന്നു് ഒരു സ്വൎണ്ണഘടികാരവും മററും വാങ്ങിക്കൊടുത്തു് അവളുടെ അനുമതി വാങ്ങി വാങ്ങ്ലങ്ങ് 'പീച്ച്പുഷ്പം' എന്നു പേരായ ആ അടിമയെ വെപ്പാട്ടിയാക്കി. വാങ്ങ്ലങ്ങിൻെറ ഏററവും ഇളയ പുത്രൻ ഒരു മക്കടമുഷ്ടിക്കാരനായിരുന്നു. പീച്ച്പുഷ്പത്തെ തനിക്കു വേണമെന്നു് അവൻ അച്ഛനോടു മുമ്പു പറഞ്ഞപ്പോറം അന്നു് അച്ഛൻ അവനെ തെമ്മാടിയെന്നും മററും വിളിച്ചു ശകാരിച്ചു പറഞ്ഞയയ്ക്കുയാണുണ്ടായതു്. ഇപ്പോറം താൻ കൊതിച്ച പുഷ്പത്തെ അച്ഛൻതന്നെ തട്ടിയെടുത്തതു കണ്ടു് അവൻ ക്രോധിച്ചു. ഇനി വീട്ടിലേയ്ക്കു മടങ്ങിവരില്ലാ എന്നു ശപഥംചെയ്തു. നേരെ പട്ടാള

ത്തിൽ പോയിച്ചേൎന്നു. ഇങ്ങനെയുള്ള ചില്ലറക്കാൎയ്യങ്ങൾ വാങ്ങ്ലങ്ങിനെ പീഡിപ്പിച്ചുവെങ്കിലും, തൻെറ പേരമക്കളുടേയും മനോഹരിയായ പീച്ച്പുഷ്പത്തിൻെറയും മുമ്പിൽ അവൻ ആഹ്ലാദഭരിതനായി ദിവസങ്ങൾ കഴിച്ചു. വയസ്സുകാലത്തുള്ള പ്രേമം ക്ഷണനേരംകൊണ്ടു തൃപ്തിയടയുന്നതാണെന്ന് ആ കിഴവൻ സമൎത്ഥിക്കുന്നു. 'അതു കാമത്തിൻെറ ഒരു പട്ടതിരികത്തലാണ്.'

പ്രായം വൎദ്ധിച്ചപ്പോൾ വാങ്ങ്ലങ്ങ് എല്ലാ കാൎയ്യങ്ങളും നോക്കിനടക്കുവാൻ മക്കളെ ഏല്പിച്ചു സ്വസ്ഥമായി ഒരിടത്തിരുന്നു. ഒരു ദിവസം, ഏതോ ഒരു നിലം വില്ക്കുന്ന കാൎയ്യത്തെപ്പററി മക്കൾ തമ്മിൽ സ്വകാൎയ്യം സംസാരിക്കുന്നതു് വാങ്ങ്ലങ്ങിന്നു കേൾക്കാനിടയായി. ആ വൃദ്ധൻ പിടഞ്ഞെണീററു തലയിൽ കൈവെച്ച് ഉദ്വേഗത്തോടെ ഉറപ്പിച്ചു പറഞ്ഞു: "എന്തു്? നിലം വില്ക്കുകയോ? ദുഷ്ടജന്തുക്കളേ, മടിയന്മാരേ, നിലം വില്ക്കുകയോ? എന്നാൽ നിങ്ങൾക്കു നാശം അടുത്തിരിക്കുന്നു, തീൎച്ച. സ്വന്തം ഭൂമി വില്ക്കാൻ തുടങ്ങിയാൽ ആ കുടുംബത്തിന്റെ നാശം അടുത്തു എന്നാണൎത്ഥം. നമ്മൾ ഉണ്ടായതു് ആ നിലത്തുനിന്നാണ്. ആ നിലത്തോടുതന്നെ നാം അടിഞ്ഞുചേരുകയും വേണം. നിങ്ങൾ നിലം വെച്ചുകൊണ്ടിരുന്നാൽ നിങ്ങൾക്കു ജീവിക്കാം—ആൎക്കും നിങ്ങളുടെ ബലം അപഹരിച്ചെടുക്കാൻ സാധിക്കില്ല." ആ കിഴവൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അതു് കവിളിലൂടെ ഒഴുകി. അവൻ കുനിഞ്ഞുനിന്ന് ഒരു പിടി മണ്ണു വാരി പ്രേമത്തോടെ കൈയിൽ വെച്ചു പിറുപിറുത്തു: "നിലം വിററാൽപ്പിന്നെ എല്ലാം കഴിഞ്ഞു!"

മക്കൾ പരിഭ്രമിച്ചു; പശ്ചാത്തപിച്ചു; അവർ അച്ഛനെ സമാശ്വസിപ്പിച്ചു: "ഇല്ലച്ഛാ. തെററിപ്പോയി. ഞങ്ങൾ ഒരിക്കലും നിലം വില്ക്കുകയില്ല."

അങ്ങനെ ഈ കഥ തല്ക്കാലം അവസാനിക്കുന്നു.*

വാങ്ങ്ലങ്ങിൻെറ പഴയ ചങ്ങാതിയും സഹായിയും വേലക്കാരുടെ മേലധികാരിയുമായ ചിങ്ങ്, അവൻെറ അമ്മാമനും 'ചുകന്ന താടിക്കാർ' എന്ന കവർച്ചസ്സംഘത്തിൻെറ തലവനുമായ ചിൻ, അവൻെറ വെപ്പാട്ടിയായ അംബുജത്തിൻെറ സഖിയായ 'കുയിൽ,' അവൻെറ അമ്മാമൻെറ തെമ്മാടിയായ മകൻ മുതലായവർ കഥാഗതിക്കു സജീവമായൊരു രസം വിതരണം ചെയ്യുന്ന പാത്രങ്ങളാണ്.

ജീവിതം എങ്ങനെയിരിക്കണം എന്നല്ല ജീവിതം എങ്ങനെയാണെന്നു കാണിക്കുന്ന മഹത്തായൊരു ഗ്രന്ഥമാണ് 'നല്ല ഭൂമി.' മനുഷ്യസാധാരണങ്ങളായ കുററങ്ങളും കുറവുകളും ചീത്തത്തങ്ങളും ഇതിലെ ഏതൊരു കഥാപാത്രത്തിലും കാണാം. നമുക്കവരോടു കേവലം അനുകമ്പയല്ലാതെ വെറുപ്പു തോന്നുകയില്ല.

ഇതിലെ പല രംഗങ്ങളും, ചൈനയെപ്പോലെതന്നെ ഒരു കാഷികരാജ്യമായ ഇന്ത്യയിലെ ഉൾനാട്ടുകളിലും സംഭവിക്കാവുന്നവയത്രെ. അതു ഭാരതീയരായ അനുവാചകന്മാൎക്ക് ഈ ഗ്രന്ഥത്തോടു പ്രത്യേകമൊരു മമതയ്ക്കു കാരണമാകുന്നുണ്ട്.

---

* 'പുത്രന്മാർ' (Sons) എന്ന മറെറാരു നോവലിൽ, ഗ്രന്ഥകത്രി ഈ കഥ തുടൎന്നുപറയുന്നുണ്ട്.

ചൈനയിലെ കുടുംബജീവിതത്തിന്റെ യഥാതഥമായ ഒരു ചിത്രീകരണമാണ് ഈ നോവൽ. ബൈബിളിലേതുപോലെ ശുദ്ധവും ലളിതവും ഹൃദ്യവുമായ ഭാഷ; തുറന്ന പ്രതിപാദനം; സൂക്ഷ്മാവലോകജന്യമായ കൃത്തവിവരണം; ഗ്രാമീണമനഃശാസ്ത്രത്തിന്റെ രസാവഹമായ പ്രതിഫലനം—ഇവയാൽ ആദ്യന്തം ഹൃദയസ്പൃക്കായ ഈ ഗ്രന്ഥത്തെ, ചൈനാജീവിതത്തിന്റെ ഒരു പുതിയ ബൈബിൾ എന്നുതന്നെ വിളിക്കാം.

★

546

546

JAVAHAR SAMARAK

# പുതിയ പുസ്തകങ്ങൾ

| | |
|---|---|
| എം. പി. പോൾ—മിസ്സിസ് എം. പി. പോൾ | 1.50 |
| മൺകോലങ്ങൾ—വിവൎത്തകൻ: അഭയദേവ് | 2.00 |
| പൗരനും ഭരണഘടനയും—എം. രത്നസ്വാമി | 1.00 |
| കട്ടുവാക്കേള്ളു—നാഗവള്ളി | 1.25 |
| അനാഥബാലിക—സി. എ. കിട്ടുണ്ണി | 1.00 |
| നവീനനാടകാദൎശം—മേക്കൊല്ല | 3.50 |
| വൃത്താന്തപത്രപ്രവൎത്തനം—സ്വദേശാഭിമാനി | 2.50 |
| കാട്ടുപൂച്ചകൾ—എൻ. പി. | 1.50 |
| പദ്ധതികൾ അങ്ങനെ പുരോഗമിക്കുന്നു—എൻ. പി. | 1.75 |
| അനിയത്തിയും ചേട്ടത്തിയും—പയ്യംപള്ളി | 3.00 |
| നോത്ര്ദാമിലെ കൂനൻ—വിക്റ്റർ യൂഗോ | 7.00 |
| ഇടുങ്ങിയ വാതിൽ—ആന്ദ്രേജീദ് | 2.25 |
| പ്രവാഹം—പി. കേശവദേവ് | 1.00 |
| വിടവാങ്ങൽ—ബൽസാക് | 1.00 |
| അമൃതാഞ്ജനം—ആനന്ദക്കുട്ടൻ | 1.25 |
| കളിയല്ല—പി. കെ. രാജരാജവൎമ്മ | 1.25 |
| മനുഷ്യരും നദികളും—ഹുമയൂൺ കബീർ | 3.00 |
| നിഴൽ—തിരുവല്ലാ എൻ. കേശവപിള്ള | 1.00 |
| പത്മരാഗം—എസ്. കെ. പൊറ്റെക്കാട്ട് | 1.50 |
| മധുരനാരങ്ങ—വെളൂർ കൃഷ്ണൻകുട്ടി | 1.75 |
| ശ്യാമള—കുറുപ്പംവീട്ടിൽ ഗോപാലപിള്ള | 1.00 |
| ഗ്രാമസീമ—തിരുനയിനാർകുറിച്ചി | 1.50 |
| പഴയതും പുതിയതും—വൈക്കം ചന്ദ്രശേഖരൻനായർ | 1.50 |
| ചരിത്രകേരളം—പി. എ. സെയ്തുമുഹമ്മദ് | 1.00 |

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം തിരുവനന്തപുരം